
WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

പുസ്തകം ൫ | തിരുവനന്തപുരം | ലക്കം ൬



1937 നവംബർ 15, 1113 തുലാം 30, തിങ്കൾ

കാൺഗ്രസ്സും സമുദായ പ്രാതിനിധ്യവാദവും

ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സാണല്ലൊ സമുദായപ്രാതിനിധ്യവാദത്തിനു തീരെ എതിരായി നിൽക്കുന്നതെന്ന് കരുതപ്പെട്ടിരിക്കുന്ന ഒരു നാഷണൽ (ദേശീയ) രാഷ്ട്രീയ സംഘടന. എന്നാൽ കാൺഗ്രസ്സിന്റെ നില എന്തെന്നു നോക്കാം. സമുദായ പ്രാതിനിധ്യവാദം ഉത്ഭവിച്ചതു് 1888-ലാണെന്നു കാൺഗ്രസ്സു തന്നെ പറയുന്നുണ്ട്. കാൺഗ്രസ്സ് ആരംഭിച്ചിട്ട് അപ്പോൾ മൂന്നുകൊല്ലമേ കഴിഞ്ഞിരുന്നുള്ളു. ഈ കണക്കനുസരിച്ചു് നാഷണലിസം (ദേശീയവാദം) ഉത്ഭവിച്ചിട്ട് 52-കൊല്ലവും വർഗ്ഗീയപ്രാതിനിധ്യവാദം ഉത്ഭവിച്ചിട്ട് 49-കൊല്ലവും ആയി എന്നു സ്പഷ്ടമാണല്ലൊ. വർഗ്ഗീയവാദം ഇൻഡ്യയിൽ ആരംഭിച്ചതു മുസ്ലീമിങ്ങളാണ്. അക്കാലംമുതല്ക്കു മുസ്ലീമിങ്ങൾ കാൺഗ്രസ്സിനോടു ഇതുവരെ പൂർണ്ണമായി ഇണങ്ങാത്ത ഒരു പ്രബലമായ ന്യൂനപക്ഷ സമുദായമായിട്ടാണ് നിലനിന്നുവരുന്നതു്. ഈ വർഗ്ഗീയബുദ്ധി ബ്രിട്ടീഷുകാരായ ഭരണാധികാരികളും ഉണ്ടാക്കിത്തീർത്തതാണെന്നും, അതു ലാർഡ് മിന്റോ വൈസ്രായി ആയിരുന്ന കാലത്താണ് ഗവൺമെൻറിനാൽ അംഗീകൃതമായ ഒരു വാദമായിത്തീർന്നതെന്നും, ലാർഡ് കഴ്സൻ ആ വാദത്തിനു ഇൻഡ്യയുടെ രാഷ്ട്രീയഘടനയിൽ ശക്തിയേറിയ ഒരു സ്ഥാനം നൽകിയെന്നും, കാൺഗ്രസ്സുകാരായ നാഷണലിസ്റ്റുകളും ബ്രിട്ടീഷ് ഗവൺമെൻറിനെ അപവദിച്ചു വരുന്നുണ്ട്. എന്നാൽ നാഷനലിസത്തെ തന്നെ ഇൻഡ്യാക്കാരുണ്ടാക്കിത്തീർത്തതു ബ്രിട്ടീഷുകാരാണെന്ന് നാഷനലിസ്റ്റുകളും ഓർക്കുന്നില്ല. മുസൽമാന്മാരെ ഒഴിച്ചാൽ ദേശീയക്കാരായ പ്രബലകക്ഷികളും എന്നു പറയാവുന്നതു ഹിന്ദുക്കളെയാകുന്നു. ഹിന്ദുക്കൾ മാത്രമുള്ള ഒരിൻഡ്യയെ നാഷനലിസം ഉള്ള ഒരു ഇൻഡ്യയായി സങ്കല്പിക്കാൻ കഴിയുമോ എന്നുള്ള കാര്യവും ദേശീയക്കാർ ആലോചിക്കുന്നില്ല. തനി ദേശീയക്കാർ എന്നു പറയുന്നതു ഹിന്ദുക്കളിലെ അരിസ്റ്റോക്രസി എന്നു പറയുന്ന മേൽത്തലാളിവർഗ്ഗവും മദ്ധ്യവർത്തികളിൽ ഉയർന്ന വിഭാഗവും മാത്രമാണ്. ശേഷമുള്ള ഹിന്ദുക്കളെയും, മുസൽമാന്മാരെയും, സിക്കുകാരെയും, ക്രിസ്ത്യാനികളെയും കൂട്ടിച്ചേർത്താൽ ഇൻഡ്യയിലെ മൊത്തം ജനസംഖ്യയിൽ വർഗ്ഗീയവാദികൾക്കാണ് ഭൂരിപക്ഷം എന്നു കാണാവുന്നതാണ്. ഇവരുടെ കൂട്ടത്തിലും ദുർല്ലഭം ചിലർ തങ്ങളുടെ ചില കായ്യലാഭങ്ങൾ കരുതിയോ സിദ്ധാന്തവിശ്വാസംകൊണ്ടോ ദേശീയക്കാരായിത്തീർന്നിട്ടുണ്ട്. പക്ഷേ അവരുടെ സംഖ്യ വളരെ ആണെന്നു പറവാൻ നിവൃത്തിയുണ്ടെന്നു തോന്നുന്നില്ല. വർഗ്ഗീയവാദത്തെ ബ്രിട്ടീഷ് ഗവൺമെൻറ് ആദ്യം അനുവദിച്ചു കൊടുത്തതിന്റെ സ്വഭാവം ഇന്നുള്ള വർഗ്ഗീയവാദികളെപ്പോലും വിസ്മയിപ്പിക്കുന്നതും വെറുപ്പിക്കുന്നതും ആണെന്നു സമ്മതിച്ചേതീരൂ. ഒരു മുസൽമാന് വോട്ടറാവാൻ 3000 രൂപയുടെ ആദായനികുതികൊടുത്താൽ മതിയെന്നും എന്നാൽ മുസൽമാന്മാരല്ലാത്തവർ 3 ലക്ഷം രൂപയുടെ ആദായനികുതി കൊടുക്കണമെന്നും ആയിരുന്നു ആദ്യത്തെ വ്യവസ്ഥ. ഒരു മുസൽമാൻ ഗ്രാഡ്വേറായാൽ മൂന്നു കൊല്ലം കഴിഞ്ഞു അയാൾക്കു വോട്ടറാവാം. എന്നാൽ മുസൽമാന്മാരല്ലാത്തവർക്കു വോട്ടറാകണമെങ്കിൽ മുപ്പതുകൊല്ലം കഴിയണം. ഈ വ്യത്യാസ നിബന്ധനയ്ക്കു് അതു ഏർപ്പെടുത്തിയവർ ചില യുക്തികളും പറഞ്ഞുകാണാതിരിക്കില്ല. എന്തിനാണു യുക്തിയില്ലാത്തതു്.?

പ്രാതിനിധ്യവിഷയമായ യോജിപ്പില്ലായ്മ നിമിത്തം കാൺഗ്രസ്സിൽ നിന്നകന്ന മുസൽമാന്മാരെ കൂടി കൂട്ടിച്ചേർക്കുന്നതിനായി കാൺഗ്രസ്സ് പലശ്രമങ്ങളും ചെയ്തിട്ടുണ്ട്. ചില മുസൽമാന്മാർ കാൺഗ്രസ്സിനോടു യോജിച്ചു എങ്കിലും ഇന്നുവരെ വർഗ്ഗീയവാദത്തിൽ നിന്നു മുസൽമാന്മാർ മാറിയുകയോ അവരുടെ വാദത്തെ കാൺഗ്രസ്സുകാർ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇരുകക്ഷികളും ചേർന്നു പല ആലോചനകളും ഒരു രാജിക്കുവേണ്ടി നടത്തിയിട്ടുണ്ട്. ഇന്നുവരെ രാജിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈയിടെ മി. ജിന്നായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുസ്ലീംലീഗിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിൽ പറയുന്നതു് "കാൺഗ്രസ്സുകാരുടെ ചിലരുടെ മുസൽമാന്മാരാകുന്ന ഈച്ചകളെ അതിന്റെ വലയ്ക്കകത്തു ചെല്ലുവാൻ സ്വാഗതപൂർവ്വം ക്ഷണിക്കുന്നു. വലയ്ക്കകത്തു മുസൽമാൻ ഈച്ചകൾ അകപ്പെട്ടുപോയി എങ്കിൽ കാൺഗ്രസ്സ് ചിലരുടെ അവരെ വിഴുങ്ങുമെന്നുള്ളതു നിശ്ചയംതന്നെ" എന്നതത്രെ. ഈ അലങ്കാരപ്രയോഗത്തിനു അതിമധുരത്തിന്റെ വെറുപ്പു തോന്നുന്നതു മാധുര്യം ഉണ്ടെന്നു സമ്മതിച്ചേതീരൂ.

നെഹ്റു റിപ്പോർട്ട് അടിസ്ഥാനത്തിൽ ആയശേഷം സമുദായ പ്രാതിനിധ്യത്തെ സംബന്ധിച്ചു കാൺഗ്രസ്സിന്റെ മനോഭാവം എന്തെന്നു വിശദമാക്കേണ്ട ആവശ്യം നേരിട്ടു. സ്വതന്ത്രമായ ഇൻഡ്യയിൽ ദേശീയത്വത്തിനല്ലാതെ വർഗ്ഗീയത്വത്തിനു സ്ഥാനമില്ലെ"ന്നാണ് കാൺഗ്രസ്സിന്റെ ദൃഢമായ വിശ്വാസമെങ്കിലും, സിക്കുകാരും, മുസൽമാന്മാരും മറ്റു ന്യൂനപക്ഷസമുദായങ്ങളും നെഹ്റു റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്ന പ്രാതിനിധ്യ വ്യവസ്ഥയിൽ അതൃപ്തി പ്രദർശിപ്പിക്കുകയാൽ എല്ലാ കക്ഷികൾക്കും തൃപ്തികരമായ ഒരു പ്രാതിനിധ്യ വ്യവസ്ഥയല്ലാതെ മേലിൽ ഉണ്ടാകാവുന്ന കാൺസ്റ്റിറ്റ്യൂഷനിൽ ഉണ്ടാകുന്നതു് കാൺഗ്രസ്സിനു അംഗീകാര്യമായിരിക്കയില്ലെ"ന്നു 1929ൽ പണ്ഡിത ജവഹർലാലിന്റെ അദ്ധ്യക്ഷതയിൽ ലാഹോറിൽവച്ചു കൂടിയ കാൺഗ്രസ്സു തീരുമാനിച്ചു.

1931 ജൂലായി 20-ാംതീയതി കൂടിയ കാൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി സമുദായ പ്രാതിനിധ്യത്തെ സംബന്ധിച്ചു അംഗീകരിച്ച പ്രമേയം താഴെകാണുംപ്രകാരമാണ്.

"പരാജയങ്ങളും പലതും ഉണ്ടായിട്ടുണ്ടെങ്കിലും കാൺഗ്രസ്സ് അതിന്റെ ആരംഭത്തിൽതന്നെ കലർപ്പില്ലാത്ത നാഷനലിസം ആണ് ആദർശമാക്കിയിട്ടുള്ളതു്. വർഗ്ഗീയവ്യത്യാസങ്ങളെ ഇല്ലാതാക്കുവാൻ കഴിയുന്നതു കാൺഗ്രസ്സു ശ്രമിച്ചിട്ടുണ്ട്. ലാഹോറിലെ തീരുമാനം നാഷനലിസത്തിലേക്കു എത്തിച്ചേരുവാനുള്ള ഒരു തീരുമാനമാണ്. (അതിന്റെ വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ) ഇക്കാരണത്താൽ സമുദായപ്രാതിനിധ്യം സംബന്ധിച്ചു ഒരു തീരുമാനവും ചെയ്യണമെന്നു കാൺഗ്രസ്സു വിചാരിക്കുന്നില്ല. എങ്കിലും ഇൻഡ്യൻജനതയുടെ ഇപ്പോഴത്തെ നിലയിൽ പ്രത്യക്ഷത്തിൽ വർഗ്ഗീയമെന്നു തോന്നാവുന്നതും നിവൃത്തിയുള്ളിടത്തോളം നാഷനലിസത്തോടു സമീപിക്കുന്നതും എല്ലാവർഗ്ഗങ്ങൾക്കും അംഗീകാര്യമായി വ

രാവുന്നതുമായ ഒരു തീരുമാനം ചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ വക്കിംഗ് കമ്മറിറിയിൽനിന്നു നാനാമുഖങ്ങളും നല്ലപോലെ പര്യാലോചിച്ചു താഴെകാണുന്ന സ്കീം അംഗീകരിച്ചിരിക്കുന്നു.

1 എ. ഫണ്ടമെന്റൽ റൈറ്റ്സിനെ (മൌലികാവകാശങ്ങളെ) സംബന്ധിച്ചുള്ള കാൺസ്റ്റിറ്റ്യൂഷനിൽ എല്ലാസമുദായക്കാർക്കും അവരുടെ സംസ്കാരം, ഭാഷ; അക്ഷരമാല, വിദ്യാഭ്യാസം, മതവിശ്വാസം, മതാരാധന, മതസ്ഥാപനങ്ങൾ ഇവയ്ക്കു കൂടി ഉറപ്പുനൽകിയിരിക്കണം.

ബി. സമുദായങ്ങൾക്കുള്ള പ്രത്യേക നിയമങ്ങൾക്കു കാൺസ്റ്റിറ്റ്യൂഷനിൽ സംരക്ഷണം നൽകണം.

സി. ന്യൂനപക്ഷസമുദായങ്ങൾക്കു ഓരോപ്രവിശ്യയിലുമുള്ള രാഷ്ട്രീയവും അല്ലാതുള്ളതുമായ അവകാശങ്ങൾക്കു ഫെഡറൽഗവമ്മെന്റു സംരക്ഷണം നല്കണം.

2. പ്രായപൂർത്തിവന്ന എല്ലാ സ്ത്രീപുരുഷന്മാർക്കും വോട്ടവകാശം നല്കണം. ഇതു കറാച്ചി കാൺഗ്രസ്സിൽവച്ചു ചെയ്ത തീരുമാനമാണ്. ഇതിനു വിപരീതമായ യാതൊരു ഫ്രാഞ്ചൈസു വ്യവസ്ഥയും കാൺഗ്രസ്സിനു സ്വീകാര്യമല്ല. എന്നാൽ ചിലർക്കു ഇതുകൊണ്ടും സംശയം നീങ്ങുന്നില്ലാത്തതിനാൽ മറവുപ്രകാരത്തിൽ ഫ്രാഞ്ചൈസ് യോഗ്യത നിശ്ചയിക്കുന്നതായിരുന്നാലും എല്ലാസമുദായങ്ങളുടേയും നിയോജകശക്തി ജനസംഖ്യാനുപാതികം ആയിരിക്കണം.

3 എ. പൊതുനിയോജകമണ്ഡലംവഴിയായിരിക്കണം തിരഞ്ഞെടുപ്പു്.

ബി. സിൻഡിലെ ഹിന്ദുക്കൾക്കും, പഞ്ചാബിലെ മുസൽമാന്മാർക്കും, പഞ്ചാബിലെയും വടക്കുപടിഞ്ഞാറെ അതിർത്തീസംസ്ഥാനത്തിലേയും സിക്കുകാർക്കും, ഹിന്ദുക്കളുടേയും മുസൽമാന്മാരുടേയും ജനസംഖ്യ 25 ശതമാനമായിരിക്കുന്ന പ്രാവിൻസുകളിലും, ഫെഡറൽ നിയമസഭകളിലും പ്രൊവിൻഷ്യൽ നിയമസഭകളിലും ജനസംഖ്യാനുപാതികമായി സീറുകൾ സംവരണംചെയ്യേണ്ടതും അവർക്കു കൂടുതൽ സീറുകൾക്കു തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അവകാശം ഉണ്ടായിരിക്കേണ്ടതുമാണ്.

4. ഉദ്യോഗനിയമനങ്ങൾ ഒരു കക്ഷിയിലും ചേരാത്ത ഒരു പബ്ലിക്കുസർവ്വീസുകമ്മിഷൻ നടത്തണം. ഓരോ ഉദ്യോഗത്തിനുംവേണ്ട കുറഞ്ഞ യോഗ്യത കമ്മിഷൻ നിശ്ചയിക്കണം. കായ്ക്ഷമതയും എല്ലാസമുദായങ്ങൾക്കും സമാനസൌകര്യം നല്കുമെന്നുള്ള തത്വവും മുൻനിർത്തി സർവീസിൽ എല്ലാവർക്കും ന്യായമായ ഒരുപോലെ ലഭിക്കത്തക്കവണ്ണം നിയമനങ്ങൾ നടത്തണം.

5. ഫെഡറലും പ്രാദേശികവുമായുള്ള ക്യാബിനറുകളിൽ (മന്ത്രിസഭകളിൽ) ന്യൂനപക്ഷസമുദായങ്ങൾക്കു സംരക്ഷണം ഉണ്ടായിരിക്കണം.

മേൽപറഞ്ഞ സ്കീം വക്കിംഗ്കമ്മിറ്റി അംഗീകരിച്ചതു വർഗ്ഗീയവാദവും, ദേശീയവാദവും തമ്മിൽ ഒരു രാജിയായിട്ടാണ്. എല്ലാസമുദായക്കാർക്കും ഈ രാജി സ്വീകാര്യമായിരിക്കുമെന്നു വിശ്വസിക്കുന്നതോടുകൂടി സമുദായങ്ങൾ പരസ്പരം പൂർണ്ണമായി സമ്മതിച്ചു മറെറാരുരാജി ഉണ്ടാക്കുവാൻ സാധിക്കുമെങ്കിൽ അതിനെ അംഗീകരിക്കുവാൻ വക്കിംഗ്കമ്മിറ്റിക്കു വിരോധമില്ലെന്നു പ്രസ്താവിച്ചുകൊള്ളുന്നു.''

കാൺഗ്രസ്സു ഏഴപ്രവിശ്യകളിൽ ഉദ്യോഗം സ്വീകരിച്ചപ്പോൾ ഏറക്കുറെ ഈ വ്യവസ്ഥയനുസരിച്ചുതന്നെ മന്ത്രിസഭകൾ രൂപവൽക്കരിച്ചു എന്നു നാം കാണുന്നുണ്ടല്ലോ. കാൺഗ്രസ്സിന്റെ ഈ ദേശീയത്വം സാഗരതീരത്തിലുള്ള തിരുവിതാംകൂറിലെ ദേശീയക്കാരുടെ കയ്യിലായപ്പോൾ ''നിമ്മലനദീജലം സാഗരംതന്നിൽചേർന്ന'' ഇരമ്പലാണല്ലോ നാം കേൾക്കുന്നതു്.

—o—

പ്രതിവാരചിന്തകം

മഹാരാജാവു തിരുമനസ്സിലെ തിരുനാളിന്റെ പിറേറദിവസമായിരുന്ന സചിവോത്തമന്റെ പുറന്നാൾ. അടുത്തടുത്തു മുമ്പിലും പിമ്പിലുമായിവന്ന ഈ ജന്മനക്ഷത്രങ്ങളുംകൂടി ''സചിവോത്തമൻ'' എന്ന പേരിനെ സാർത്ഥകമാക്കി രീക്കുന്നുണ്ട്. അമ്മമഹാറാണി തിരുമനസ്സിലെ തിരുനാളും ഒരു വാരത്തിനുള്ളിൽ തന്നെ കഴിഞ്ഞുകൂടിയിരിക്കുന്ന വഞ്ചിവംശസംവർദ്ധിനി എന്നുള്ള തിരുനാമം തിരുമനസ്സിലേക്കു എത്ര അർത്ഥവത്താണെന്നു തിരുമനസ്സിലെ പുത്രന്റെ രാജ്യഭരണത്തിൽ വളരെ ചുരുങ്ങിയ കാലത്തിനകം വഞ്ചിരാജ്യത്തിനാകമാനം ഉണ്ടായിട്ടുള്ള വർദ്ധനതന്നെ ദ്ധാക്ഷ്യം വഹിക്കുന്നുണ്ട്. കാട്ടുജാതിക്കാരുടെ കുടിലുകളിൽപോലും സ്വപുത്രനെ ബാല്യത്തിൽതന്നെ കൊണ്ടുപോയി അവരുടെ കഷ്ടതരമെങ്കിലും സ്വതന്ത്രമായ ജീവിതരീതി മനസ്സിലാക്കിക്കൊടുത്തതിന്റെ സൽഫലമാണ്, നാട്ടുജാതിക്കാരായ ഹരിജനങ്ങളുടെ, അസ്വതന്ത്രതയാൽ കഷ്ടതരമായ ജീവിതരീതിയിൽ ആദ്യചിത്തനായിത്തീർന്നിരുന്ന തിരുമേനിയോടു, തിരുമനസ്സിലേക്കു അധികാരം കിട്ടിയാൽ ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം അനുവദിച്ചുകൊടുക്കുമോ എന്നു മഹാത്മാഗാന്ധി ചോദിച്ചതിനു ഒരു സംശയവുംകൂടാതെ ''of course'' (നിശ്ചയമായിട്ടും) എന്നു ബാല്യത്തിൽതന്നെ നിസ്സന്ദേഹമായി ഉത്തരമരുളിചെയ്യുവാൻ ഇടവരുത്തിയതെന്നും, അധികാരം കിട്ടിയപ്പോൾ അതനുസരിച്ചു പ്രവർത്തിച്ചുതെന്നുമാണ് ഞങ്ങളുടെ വിശ്വാസം.

* * *

ക്ഷേത്രപ്രവേശനവിളംബരംകൊണ്ടു തിരുമേനിമാർ ഉദ്ദേശിച്ചിട്ടുള്ളതു സാധുക്കളായ ഹരിജനങ്ങളുടെ അയിത്തംതീർത്തു അവർക്കു മറവുള്ളവരുടെയിടയിലുള്ള സഹവാസംകൊണ്ടു അഭിവൃദ്ധിക്കു അന്തർദ്ദാഹം ജനിപ്പിച്ചു അവരെ സ്വയമേവ സമുദ്ധരിച്ചുകൊള്ളുവാൻ വിട്ടേക്കുകമാത്രമല്ല, യഥാർത്ഥമായ സമുദ്ധരണം അവർക്കുണ്ടാക്കി തിരുമനസ്സിലെ പ്രജകളിൽ ജാതിമതഭേദംകൂടാതെ അഭിവൃദ്ധിക്കുള്ള സൗകര്യസമത്വംസ്ഥാപിക്കണമെന്നും ക്രിയാരൂപേണയുള്ള തുടർന്നുള്ള നടപടികൾ സവിശേഷം പ്രത്യക്ഷമാക്കുന്നുണ്ടല്ലൊ. ഹൈന്ദവസംഘടനയെന്നും മറവും ചിലർ പ്രസംഗിച്ചുവരുന്നുണ്ടെങ്കിലും സംഘടനകൊണ്ടു ഈ സമുദ്ധരണം എങ്ങനെ സാധിക്കുമെന്നുള്ള കാര്യം ഈ പ്രസംഗകന്മാരിൽ ആരുംതന്നെ മാർഗ്ഗനിർദ്ദേശം ചെയ്കകാണുന്നില്ല. ഉദ്യോഗസ്ഥലോകം നിർദ്ദേശിക്കുന്ന ഉദ്ധാരണമാർഗ്ഗങ്ങൾ എവിടെയും ഒരുപോലെയാണ്. കുറേപേർക്കു സ്കോളർഷിപ്പു കൊടുക്കുക, ഫീസ് സൌജന്യം അനുവദിക്കുക, ഉദ്യോഗങ്ങൾകൊടുത്തു പ്രോത്സാഹിപ്പിക്കുക, സൌജന്യനിരക്കിൽ ഭൂമി പതിച്ചുകൊടുക്കുക, കോളനികൾ സ്ഥാപിച്ചുകൊടുക്കുക, എന്നിങ്ങനെയുള്ള ഏർപ്പാടുകളുടെ അനുകരണം മാത്രമാണ് അവരുടെ ബുദ്ധിയിൽ ഉദിക്കുക. ക്ഷേത്രപ്രവേശനവും, ഹിന്ദുസംഘടനയും ക്രടാതെ തന്നെ ഇതൊക്കെ മറവു ഗവമ്മെൻറുകളും ചെയ്യുവരുന്നുണ്ട്. ഇതേവരെ ക്ഷേത്രപ്രവേശനം അനുവദിക്കുന്ന വിഷയത്തിൽ നിർബന്ധമായ വിസമ്മതഭാവം പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള കൊച്ചിഗവമ്മെൻറാണു ഹരിജനോദ്ധാരണവിഷയത്തിൽ കൂടുതൽ പണച്ചിലവു ചെയ്യുകയും, കൂടുതൽ ഉത്സാഹം കാണിക്കുകയുംചെയ്യുവരുന്നതെന്നു അഭിമാനിക്കുന്ന വിവരവും പ്രസിദ്ധമാണല്ലൊ. ഇതിനൊന്നിനും ഹിന്ദുസംഘടനയുടെ ആവശ്യമേ ഇല്ല. ക്ഷേത്രപ്രവേശനത്തെക്കാൾ വിദ്യയും, ധനവുമാണു തങ്ങൾക്കത്യാവശ്യമെന്നു ഹരിജനനേതാക്കന്മാരിൽ ചിലർ അഭിപ്രായപ്പെട്ടുന്നുമുണ്ട്. ഈ സ്ഥിതിയിൽ ഹിന്ദുസംഘടനയുണ്ടാകണമെങ്കിൽ അതിനു ഒരു ആവശ്യവും, ആ ആവശ്യസിദ്ധിക്കു ഒരു കർമ്മപരിപാടിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അക്കാര്യം ആരും ഇതേവരെ നിർദ്ദേശിച്ചുകാണുന്നില്ല. ഹിന്ദുസംഘടനയെന്ന എത്ര ഉച്ചത്തിൽ നിലവിളിക്കുട്ടിയാലും സംഘടനകൊണ്ടു സാധിക്കാൻപോകുന്നതു് എന്തെന്നും അതിനുള്ള കർമ്മപരിപാടികളും എന്തെല്ലാമെന്നും വ്യക്തമായി ബോധപ്പെട്ടല്ലാതെ ഹരിജനങ്ങളും ഹിന്ദുസംഘടനയ്ക്കു വലിയ ഉത്സാഹം കാണിക്കുമെന്നു തോന്നുന്നില്ല.

* * *

മഹാരാജാവു തിരുമനസ്സിലേയും അമ്മമഹാറാണി തിരുമനസ്സിലേയും ഉദ്ദേശങ്ങളിലൊന്നു ഹിന്ദുസംഘടനയാണെന്നുള്ളതിനു സംശയമില്ലല്ലൊ. സചിവോത്തമന്റെ പ്രസംഗങ്ങളിൽ പലതിലും അതു സൂചിതമായിട്ടുണ്ട്. സംഘടനകൊണ്ടു എന്തുകാര്യം സാധിക്കാമെന്നും, അതിനുള്ള മാർഗ്ഗങ്ങളും, കാര്യപരിപാടികളും എന്തെല്ലാമെന്നുള്ള നിർദ്ദേശങ്ങളും ഒരുപക്ഷേ തിരുമേനിമാരിൽ നിന്നുതന്നെ ഉത്ഭവിക്കണമായിരിക്കാം. ഹിന്ദുസംഘടനയെ സദുദ്ദേശത്തോടുകൂടി അഭിലഷിക്കുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങളും ചെയ്യാവുന്നതുതന്നെ. എസ്. എൻ. ഡി. പി. യോഗം ഈ സംഗതിയെപ്പററി ആലോചിക്കാതെയിരുന്നിട്ടില്ല. ജനറൽസിക്രട്ടറി സ്വതന്ത്രനായശേഷം അക്കാര്യം ആലോചിക്കാമെന്ന ഇതുവരെ മാറിവച്ചിരിക്കുകയായിരുന്നു. കഴിഞ്ഞ ഞായറാഴ്ച ആലപ്പുഴയിൽകൂടിയ എസ്. എൻ. ഡി. പി. ബോർഡുമീറിറിംഗിൽ ഇതിനായി ഒരു കമ്മിറിറിയെ നിയമിച്ചുകാണുന്നതിൽ ഞങ്ങളും സന്തോഷിക്കുന്നു. കമ്മിറിറിക്കാരുടെ റിപ്പോർട്ടു സചിവോത്തമൻ മുഖേന തിരുമേനിമാരുടെ സന്നിധിയിൽ സമർപ്പിച്ചാൽ അതങ്ങനെതന്നെ തിരുമേനിമാർ, അംഗീകരിച്ചില്ലെങ്കിലും എസ്. എൻ. ഡി. പി. യോഗത്തിന്റെ ആശയഗതി എന്തെന്നു തിരുമേനിമാരെയും സചിവോത്തമനേയും വ്യക്തമായി മനസ്സിലാക്കിയതാചിതം വേണ്ടതു പ്രവർത്തിക്കുവാനെങ്കിലും അതുപകാരപ്പെടാതിരിക്കയില്ല. ഹരിജനങ്ങളുടെ സമുദ്ധരണം മഹാരാജാവു തിരുമനസ്സിലെ ഭരണാദർശങ്ങളിൽ പ്രഥമഗണനീയമാക്കിതീർക്കുവാൻ തക്ക സംസ്കാരസമ്പത്തും, വിശാലഹൃദയത്വവും മഹാരാജാവു തിരുമനസ്സിലേക്കു ഉണ്ടാക്കിത്തീർക്കുവാൻ ബുദ്ധിപൂർവ്വം ശൈശവംമുതൽ വേണ്ടതു ശ്രദ്ധവച്ചു പ്രവർത്തിച്ച അമ്മമഹാറാണി തിരുമനസ്സിലെ അനേകമനേകം തിരുനാളുകളും ഇത്തവണത്തെതിലും ഘോഷമായി കൊണ്ടാടുവാനുള്ള ഭാഗ്യം വഞ്ചിരാജ്യവാസികൾക്കു ഉണ്ടാകുമാറാകട്ടെ എന്നു ഞങ്ങളും പ്രാർത്ഥിക്കുന്നു.

* * *

കാൺഗ്രസ്സുകാരും പലതുണ്ട്. ഈ ലേഖനം ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സിന്റെ ഒരു ശാഖ തിരുവിതാംകൂറിൽ സ്ഥാപിക്കാൻ പോകുന്നതിനെക്കുറിച്ചാകുന്നു.

സ്വസമുദായക്ഷേമത്തിനായും, സഹോദരസമുദായക്ഷേമത്തിനായും, പൊതുവെ രാജ്യക്ഷേമത്തിനായും തിരുവിതാംകൂറിൽ ഇതിനു കീഴിൽ നടന്നിട്ടുള്ള ചിലവച്ചിയ പ്രക്ഷോഭണങ്ങളുടെ നേതൃത്വം വഹിച്ചു പൊതുകാര്യപ്രവർത്തനങ്ങൾ നടത്തേണ്ടതു എങ്ങനെയെന്നുള്ളതിന്റെ മർമ്മങ്ങളെല്ലാം നല്ലപോലെ ഗ്രഹിച്ചിട്ടുള്ള ശ്രീമാൻ കുഞ്ഞാശ്ശേരി പരമേശ്വ

അനുമോദന പ്രതിഷേധം

[കെ. സുകുമാരൻ, ബി. എ.]

മലയാളരാജ്യം, ഭാരതപ്രതിക, സവീസ്, മുതലായ ചില നായർ പത്രങ്ങളുടെ പംക്തികളിൽ കുറെ നാളായി കട്ടക്കയം എക്സ്സ് എം. എൽ. സി, സത്യനേശൻ, എന്നു രണ്ടു കൈസ്തവ കേസരികൾ അത്യുഗ്രമായി ഗർജ്ജിച്ചുകൊണ്ടു സംയുക്തക്കാരെ വെല്ലുവിളിക്കുന്നുണ്ടായിരുന്നു. അവരിലാരുംതന്നെ ആ വെല്ലുവിളി കേട്ടതായിട്ടു ഭാവിക്കപോലും ചെയ്യാത്തതു വളരെ കഷ്ടമായിരിക്കുന്നു. അവർക്കു കൂട്ടുകാരായി കാത്തിക്കപ്പള്ളിയിലും കോട്ടയത്തും നിന്നു ഏതാനും ഈഴവന്മാരും ഇപ്പോൾ ഇറങ്ങിയിട്ടുണ്ട്. ഇവരുടെ ഈശ്വരഭക്തി, മതഭക്തി, ശ്രീനാരായണഗുരുസ്വാമിഭക്തി, ഗുരുസ്വാമിയുടെ "ഒരു ജാതി- ഒരു മത- ഒരു ദൈവ"ഭക്തി, രാജഭക്തി ഈ എല്ലാഭക്തികളുടേയും സമാഹാരമായ പാക്കുവ്വ ഭക്തി ഇവയൊക്കെ ഉള്ളതുപോലെ മനസ്സിലായാൽ ശ്രീനാരായണഗുരുസ്വാമി പോലും അന്ധാളിച്ചുപോകും. ഇവരുടെ ഈ സവ്ഭക്തിപ്രകടനത്തിന്റെ മൂലകന്ദം അറിയണമെന്നു ആഗ്രഹമുള്ളവർ ഈയിടെ കത്തിക്കപ്പള്ളിയിൽ കൂടിയ ഒരു സഭയിൽ എസ്. എൻ. ഡി. പി. യോഗം എക്സ്സ് ജനറൽ സിക്രട്ടറി കയ്യാലയ്ക്കൽ മി. കെ. എം. കേശവൻ ബി. ഏ പെയ്തപ്രസംഗം മലയാളരാജ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നതു വായിക്കുന്നതോടുകൂടി അദ്ദേഹത്തിന്റെ എക്സ്സ്ജനറൽ സിക്രട്ടറി ഉദ്യോഗത്തിന്റെ ചരിത്രംകൂടി അറിഞ്ഞിരുന്നാൽ മതിയാകുന്നതാണ്. മി. കെ. എം. കേശവൻ എസ്. എൻ. ഡി. പി. യോഗത്തിന്റെ ജനറൽ സിക്രട്ടറി ഉദ്യോഗം കൊല്ലത്തുവച്ചു 107-ൽ കൂടിയ പൊതുയോഗത്തിൽ വച്ചാണ് ഏറ്റെടുവാങ്ങിയതു്. ആ പൊതുയോഗത്തിൽ പുതിയ നിയമസഭാപരിഷ്കാരത്തെപ്പറ്റി തീക്ഷ്ണമായ വാദപ്രതിവാദം നടന്നു. ചങ്ങനാശ്ശേരി നേതൃത്വം വഹിച്ചുനടന്ന ആ പ്രക്ഷോഭണവും വിജയത്തിൽ കലാശിച്ചു. സവീസുസൊസൈററിയുടേയും എസ്. എൻ. ഡി. പി. യോഗത്തിന്റേയും ശക്തിയേറിയ ഈ പ്രവർത്തനങ്ങൾക്കിടയിൽ തലകാണിക്കുവാൻ നിവൃത്തിയില്ലാതിരുന്ന പല അസൂയാലുക്കളും അവിടവിടെ സ്വകായ്ത്തിലിരുന്നു നുണയും, ഏഷണിയും പിറുപിറുക്കുന്നുണ്ടായിരുന്നു. സക്കാർ ഉദ്യോഗത്തിൽ പ്രവേശിക്കയാൽ പൊതുക്കായ്പ്രവർത്തനം അസാദ്ധ്യമായിരിന്നു ചങ്ങനാശേരിയുടെ നാലഞ്ചാവുസംവത്സരക്കാലത്തെ അസാന്നിദ്ധ്യത്തിനിടയിൽ ഈ രണ്ടു സമുദായക്കാരുടെയും രാഷ്ട്രീയപ്രവർത്തനങ്ങളുടെ മട്ടൊന്നുമാറി. എല്ലാവക്കും നല്ലപോലെ അറിയാവുന്ന ആ വൃത്തികെട്ട കായ്ം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. നായരീഴവന്മാർ ധാർത്തരാഷ്ട്രപാണ്ഡവന്മാരെപോലെ യുദ്ധം ആരംഭിച്ചതു കണ്ടുനില്ക്കുവാൻ കഴിയാതെ തീർത്ഥയാത്രയ്ക്കുപോയബലഭദ്രരെപോലെ ചങ്ങനാശ്ശേരിഈരണ്ടുസമുദായങ്ങളുടേയും രംഗങ്ങളിൽ നിന്നു മാറി ഹരിജനോദ്ധാരണവേലയിൽ ഏർപ്പെട്ടു.

* * *

ഇൻഡ്യയുടെ അത്യന്തം പ്രധാനപ്പെട്ടവേലകളിൽ ഒന്നു ഹരിജനോദ്ധാരണമാണല്ലൊ. സമുദായരംഗത്തിൽ അദ്ദേഹം നിന്നിരുന്നപ്പോഴും N. S. S-ം. S. N. D. P. യും ഹരിജനോദ്ധാരണപരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കതന്നെ ചെയ്തിരുന്നു. അതിനാൽ മറ്റാരെങ്കിലും തുടങ്ങിയ ഒരു പുതിയ പ്രസ്ഥാനത്തിലാണു ചങ്ങനാശേരി ഏർപ്പെട്ടതെന്നു പറയാനില്ല. തിരുവിതാംകൂറിൽ ഹിന്ദുമിഷനും മറ്റും ഹരിജനോദ്ധാരണത്തിനു പ്രവർത്തിക്കുന്നുണ്ടെങ്കിലും ശക്തിയായ പ്രവർത്തനം ഹരിജനസേവാസംഘത്തിന്റേതാണെന്നാണു തോന്നുന്നതു്.

ഇതിനിടയ്ക്കു അദ്ദേഹം ഏർപ്പെട്ട മറെറാരു പ്രസ്ഥാനം കേരകർഷകസംഘ പ്രസ്ഥാനമാണ്. സകല ജനങ്ങളുടേയും പ്രശംസയെ അർഹിക്കത്തക്കവണ്ണം ആ പ്രസ്ഥാനത്തെ അദ്ദേഹം നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പൊതുക്കായ്ങ്ങളിലും, സമുദായ കായ്ങ്ങളിലും ഒരു പോലെ സാമർത്ഥ്യത്തോടുകൂടി പയറ്റി തെളിഞ്ഞ ഒരു സമർത്ഥനായ നേതാവിനെ ഇവിടെ വേറെ കാണാൻ സാധിക്കുകയില്ല. അദ്ദേഹമാണു തിരുവിതാംകൂറിൽ കാൺഗ്രസ്സ് പ്രവർത്തനത്തെ പുനർജ്ജീവിപ്പിച്ചു നയിക്കുവാൻ പോകുന്നതു്.

* * *

നാടുരാജ്യങ്ങളിലെല്ലാം ഒരു വലിയ ഉണവ്വ് ഇപ്പോൾ ഉണ്ടായിട്ടുണ്ട്. തിരുവിതാംകൂറിൽ ആ ഉണവ്വ് വളരെ കൂടുതലായിട്ടുണ്ടെന്നു പറയുന്നതു വെറും സ്വദേശപ്രശംസയായി ആരും കരുതുകയില്ലല്ലൊ. ആസന്നഭാവിയിൽ ഉണ്ടാകുവാനിരിക്കുന്ന ഫെഡറേഷനിൽ ഗുണംവാ, ദോഷംവാ, തിരുവിതാംകൂറും ചേരുമെന്നുള്ളതിനു സംശയമില്ല. ഫെഡറൽ അസംബ്ളിയിൽ വന്നുനിരക്കുന്ന സേനാവിഭാഗങ്ങളിൽ തിരുവിതാംകൂറിനുള്ള ശക്തി ബന്ധുബലം കൊണ്ടുമാത്രം ഉണ്ടാകേണ്ടതാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ അടിസ്ഥാനമായ വ്യൂഹം ഉറപ്പിച്ചിരിക്കുന്ന സേനാവിഭാഗം കാൺഗ്രസ്സിന്റേതാകുന്നു. നാടുരാജ്യങ്ങളും 600, ഉണ്ടെങ്കിലും അവക്കു ഫെഡറൽ അസംബ്ളിയിൽ ഉണ്ടായിരിക്കാവുന്ന സേനയിൽ എണ്ണങ്ങളും വളരെ കാണുമെങ്കിലും നരനാരായണൻന്മാരായിട്ടു വല്ലവരും ആ കൂട്ടത്തിൽ കാണുമോ? അങ്ങനെയുള്ള സാരഥികളും സവ്യസാചികളും ഒക്കെ കാൺഗ്രസ്സ് സേനയുടെ മുന്നണിയിൽ മറവുള്ളവരെ അസ്സവീര്യന്മാരാക്കുന്ന ശക്തിയോടുകൂടി നിരന്നുനില്ക്കും എന്നുള്ളതു തീർച്ചയല്ലേ? അവരുടെ ബന്ധുതയല്ലേ തിരുവിതാംകൂറിന്റെ ഗുണത്തിനു വേണ്ടതു്? ഇപ്പോൾതന്നെയും കാൺഗ്രസ്സുകാക്കു തിരുവിതാംകൂർ ഒരു ബന്ധുരാജ്യമായി തീർന്നിരിക്കുന്നു. കാൺഗ്രസ്സ് മന്ത്രിമാർ തിരുവിതാംകൂർ മന്ത്രിക്കു മംഗളപത്രം കൊടുക്കുന്നു. കാൺഗ്രസ്സിന്റെ ഹൈക്കമാൻഡിൽ ഇരിക്കുന്ന മഹാത്മാഗാന്ധി തന്നെ പ്രധാന പുണ്യസ്ഥലമായി തിരുവിതാംകൂറിനെ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. കാൺഗ്രസ്സ്കാരായ പുണ്യയാത്രക്കാർ കണക്കില്ലാതെ തിരുവിതാംകൂർ സന്ദർശിച്ചു പുണ്യം സമ്പാദിക്കുന്നു. തിരുവിതാംകൂറിൽ കാൺഗ്രസ്സ് പ്രവർത്തനം വിജയപൂർവം ആരംഭിക്കുവാൻ ഇതു അനുകൂലമായ ഒരു സന്ദർഭം ഇനി എപ്പോഴാണ് വരാൻ പോകുന്നതു്? ഫെഡറൽ അസംബ്ളിയിൽ ചെല്ലുന്ന തിരുവിതാംകൂർ പ്രതിനിധികൾക്കു ആ അസംബ്ളിയിലുള്ള കാൺഗ്രസ് പ്രതിനിധികളുടെ സഹായത്തെ വിശ്വസിക്കാവുന്നതുപോലെ മറ്റാരുടെയെങ്കിലും സഹായത്തെ പ്രതീക്ഷിക്കാമോ?

—o—

രൻ പിള്ള അവർകളുടെ നേതൃത്വത്തിലാണ് തിരുവിതാംകൂറിൽ കാൺഗ്രസ്സുപ്രവർത്തനം പുനർജ്ജീവിക്കുവാൻ പോകുന്നതു്. ഇതിനുമുമ്പും കാൺഗ്രസ്സുപ്രവർത്തനം തിരുവിതാംകൂറിൽ നടന്നിരുന്നു. നേരിട്ടു് അവയുടെ നേതൃത്വം മി. ചങ്ങനാശ്ശേരി വഹിച്ചിരുന്നില്ല. അതുകൊണ്ടു അവയുടെ എല്ലാം പ്രവർത്തനം അപ്രത്യക്ഷലോകത്തിലായിതീർന്നു. ഇപ്പോൾ ചങ്ങനാശ്ശേരി തന്നെ നേരിട്ടു നായകത്വം വഹിച്ചു കാൺഗ്രസ്സുപ്രവർത്തനം തിരുവിതാംകൂറിൽ ആരംഭിക്കുവാൻ പോകുന്നതുകൊണ്ടു് അദ്ദേഹം നേതാവായിരിക്കുന്ന കാലംവരെ അതിന്റെ ഭാവിയെപ്പറ്റി യാതൊരു ആശങ്കയ്ക്കും വകയില്ല.

ചങ്ങനാശ്ശേരി നേതൃത്വം വഹിച്ചു വിജയകരമായി കൊണ്ടുനടന്നതും ഉദ്ദേശസിദ്ധി ഉണ്ടായശേഷം നിഷ്ക്രാന്തമായിതീർന്നതുമായ ചില പ്രക്ഷോഭണങ്ങളുടെ വിവരം ഈ സന്ദർഭത്തിൽ ചിലർ അറിഞ്ഞിരിക്കേണ്ടതു ആവശ്യമാണ്. 80-ാമാണ്ടു് ആണ് അദ്ദേഹം വിദ്യാർത്ഥി ജീവിതം കഴിഞ്ഞു ഒരു സ്ക്കാർ ഉദ്യോഗം കിട്ടിയതിനേയും ഉപേക്ഷിച്ചു് വക്കീലായശേഷം ആദ്യമായി പൊതുകായ്ങ്ങളിൽ പ്രവേശിച്ചതു്. അയിടയ്ക്കു് മദ്ധ്യതിരുവിതാംകൂറിലുണ്ടായതും, ഇന്നത്തെ നായന്മാക്കു ലജ്ജതോന്നിപ്പിക്കുന്നതുമായ ഒരു നായരീഴവലഹളശമിപ്പിക്കുവാനുള്ള ശ്രമത്തിലാണ് അദ്ദേഹം ആദ്യം ഏർപ്പെട്ടതു്. എതുയും സാമർത്ഥ്യത്തോടുകൂടി അദ്ദേഹം അതു സാധിക്കുകയും ചെയ്തു. പിന്നീടു അദ്ദേഹം നായർസർവീസ് സൊസൈററിയുടെ അദ്ധ്യക്ഷനായിട്ടാണ് പ്രത്യക്ഷപ്പെട്ടതു്. വക്കീൽപണിയിൽ ഇതിനകം അദ്ദേഹം നല്ല ഒരു പേരു സമ്പാദിക്കുകയും, ആ പണി ഇല്ലെങ്കിൽതന്നെയും സുഖമായി ജീവിക്കുവാൻവേണ്ടതു സമ്പാദിക്കുകയുംചെയ്തു. സവീസുസൊസൈററി ആരംഭിച്ചകാലത്തു എസ്. എൻ. ഡി. പി. യോഗം നടന്നുകൊണ്ടിരിക്കയായിരുന്നു. ചങ്ങനാശേരി അദ്ധ്യക്ഷനായിരുന്ന കാലംമുഴുവനും, അതിന്റെ പൂട്ടുആറാതെ കിടന്ന കുറെക്കാലത്തേക്കു കൂടി സവീസുസൊസൈററിയും എസ്. എൻ. ഡി. പി. യോഗവും ഒരു സമുദായത്തിൽതന്നെ രണ്ടുവിഭാഗത്തിന്റെ ഒരേലക്ഷ്യത്തോടുകൂടിയും സ്വസ്ഥതയുള്ള രണ്ടു യോഗങ്ങളായിരുന്നു. നായർ റഗുലേഷൻ നിർമ്മിതിക്കു സൊസൈററിയും ഈഴവറഗുലേഷൻ നിർമ്മിതിക്കു എസ്. എൻ. ഡി. പി. യോഗവും ശ്രമംതുടങ്ങി. ആരോഹരിഭാഗത്തിനും മക്കത്തായത്തിനുംതന്നെ രണ്ടു സംഘങ്ങളും രണ്ടു സമുദായങ്ങളും വച്ചുപിടിച്ചു. രണ്ടുകൂട്ടരും അവർ ഉദ്ദേശിച്ച വഴിക്കുതന്നെ രണ്ടു റഗുലേഷൻ പാസ്സാക്കിയെടുക്കുകയും ചെയ്തു. അങ്ങനെ ആ സമുദായപരിഷ്കാരം ശക്തിയുള്ള രണ്ടു സമുദായക്കാർ ഒത്തുപിടിച്ചതുകൊണ്ടു അനായാസേന സാധിച്ചു.

ഈ നിയമപരിഷ്കാരകായ്ത്തിൽ അന്യസമുദായക്കാരുടെ കൈകടത്തൽകൂടി ഉണ്ടായതുകൊണ്ടു രണ്ടുസമുദായക്കാക്കും പരമാർത്ഥത്തിൽ വലിയ താല്പര്യം ഒന്നും ഇല്ലാത്ത ഏകപത്നീവ്രതം എന്നൊരു ബ്രഹ്മചര്യവിധിയുംകൂടി വന്നുകൂടിപ്പെട്ടു.

* * *

വൈക്കം സത്യാഗ്രഹം നടന്നു. രണ്ടുസമുദായക്കാരും, രണ്ടു സഭക്കാരും അതിനു ഒത്തുശ്രമിച്ചു. അതിന്റെ നേതൃത്വവും ചങ്ങനാശേരി വഹിച്ചു. അതും മംഗളമായി പരിണമിച്ചു. നിയമസഭാപരിഷ്കാരത്തിനു ഒരു പ്രക്ഷോഭണം

ഉണ്ടായി. ഈഴവക്കു പത്തുസീറ്റ് വഗ്ദീയ മണ്ഡലത്തിൽ തിരിച്ചു കിട്ടണമെന്നു വാദിച്ച പ്രമാണികളിൽ ഒരു പ്രമുഖനായിരുന്ന മി. കെ. എം. കേശവൻ. അന്നു ഒരു തികഞ്ഞ നാഷനലിസ്റ്റും മെസ്സേഴ്സു കോട്ടൂർ കുഞ്ഞു കൃഷ്ണപിള്ള, പൂയപ്പള്ളി കൃഷ്ണപിള്ള കെ. ജി. ശങ്കർ മുതലായവരുടെ ഉറ്റ ചങ്ങാതിയും ആയി രുന്ന മി. സി. കേശവൻ ഈ വഗ്ദീയവാദത്തെ ശക്തിപൂർവ്വം എതിർത്ത ദുർല്ലഭം ചിലരിൽ ഒരാളായിരുന്നു. ആ വാദം ഫലിക്കാതെപോകയാൽ യോഗം ഡയറക്ടറന്മാരിൽ ഒരാളായി അദ്ദേഹത്തെ തിരഞ്ഞെടുത്തശേഷം ആ സ്ഥാനം ഉപേക്ഷിക്കപോലുംചെയ്തു. അന്നത്തെ പൊതുയോഗത്തിൽ നടന്ന രാഷ്ട്രീയവാദങ്ങളിൽ അതുപന്മാരായി കൊല്ലം പട്ടണത്തിൽ ഉണ്ടായിരുന്ന മെസ്സേഴ്സു മേനാത്തേരി കേശവപണിക്കർ, കോമലേഴത്തു ശങ്കരൻ (ജഡ്ജി) കെ. കേശവൻ (എം. എൽ. എ.) സി. കേശവൻ, മുതലായവരുടെ ഉത്സാഹത്തിൽ സമസ്തതിരുവിതാംകൂർ ഈഴവ രാഷ്ട്രീയമഹാസഭ എന്നൊരു സഭ വിളിച്ചുകൂട്ടി. ആ സഭയിൽ അഡൽറ്റ് ഫ്രാഞ്ചൈസ് അനുവദിക്കണമെന്നും അതിനു നിവൃത്തിയില്ലാത്തപക്ഷം ഈഴവരുടെ സമുദായസ്ഥിതിക്കും, ജനസംഖ്യയ്ക്കും പറ്റുംപ്രമായവിധത്തിൽ ഏതാനും സീറുകൾ പൊതുനിയോജകമണ്ഡലങ്ങളിൽ റിസർവുചെയ്തു കിട്ടണമെന്നും സബ്ജക്ട് കമ്മിറ്റി പ്രമേയങ്ങളും തയ്യാറാക്കി. പക്ഷെ പൊതുയോഗത്തിൽ വന്നപ്പോൾ പത്തുസീറു റിസർവ് ചെയ്യണമെന്ന ഒന്നാമതായും, അഡൾട്ട് ഫ്രാഞ്ചൈസ് അനുവദിക്കണമെന്ന രണ്ടാമതായും നിശ്ചയങ്ങളും പാസാക്കണമെന്ന നമ്മുടെ എക്സ്ജനറൽസിക്രട്ടറി പ്രഭൃതികളും ശക്തിയായി വാദിക്കുകയാൽ ആ തലകീഴായ മുറയിൽതന്നെ പ്രമേയങ്ങളും പാസ്സാക്കേണ്ടിവന്നു. ആ മുറതെറ്റിക്കാതെതന്നെ പ്രമേയങ്ങളും ഗവണ്മെന്റിലേക്കു അയയ്ക്കണമെന്നു താക്കീതും നല്കപ്പെട്ടു. ഈ തലകീഴായ പ്രമേയങ്ങളും രണ്ടും സർ സി. പി. യുടെ ദിഷ്ടിയിൽ നല്ലപോലെ പതിഞ്ഞു. ഏന്നാൽ തിരിച്ചുകിട്ടുമെന്നു നിയമസഭാപ്രാതിനിധ്യവ്യവസ്ഥയെ സംബന്ധിച്ചു പുറപ്പെടുവിച്ച കമ്മൂണിക്കിൽ വ്യക്തമായ ലക്ഷ്യം കാണാവുന്നതാണ്. ഈ രാഷ്ട്രീയസഭ കഴിഞ്ഞശേഷം ആലപ്പുഴവച്ചു മി. കെ. എം. കേശവന്റെ നേതൃത്വത്തിലും S. N. D. P. യോഗത്തിന്റെ അഭിമുഖ്യത്തിലും വീണ്ടും ഒരു ഈഴവമഹാസഭ വിളിച്ചുകൂട്ടി പത്തുസീറു റിസർവ് ചെയ്യണമെന്നും, അങ്ങനെ റിസർവുചെയ്യാത്തപക്ഷം ഈഴവർ നിയമസഭയുമായി "നിസ്സഹകരണം" അനുഷ്ഠിക്കണമെന്നും വളരെ രീക്ഷ്ണമായ വാദങ്ങളും നടത്തി. നിസ്സഹകരണം അനുഷ്ഠിക്കുന്നതു ഈഴവർ മാത്രമായാൽ ഫലപ്രദമാവില്ലെന്നും ക്രിസ്ത്യാനികളോടും, മുസൽമാന്മാരോടും ആലോചിച്ചു വേണം ആ പ്രസ്ഥാനത്തിൽ ഏർപ്പെടാനെന്നും തീർച്ചപ്പെടുത്തി മി: കെ. എം. കേശവനെ കൺവീനറാക്കി സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടു ബി. എ. ബി. എൽ.ക്കാർ അടങ്ങിയ ഒരു കമ്മിറ്റിയേയും നിയമിച്ചു. പിന്നീടു നിവർത്തനപ്രസ്ഥാനമെന്ന പേരിനാൽ അറിയപ്പെട്ട നിസ്സഹകരണപ്രസ്ഥാനത്തിനു കാരണഭൂതനും, പ്രഥമപ്രവർത്തകനുമായിരുന്ന മി. കെ. എം. കേശവന്റെ അനന്തരനടപടികളും അതിലും വിചിത്രമാണ്. എൽ. എം. എസ്. ഹാളിൽവച്ചു നിവർത്തന നിശ്ചയം പാസ്സാക്കിയ ദിവസം വൈകുന്നേരത്തു ക്ഷേത്രപ്രവേശനാനേഷണകമ്മിറ്റിക്കാരുടെ പ്രശ്നാവലിക്കു ഒരു ഉത്തരം തയ്യാറാക്കുവാൻ മി: എം. ഗോവിന്ദന്റെ വസതിയിൽവച്ചു ഒരു കൂടിയാലോചന നടത്തണമെന്നു മി: അച്യുതമേനോൻ ചിലരെ ക്ഷണിച്ച കൂട്ടത്തിൽ മി: കെ. എം. കേശവനെ യോഗം ജനറൽ സിക്രട്ടറി എന്ന നിലയിൽ പ്രത്യേകമായും ക്ഷണിച്ചിരുന്നു. പക്ഷേ നിവർത്തന കായ്പരിപാടി അനുസരിച്ചുള്ള പ്രവർത്തനങ്ങളിലുള്ള ഊർജ്ജിതം കൊണ്ടു സന്നിഹിതനാകുവാൻ സൌകര്യമില്ലെന്നു പറഞ്ഞു ഉത്തരം തിരുവിതാംകൂറിലേക്കു പുറപ്പെട്ട എക്സ് സിക്രട്ടറി ചിറയൻകീഴിൽ ഒരു



മി: എ. ശങ്കരൻ മുതലാളി, കായിലോൺട്രൗൺ എസ്. എൻ. ഡി. പി. ശാഖായോഗം പ്രസിഡൻറ്

ഡാക്ടറുടെ വീട്ടിൽ ചെന്നു താമസിക്കയാണു ചെയ്തത്. ഇതിനിടയ്ക്കു മി: എം ഗോവിന്ദൻ, സി. വി. കുഞ്ഞുരാമൻ മുതലായവർ അധികാരസ്ഥാനങ്ങളുമായി ചില ആലോചനകളും നടത്തിയതിന്റെ ഫലമായി ഈഴവക്കു ഏഴു സീറുകളും കിട്ടുമെന്നു ഉറപ്പു ലഭിക്കുകയാൽ യോഗം നിവർത്തനത്തിൽ നിന്നു പിന്മാറണമെന്നു യോഗം ബോർഡിൽ ഹാജരായി അവർ ശക്തിയായി വാദിച്ചു എങ്കിലും എക്സു ജനറൽ സിക്രട്ടറി മുൻപേർ ആ വാദത്തെ നിരാകരിക്കയാണു ചെയ്തത്. അനന്തരം നിവർത്തന നിശ്ചയം എസ്. എൻ. ഡി. പി. യോഗത്തെക്കൊണ്ടു അംഗീകരിപ്പിക്കുവാൻ ചങ്ങനാശേരിയിൽവച്ചു ഒരു വിശേഷാൽ പൊതുയോഗം കൂടണമെന്നു ബോർഡ് നിശ്ചയിക്കുകയും അതനുസരിച്ചു എക്സ് സിക്രട്ടറിയോഗത്തെക്കൊണ്ടു നിവർത്തനത്തെ അംഗീകരിപ്പിക്കുവാൻ ഊർജ്ജിതമായ പ്രവർത്തനങ്ങളും ആരംഭിക്കുകയുംചെയ്തു. അതുവരെ ബോർഡിൽ മി: സി. കേശവൻ അംഗമായിരുന്നതേ ഇല്ല ചങ്ങനാശേരി വിശേഷാൽ പൊതുയോഗത്തിലെ വിശേഷങ്ങളുംഅവിടെ നിവർത്തനനിശ്ചയം പാസ്സാക്കുവാൻ എക്സ് ജനറൽസിക്രട്ടറി മുൻപേർ പ്രദർശിപ്പിച്ച പ്രാണവികാരങ്ങളുമൊക്കെ വിസ്തരിക്കുവാൻ തുടങ്ങിയാൽ വളരെയുണ്ട്. 3,000 ലധികം ലേഖനങ്ങളാണ് യോഗം കൂടുംമുമ്പേതന്നെ നിവർത്തനം അനുഷ്ഠിക്കേണ്ടതിന്റെ അത്യാവശ്യകതയെ വിശദീകരിച്ചു ചങ്ങനാശേരിയിൽ കൂടിയ യോഗാംഗങ്ങളുടെ ഇടയിലും മറ്റും വിതരണംചെയ്തത്. നിവർത്തനനിശ്ചയം അവിടെവച്ചു പാസ്സാക്കുകയും നിയമപ്രകാരം സാധുകരിക്കാവുന്നതല്ലെങ്കിലും ഏതോ ഒരു ഡയറക്ടരുടെ ഒഴിവിൽ മി: സി. കേശവനെക്കൂടി യോഗം ഡയറക്ടരായി തിരഞ്ഞെടുക്കുകയും ചെയ്തു. സംയുക്തത്തിൽ ഈഴവരെക്കൊണ്ടുചെന്നു സംയോജിപ്പിച്ചു സിമൻറിട്ടുറപ്പിക്കുവാനും, നിവർത്തനവുംകൊണ്ടു നാട്ടിലെ നടന്ന ഘോരഘോരമായ പ്രസംഗങ്ങളും ചെയ്ത ജനങ്ങളെ ആ പ്രസ്ഥാനത്തിലേക്കു മാനസാന്തരപ്പെടുത്തുവാനും അത്യുത്സാഹിയായി മുമ്പിട്ടനടന്ന 'ക്രിസ്ത്യാനികളുടെ വാലിൽ' ആദ്യംതൂങ്ങിയ എക്സ് ജനറൽസിക്രട്ടറി ശ്രീമാൻ കെ. എം. കേശവൻ ബി. എ. അവർകളാണ് മി: സി. കേശവൻ മുതൽപേരെ ഇപ്പോൾ ക്രിസ്ത്യാനികളുടെ വാലിൽതൂങ്ങികളെന്നു അപഹസിച്ചു തുടങ്ങിയിരിക്കുന്നത്. മി: കെ. എം. കേശവന്റെ എക്സ്ജനറൽ സിക്രട്ടറി സ്ഥാനമഹിമ വെളിപ്പെടുവാൻ ബുദ്ധിമാന്മാരായ വായനക്കാർക്കു ഇതിലധികം പറയേണ്ട ആവശ്യമില്ല. ഇദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരായി കാത്തിക്കപ്പള്ളിയിൽ ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്ന മറ്റു വിദ്വാന്മാരിൽ പ്രമുഖന്മാരിലൊരാൾ എം. ബി. ബി. എസ്. പരീക്ഷപാസ്സായിഉദ്യോഗത്തിനു അപേക്ഷയുംകൊടുത്തു നില്ക്കുന്നുണ്ട്. ആദ്ദേഹം ഡാ: സി. ഒ. കരുണാകരന്റെ അമ്മാവന്റെ പൌത്രനാണ്. മി: കെ. എം. കേശവനും ഡാക്ടർ കരുണാകരനും പിതൃവഴിക്കു ജ്യേഷ്ഠാനുജന്മാരാണ്. വലിയകൊട്ടുക്കൽ കൊച്ചുകുഞ്ഞുചാന്നാർ മി. കെ എം. കേശവന്റെ ഭാഗിനേയസഹോദരനാണ്. മി. ഊരിലേത്തു കുഞ്ഞുപണിക്കർ കാത്തിക്കപ്പള്ളി യൂണിയനിലെ പ്രസിഡൻറ് സ്ഥാനത്തുനിന്നു കഴിഞ്ഞ പൊതുയോഗത്തിലെ തിരഞ്ഞെടുപ്പിൽ തള്ളപ്പെട്ടുപോയ ആളാണ്. വളരെയൊന്നും വിസ്തരിച്ചിട്ടാവശ്യമില്ല. എല്ലാവേഷക്കാരും ആലുംമൂട്ടിലെ ആലിന്റെ വഴുക്കാലുകളാണ്. സമന്തഭദ്രൻ എന്നൊരു വീരഭദ്രത്വവും കൂടി ഈ കൂട്ടത്തിൽ ഇളകിയിരിക്കുന്നു.

കോട്ടയത്തെ കഥ ഇതിലും വിചിത്രമാണ്. അവിടെ ആലുംമൂടല്ല ആഞ്ഞിലിമൂടാണു പ്രധാനം. യോഗം ജനറൽസിക്രട്ടറി മി. വി. കെ. വേലായുധന്റെ അന്വേഷണത്തിൽ അവിടുത്തുകാരായ 134 പേർ ഒപ്പിട്ട മലയാളരാജ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന "പ്രത്യക്ഷപത്ര"ത്തിൽ കാണുന്ന പേരുകാരിൽ എത്ര പേർ ഈഴവജന്മമെടുത്തവരുണ്ടെന്നു ഒരു അന്വേഷണം നടത്തിയതിൽ കോട്ടയം യൂണിയനിലെ ഡയറക്ടർമാരിൽ ഒരുത്തനൊ അവരിൽ നാലിലധികംപേരെ പരിചയമില്ലെന്നാണു അറിവുകിട്ടിയത്. പക്ഷേ ആ വിജ്ഞാപനത്തിനുപിന്നിലുണ്ടായിരുന്ന ഒരു മായാവി മറഞ്ഞുനിൽക്കുന്നുണ്ട്. വൈക്കം യൂണിയൻ സിക്രട്ടറി സ്ഥാനത്തുനിന്നു ഡിസ്മിസ്ചെയ്യപ്പെട്ട പി. കെ. കൊച്ചുകുഞ്ഞു എന്നൊരാളാണദ്ദേഹം. ആ യോഗ്യത പ്രമാണിച്ചായിരിക്കണം ആയിടയ്ക്കു കോട്ടയം ഡിവിഷൻ അഡിസ്റ്റൻറായിരുന്ന മി. കെ. എൻ. ഗോവിന്ദന്റെ ഉത്സാഹത്തിൽ അയാളെ പഞ്ചായത്തുകോർട്ടു ജഡ്ജിയാക്കിയത്. അതിന്റെ നന്ദിയ്ക്കാണ് അയാൾ സി. കേശവൻ, സി. വി. കുഞ്ഞുരാമൻ, കെ. നാരായണൻ എന്നു മൂന്നുപേരെ പ്രതികളാക്കി അപകീർത്തിക്കേസ് കൊടുത്തു നല്ല സർട്ടിഫിക്കറുകളോടുകൂടി കേസ് തള്ളുമെന്നു ബോധപ്പെട്ടപ്പോൾ അവരാരും അറിയാതെ അന്യായം പിൻവലിച്ചുകൊണ്ടു പോയത്. പിന്നീടു പുഞ്ചാറിൽ ഒരു റിസീവർ ഉദ്യോഗം മി. കെ. എൻ. ഗോവിന്ദൻതന്നെ കൊടുത്തതും അവിടെയുണ്ടായ അനുഭവങ്ങളും ആവശ്യമുള്ളവർ അന്വേഷിച്ചറിഞ്ഞുകൊള്ളണം. കോട്ടയം പട്ടണത്തിൽ താമസക്കാരനോ മുനിസിപ്പൽ വോട്ടറന്മാരിൽ ഒരാളോ മുൻസിപ്പാലിറ്റിയിൽ താമസക്കാർനോ അല്ലെങ്കിലും അയാളെ ഇപ്പോൾ കോട്ടയം മുനിസിപ്പാലിറ്റി മെമ്പറാക്കിയിരിക്കയാണ്. ഇത്ര മേൽ പ്രസാദം ഇയ്യാളുടെമേൽ ഗവണ്മെൻറിനുണ്ടായതിന്റെ രഹസ്യം ഹജൂർ സിക്രട്ടറിയേറ്റിൽ അന്വേഷിച്ചാൽ സർ സി. പി. ക്കു ഏളുപ്പം മനസ്സിലാക്കാവുന്നതും ആ സിക്രട്ടറിയേറ്റിൽ നിന്നു പുറപ്പെടുന്ന ഊറുകളാണു കാത്തിക്കപ്പള്ളിയിലും, കോട്ടയത്തും ചെന്നുപൊങ്ങി ചില ഭൂതങ്ങളെ ഇപ്പോൾ തുള്ളിച്ചിരിക്കുന്നതെന്നും അറിവാൻ അദ്ദേഹത്തിനു പ്രയാസം ഉണ്ടായിരിക്കുന്നതല്ല. നാട്ടിനു യശസ്സും മാംവണ്ണം ഭരണം നടത്തണമെന്നു ആഗ്രഹമുള്ള സർ സി. പി. യുടെ കീഴിൽ ഇരുന്നു ജോലിചെയ്യുന്ന ചിലരുടെ കൃത്രിമങ്ങളും ഏതെല്ലാം വഴിക്കു അദ്ദേഹത്തിന്റെ യശസ്സിനു തന്നെയും കളങ്കമുണ്ടാക്കിതീർക്കുന്നു എന്നു അദ്ദേഹം ഇനിയെങ്കിലും അന്വേഷിച്ചറിയുമെന്നു വിശ്വസിക്കുന്നു. എസ്. എൻ. ഡി. പി. യോഗത്തോടും മി. സി. കേശവനോടും വിരോധമുണ്ടെന്നു പ്രത്യക്ഷപ്പെടുത്തുന്നവർക്കു ഗവണ്മെൻറിൽ നിന്നു അനുഗ്രഹവർഷങ്ങളും പൊരിയുമെന്നുള്ള മൂഢവിശ്വാസമാണു കാത്തിക്കപ്പള്ളിയിലേയും കോട്ടയത്തേയും ജളന്മാരെ ഇളക്കിവിട്ടിരിക്കുന്നത്. ആ മൂഢവിശ്വാസം തന്നെയാണ് ചില പത്രമാഫിസ്സുകളിലെ മൂഷികന്മാരെ നാട്ടിലെല്ലാം ഈ പ്രതിഷേധപ്പേച്ചു പരത്തുവാൻ പ്രോത്സാഹിപ്പിക്കുന്നതെന്നു തോന്നുന്നു.

പത്രാധിപക്കുള്ള കത്തുകൾ

കുത്തകവാലനം

സക്കാർ ഉദ്യോഗങ്ങളും മിക്കപ്പോഴും വലിയ ഉദ്യോഗസ്ഥന്മാരുടെ മക്കൾവഴിക്കും, മരുമക്കൾവഴിക്കും, ബന്ധുവഴിക്കുമാണ പോകുന്നതെന്നു കാണാൻ പ്രയാസമില്ല. ഈ ദായക്രമം ഏതെങ്കിലും സമുദായക്കാരുടെ കുത്തകയല്ല. വലിയ ഉദ്യോഗസ്ഥൻ നായരായാലും, ക്രിസ്ത്യനായാലും, ഈഴവനായാലും ഈ അവകാശക്രമം തെറ്റാതെ കാത്തുകൊണ്ടുതന്നെ ഇരിക്കുന്നു. സക്കാർ ഉദ്യോഗവിഷയത്തിൽ അവശത അനുഭവിക്കുന്ന സമുദായങ്ങളുടെ അവശതാപരിഹാരത്തിനുവേണ്ടി പ്രക്ഷോഭണം നടത്തുവാനോ കഷ്ടപ്പാടുകൾ സഹിക്കുവാനോ അതിന്റെ സുഖരഹസ്യങ്ങളുടെ അനുഭോക്താക്കളായ സക്കാർ ഉദ്യോഗസ്ഥന്മാരുടെ സ്വന്തക്കാരോ ബന്ധുക്കളോ തയ്യാറില്ല. പാവപ്പെട്ടവൻ പ്രക്ഷോഭണം നടത്തി ഉദ്യോഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കും, പ്രഭാവവും സ്വാധീനശക്തിയുമുള്ള ഉദ്യോഗസ്ഥന്റെ ബന്ധുയാതൊരായസവും കൂടാതെ അതു കരസ്ഥമാക്കും. ഇതാണ എല്ലാ സമുദായങ്ങളിലേയും സ്ഥിതി. ചില സമുദായങ്ങളും ഉദ്യോഗങ്ങളെല്ലാം കുത്തകയാക്കിവെച്ചിരിക്കുന്നു എന്നു മറ്റു ചില സമുദായങ്ങളും ആക്ഷേപിക്കുന്നു. പക്ഷെ എല്ലാ സമുദായങ്ങളിലേയും ചില വലിയ ഉദ്യോഗസ്ഥന്മാരും അവരുടെ ബന്ധുക്കളുമാണ് തിരുവിതാംകൂറിലെ യഥാർത്ഥ കുത്തകസമുദായമെന്നും, അവരുടെ കുത്തക ഉടയ്ക്കുവാനാണ് പാവപ്പെട്ട നായരും പാവപ്പെട്ട ഈഴവനും പാവപ്പെട്ട ക്രിസ്ത്യനും പാവപ്പെട്ട മുസ്ലിമും ശ്രമിക്കേണ്ടതെന്നും വാഗ്വീയവാദംകൊണ്ടു ലഹരിപിടിച്ച ഇവിടത്തെ ദരിദ്രനാരായണന്മാർ ഓർക്കുന്നില്ല. തിരുവിതാംകൂറിലെ രാഷ്ട്രീയചരിത്രം പരിശോധിച്ചാൽ ഒരു സംഗതി വ്യക്തമായിക്കാണാൻ കഴിയും. ഏതെങ്കിലും ഒരു സമുദായം ന്യായമായ അവകാശസ്ഥാപനത്തിനുവേണ്ടി പരിശ്രമിക്കുമ്പോൾ, ആ പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു പ്രതിബന്ധമുണ്ടാക്കുവാനും അവരെ ഭഗ്നോത്സാഹികളാക്കുവാനും ചാടിപ്പുറപ്പെടുന്നതു ഞാതാ സമുദായങ്ങളിലെ കുത്തകപാലകന്മാരായ ഉദ്യോഗസ്ഥന്മാരും അവരുടെ ബന്ധുക്കളുമാണെന്നു കാണാൻ കഴിയും. മി: സി. കേശവന്റെ അനുമോദനയോഗങ്ങളെ പ്രതിഷേധിച്ചു കാത്തിക്കപ്പള്ളിയിലും മുട്ടത്തറയുംവെച്ചു നടന്നതായി മലയാളരാജ്യത്തിലും ഭാരതപത്രികയിലും പ്രസിദ്ധപ്പെടുത്തിക്കണ്ട രണ്ടു ഈഴവയോഗങ്ങളിലെ പ്രവർത്തകന്മാരും സന്ദർശകന്മാരും ആരായിരുന്നു എന്നു അന്വേഷിക്കുമ്പോൾ, അവർ തിരുവിതാംകൂറിലെ രണ്ടു വലിയ ഈഴവഉദ്യോഗസ്ഥന്മാരുടെ ബന്ധുക്കളോ സ്വന്തക്കാരോ ആയിരുന്നു എന്നു കാണാവുന്നതാണ്. തിരുവിതാംകൂറിലെ ഗണനീയന്മാരായ ഈഴവ ഉദ്യോഗസ്ഥന്മാരുടെ കുട്ടത്തിൽ ഈ ഉദ്യോഗസ്ഥന്മാരുടെ സ്വന്തത്തിലും ബന്ധത്തിലും ഉൾപ്പെട്ട എത്രപേർ ഉണ്ടെന്നും അവരുടെ ബന്ധത്തിൽ എന്തെങ്കിലും പരീക്ഷപാസ്സായവരിൽ ആരെങ്കിലും ഉദ്യോഗമില്ലാതെ നിൽപുണ്ടോ എന്നും അന്വേഷിച്ചുനോക്കുക, അത്ഭുതകരങ്ങളായ ചില കണക്കുകൾ നിങ്ങൾക്കു കാണുവാൻ കഴിയും. ഈ വിഷയത്തിൽ ഈഴവരിലും ഇതരസമുദായങ്ങളിലും ഉള്ള വലിയ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച ചില കണക്കുകൾ പ്രസിദ്ധീകരണത്തിനായി പുറകെ അയച്ചുകൊള്ളാം. ഇപ്പോൾ നടക്കുന്ന പ്രതിഷേധ പ്രകടനങ്ങൾ, ചില കുടുംബങ്ങൾ അനുസ്യൂതമായി പാലിച്ചുവരുന്ന ഉദ്യോഗക്കുത്തക അതേപടി തുടർന്നുകൊണ്ടു പോകുവാനാണെന്നും അവരുടെകുട്ടത്തിൽ ഉദ്യോഗം കിട്ടാതെ വല്ലവരും ശേഷിച്ചിട്ടുണ്ടെങ്കിൽ അവർക്കു ഉദ്യോഗമുണ്ടാക്കി കൊടുക്കുവാനുള്ള ഒരു പുതിയ പ്രസ്ഥാനമാണിതെന്നും മനസ്സിലാക്കുവാൻ വലിയ വിഷമമുണ്ടായിരിക്കുകയില്ല.

[വി. ആർ. പി.]

എസ്. എൻ. ഡി. പി. യോഗവും ധർമ്മസംഘവും

—o—

ധർമ്മസംഘവും എസ്. എൻ. ഡി. പി. യോഗവും തമ്മിലുള്ള സന്ധിആലോചന ധർമ്മസംഘത്തിന്റെ വാർഷികയോഗത്തിൽവച്ചു പര്യാലോചിക്കുന്നതാണെന്നു മുൻപു പ്രസ്താവിച്ചിരുന്നല്ലൊ. കന്നിമാസം 26-ാംതൽ 29 വരെ തീയതികളിലായിരുന്ന ധർമ്മസംഘത്തിന്റെ വാർഷികയോഗം. എന്റെ ക്ഷണം അനുസരിച്ച് മി. എം. ഗോവിന്ദൻ ബി. എ. ബി. എൽ. എം. എൽ. സി. യും മിസ്റ്റർ സി. വി. കുഞ്ഞുരാമനും മി: കെ. അയ്യപ്പൻ ബി. എ. എം. എൽ. സി. യും ശിവഗിരിയിൽ വന്നിരുന്നു. 27-ം 28-ം തീയതികളിൽ ധർമ്മസംഘാംഗങ്ങളുമായി സന്ധിയാകുന്നതിനെ സംബന്ധിച്ചു ദീർഘമായി ആലോചനനടത്തി പ്രധാന സംഗതികളെപ്പറ്റി പാഞ്ഞൊത്തുകയും ചെയ്തു. സ്വാമിതൃപ്പാദങ്ങളുടെ ഉയിലിന് (Will) വിപരീതമല്ലാത്ത വിധത്തിൽ സന്ധിവ്യവസ്ഥകൾ എഴുതിഉണ്ടാക്കുന്നതിനായി മി. എം. ഗോവിന്ദനെ അധികാരപ്പെടുത്തി എല്ലാവരും സന്തോഷപൂർവ്വം പിരിഞ്ഞു.

മി. ഗോവിന്ദൻ എഴുതിഉണ്ടാക്കിയ നിക്കൽ വ്യവസ്ഥകൾ താഴെചേർക്കുന്നു. മാമ്പലം ആശ്രമത്തിലെ വിദ്യാനന്ദസ്വാമികളും ഡാക്ടർ നടരാജനും എഴുതുന്നതിൽ പങ്കുകൊണ്ടിരുന്നു.

വ്യവസ്ഥകൾ

1. ശ്രീനാരായണഗുരുസ്വാമിയുടെ നാമധേയത്തിലുള്ള ദേവാലയങ്ങൾ, മഠങ്ങൾ, വിദ്യാലയങ്ങൾ, വ്യവസായശാലകൾ മുതലായ സ്ഥാപനങ്ങളുടേയും, സ്ഥാപരജംഗമസ്വത്തുക്കളുടേയും ഭരണത്തിന് താഴെ വ്യവസ്ഥചെയ്യും പ്രകാരമുള്ള ഒരു ഭരണക്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു.

1. ഈ കമ്മറ്റിയിൽ അദ്ധ്യക്ഷൻ ഉൾപ്പെടെ 15 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

2. ശിവഗിരി മഠാധിപതിയും ധർമ്മസംഘാദ്ധ്യക്ഷനും ശ്രീനാരായണ ഗുരുസ്വാമികളുടെ ശിഷ്യപരമ്പരാപ്രധാനിയുമായ ശ്രീമത് അച്യുതാനന്ദസ്വാമികളും അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ സ്ഥാനത്തു വരുന്നയാളും ഈ കമ്മറ്റിയുടെ അധ്യക്ഷനായിരിക്കും.

3. അദ്ധ്യക്ഷനെക്കൂടാതെയുള്ള 14 അംഗങ്ങളിൽ 7 പേരെ ശ്രീനാരായണ ധർമ്മസംഘവും 7 പേരെ ശ്രീനാരായണധർമ്മപരിപാലനയോഗവും മൂന്നുവർഷത്തിൽ ഒരിക്കൽ തിരഞ്ഞെടുക്കേണ്ടതാകുന്നു.

4. ധർമ്മസംഘം തിരഞ്ഞെടുക്കുന്ന 7 അംഗങ്ങളിൽ 3-ൽ കവിയാതെ അംഗങ്ങളെ കേരളത്തിനു വെളിയിൽ നിന്നു തിരഞ്ഞെടുക്കാവുന്നതും ബാക്കി അംഗങ്ങളെ ധർമ്മസംഘാംഗങ്ങളിൽ നിന്നു തിരഞ്ഞെടുക്കേണ്ടതും ആകുന്നു.

5. എസ്. എൻ. ഡി. പി. യോഗം തിരഞ്ഞെടുക്കുന്ന 7 അംഗങ്ങളിൽ 1. ബ്രിട്ടീഷ് മലബാറിൽ നിന്നും 2 കൊച്ചിസംസ്ഥാനത്തു നിന്നും ആയിരിക്കണം.

6. പ്രസിഡൻറ് ഭരണക്കമ്മിറ്റിയെ ആദ്യം വിളിച്ചു കൂട്ടേണ്ടതും അതിനുശേഷം പ്രസിഡണ്ടിനാൽ നിയമിക്കപ്പെടുന്ന സെക്രട്ടറി നിർവ്വഹിക്കേണ്ടതും ആകുന്നു.

7. പ്രസിഡണ്ടിന് സാധാരണ വോട്ടിനു പുറമെ ഒരു കാസ്റ്റിങ്ങ് വോട്ടു കൂടി ഉണ്ടായിരിക്കുന്നതാകുന്നു.

8. ഭരണക്കമ്മിറ്റിയുടെ കോറം പ്രസിഡൻറ് ഉൾപ്പടെ 7 ആയിരിക്കുന്നതും അതിൽ സംഘം പ്രതിനിധികളായ രണ്ടു സന്യാസിമാരും യോഗം പ്രതിനിധികളായ രണ്ടു പേരുമെങ്കിലും ഉൾപ്പെട്ടിരിക്കേണ്ടതും ആകുന്നു.

9. കമ്മിറ്റിയോഗങ്ങളിൽ പ്രസിഡണ്ടോ പ്രസിഡണ്ട് നിയോഗിക്കുന്ന മറ്റു കമ്മിറ്റി അംഗമോ അദ്ധ്യക്ഷനായിരിക്കുന്നതാകുന്നു.

10. ശ്രീമത് അച്യുതാനന്ദ സ്വാമികളുടെ കാലശേഷം മഠാധിപതിയും സംഘാദ്ധ്യക്ഷനുമായി പിൻഗാമിയെ നിയമിക്കുന്നതിനുള്ള നടപടി താഴെപ്പറയുംപ്രകാരം വേണ്ടതാകുന്നു.

11. ഭരണക്കമ്മിറ്റി ധർമ്മസംഘത്തിൽ നിന്ന് 3 അംഗങ്ങളേയും ആ മൂന്നംഗങ്ങളിൽ നിന്നു ധർമ്മസംഘം ഒരാളെയും അദ്ധ്യക്ഷനും മഠാധിപതിയുമായി തിരഞ്ഞെടുക്കേണ്ടതാകുന്നു.

12. ഭരണക്കമ്മിറ്റിയുടെ കൃത്യങ്ങൾ

വാർഷിക റിപ്പോർട്ടും ബഡ്ജറ്റും ഉപസ്ഥാപനങ്ങളിൽ നിന്നു വരുത്തി ഒരുമിച്ചുചേർത്തു സെക്രട്ടറി തയ്യാറാക്കുന്നതു പരിശോധിച്ചു പാസ്സാക്കുക.

(13) ശ്രീനാരായണഗുരുസ്വാമികളുടെ ആദർശങ്ങളേയും നിർദ്ദേശങ്ങളേയും മുൻനിറുത്തി മേൽ പറഞ്ഞ സ്ഥാപനങ്ങളുടേയും സ്വത്തുക്കളുടേയും ഭരണം നടത്തേണ്ടതാകുന്നു.

(14) അതതുകാലം എസ്. എൻ ഡി. പി. യോഗത്തിന്റെ ബഡ്ജറ്റും പാസാക്കുമ്പോൾ മേല്പറഞ്ഞ ധർമ്മസ്ഥാപനങ്ങളുടെ ഉപയോഗത്തിനായിട്ടും ഒരു സംഖ്യ ബഡ്ജറ്റു ചെയ്തു വിനിയോഗിക്കേണ്ടതാകുന്നു.

(15) ഭരണസംഘാംഗങ്ങൾ തങ്ങളുടെ ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപു ശിവഗിരിയിൽ ഹാജരായി മഠാധിപതിയുടെ മുമ്പാകെവച്ചു താഴെക്കാണുംപ്രകാരം പ്രതിജ്ഞചെയ്യേണ്ടതാകുന്നു.

പ്രതിജ്ഞാവാക്യം

ഇന്നിടത്തു ഇന്നാരായ ഞാൻ ശ്രീനാരായണഗുരുസ്വാമികളെ എന്റെ ആത്മീയ നേതാവായി സ്വീകരിച്ചിരിക്കുന്നു. ഞാൻ മനസാവാചാകർമ്മണാ ജാതിഭേദമോ മതദ്വേഷമോ കാണിക്കുന്നതല്ല. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു" എന്ന മുദ്രാവാക്യത്തെ സർവ്വാത്മനാ അംഗീകരിച്ചിരിക്കുന്നു.

(16) ഓരോ സ്ഥാപനവും ഭരിക്കുന്നതിനു ഭരണക്കമ്മിറ്റിക്കു സബ്ബ്കമ്മിറ്റിയെ നിയമിക്കാവുന്നതാകുന്നു.

(17) മേല്പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്ന സബ്കമ്മിറ്റിയിൽ അദ്ധ്യക്ഷൻ ഒരു ധർമ്മസംഘാംഗമായിരിക്കേണ്ടതാകുന്നു.

ഈ നിക്കൽ വ്യവസ്ഥകൾ ഇപ്പോൾ യോഗത്തിന്റെയും സംഘത്തിന്റെയും പ്രധാനന്മാരുടെ ആലോചനയിൽ ഇരിക്കയാണ്.

പി. എം. രാമൻ
(യോഗം ഡയറക്ടർ)

—o—

അന്യപത്രങ്ങൾ

ഉത്തരവാദിത്വ ഭരണം

"സംയുക്തപാർട്ടിയുടെ കായ്യപരിപാടി" എന്ന തലക്കെട്ടിൽ മലബാർ മെയിൽ എഴുതിയ ഒരു മുഖപ്രസംഗത്തിൽ ഉത്തരവാദിത്വ ഭരണത്തെ പരാമർശിച്ചു ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

സംയുക്ത രാഷ്ട്രീയസംഘടന നിവൃത്തിയുള്ളടുത്തോളം ഗവൺമെൻറിനോടു സഹകരിച്ചുകൊണ്ടു മുന്നോട്ടു പോകുവാനാണല്ലൊ ശ്രമിക്കുന്നതു്. ഈ സഹകരണോദ്യമം നിയമസഭാതിരഞ്ഞെടുപ്പിനു ശേഷം മൈത്രീസമ്പാദനമെന്ന നിലയിൽ ആവശ്യത്തിൽക്കവിഞ്ഞു പ്രബലപ്പെടുകയുണ്ടായി. ഉത്തരവാദിത്വ ഭരണപ്രക്ഷോഭണം ഗവൺമെൻറിൻെറ താല്പര്യത്തിനു വിപരീതമാണെന്നു പൊതുവെ ഒരു ധാരണയുണ്ടെന്നു തോന്നുന്നു. അഥവാ സംയുക്തപാർട്ടിക്കാർ ഇതിനായി പ്രക്ഷോഭണം ആരംഭിച്ചാൽ ഉടൻ "ഗവൺമെൻറിനെ തകിടം മറിക്കുവാൻ" പോകുന്നുവെന്ന ദുർവ്യാഖ്യാനം ചെയ്യുവാൻ മടിക്കാത്തവരും ഇന്നത്തെ സാഹചര്യങ്ങളിൽ തിരുവിതാംകൂറിലുണ്ടെന്നു ബോദ്ധ്യമായിട്ടുണ്ടു്. അതിനാൽ സംയുക്തപാർട്ടിക്കാർ ഉത്തരവാദിത്വ ഭരണപ്രക്ഷോഭണം ആരംഭിക്കുവാൻ സംശയാധീനരായിട്ടുണ്ടെങ്കിൽ അതിലതിശയിപ്പാനില്ലല്ലൊ. ഉത്തരവാദിത്വഭരണത്തിനായി വാദിക്കുന്നതു യാതൊരു വിധത്തിലും ഗവൺമെൻറിനെതിരല്ലെന്നും ജനസാമാന്യം പൌരബോധത്തിൽ അഭിലഷണീയമായവിധം പുരോഗമനം പ്രാപിച്ചിട്ടുണ്ടെന്നുള്ളതിനു ഈ പ്രക്ഷോഭണം ലക്ഷ്യമാണെന്നും അതിനാൽ പൊതുജനാഭിലാഷങ്ങളെ ആദരിക്കുന്ന എല്ലാ ഗവൺമെണ്ടുകളും ഈ വാദത്തെ സ്വാഗതം ചെയ്യുകയുള്ളുവെന്നും ആക്കാണ അറിഞ്ഞുകൂടാത്തതു്. ജനപ്രതിനിധിസ്ഥാപനങ്ങൾ ഏർപ്പെടുത്തി ജനങ്ങളെ ഭരണകാര്യങ്ങളിൽ ക്രമേണ അടുപ്പിക്കുന്ന പരീക്ഷണം ഇക്കാലമത്രയും നടത്തിക്കഴിഞ്ഞിരിക്കുന്ന തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഗവൺമെൻറുകൾക്കു ഉത്തരവാദിത്വഭരണത്തിലേക്കു കാലൂന്നുവാൻ സമയമായിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല. പ്രതിനിധിസമിതികളേർപ്പെടുത്തി ഭരണം നടത്തുന്ന ഗവൺമെൻറുകൾ ഒരിക്കൽ ഈ ലക്ഷ്യത്തിലെത്തുമെന്നതന്നെ കരുതിക്കൊണ്ടാണല്ലൊ അപ്രകാരം ചെയ്തിട്ടുള്ളതു്. തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദിത്വഭരണപന്ഥാവിൽ മുന്നോട്ടു പോകുന്നതിനുള്ള അവസരം ഇതുതന്നെയാണെന്നു പറയുവാൻ പ്രത്യേകം കാരണമുണ്ടു്. ഉന്നതമായ വിദ്യാഭ്യാസവും പ്രശസ്തമായ രാഷ്ട്രീയബോധവും സുശിക്ഷിതമായ രാഷ്ട്രീയ പരിശീലനവും സിദ്ധിച്ചിട്ടുള്ള ഈ രാജ്യങ്ങളിലെ ജനങ്ങളെ ഭരണകാര്യങ്ങളിൽ പങ്കുകാരും മുതലക്കാരുമാക്കുവാൻ സന്നദ്ധരായ മഹാരാജാക്കന്മാരാണു് നമുക്കുള്ളതു്. ബ്രിട്ടീഷ് ഇൻഡ്യയിൽ ജനകീയ പ്രസ്ഥാനങ്ങളിൽ നേതൃത്വം വഹിച്ചു വിശ്രുതരായ രാജ്യതന്ത്രജ്ഞന്മാരാണു് ഈ അവസരത്തിൽ രണ്ടു രാജ്യങ്ങളിൽ ഭരണസാരഥ്യം വഹിക്കുന്നതും. ഇങ്ങനെ എല്ലാം ഒത്തിരിക്കുന്ന ഈ സന്ധിയിൽ സംയുക്തരാഷ്ട്രീയകാൺഗ്രസ് ഉത്തരവാദിത്വ ഭരണസ്ഥാപനത്തിനായി പ്രക്ഷോഭണം നടത്തുന്നതു തക്ക സമയത്തു ആരഭിക്കുന്ന ഒരു നല്ല കാര്യമാണെന്നു ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു. ഈ പ്രസ്ഥാനത്തോടു് തിരുവിതാംകൂറിലെ നായർ സമുദായവും യോജിക്കുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ.

തിരുവിതാംകൂർ മഹാരാജാവിനെ ഇന്ത്യാചരിത്രം ഒരിക്കലും വിസ്മരിക്കയില്ല

'തിരുവിതാംകൂർ മഹാരാജാവു' വിജയിപ്പൂതാക' എന്ന തലക്കെട്ടിൽ 'സഹോദരൻ' പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിൽനിന്നു്:—

ക്ഷേത്രപ്രവേശനവിളംബരത്തിനു പല കാരണങ്ങളും പ്രവർത്തിച്ചിരുന്നെങ്കിലും തിരുവിതാംകൂർ മഹാരാജാവിനെപ്പോലെ വിശാലഹൃദയനായ ഒരു രാജാവു് ഇല്ലായിരുന്നെങ്കിൽ അതു ഇപ്പോഴെങ്കിലും സാധിക്കയില്ലായിരുന്നു എന്നതു് സംശയമറ്റ സംഗതിയാണു്. അതുകൊണ്ടു ക്ഷേത്രപ്രവേശനവിളംബരത്തെ തിരുമനസ്സിലെമാത്രം മഹാപരിശ്രമമായി എടുക്കുന്നതിൽ ഒരു അതിശയോക്തിയുമില്ല. ഈ പരിശ്രമം കേവലം ഒരു തിരുവിതാംകൂറിനെമാത്രം സംബന്ധിക്കുന്നതുമല്ല. ഇന്ത്യ ഒട്ടുക്കു അതിൻെറ ആശയശക്തി വ്യാപിച്ചുതുടങ്ങിയിട്ടുണ്ടു്. മറ്റു നാട്ടുരാജ്യങ്ങളിലേക്കും ബ്രിട്ടീഷിന്ത്യയിലേക്കും തിരുമനസ്സിലെ ക്ഷേത്രപ്രവേശനസന്ദേശം പ്രതിബന്ധങ്ങളെ ജയിച്ചു പ്രചരിച്ചുവരുന്നു. മദ്രാസ് നിയമസഭയും കാർപൊറേഷൻസഭയും ആ സന്ദേശത്തെ ആദരിച്ചിരിക്കുന്നു. മദ്രാസിലെ പല പട്ടണസഭകളും തിരുവിതാംകൂർരാജാവിനേയും അവിടത്തെ വിളംബരത്തേയും അഭിനന്ദിച്ചു നിശ്ചയങ്ങൾ പാസ്സാക്കിവരുന്നു. ഇൻഡ്യാർമഹാരാജാവു തിരുവിതാംകൂർമഹാരാജാവിനെ അനുമോദിച്ചതായും ഇൻഡ്യോറിലും ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിക്കുവാൻ ആലോചിക്കുന്നതായും കാണുന്നു. മുന്നാട്ടു കാലംകടന്നു പോയിട്ടാതെ കാവൽനില്ക്കുന്ന ചില സനാതനികരും എന്തെല്ലാം കുസൃതികളും കാണിച്ചാലും തിരുവിതാംകൂർ മഹാരാജാവു തുടങ്ങിയിരിക്കുന്ന ക്ഷേത്രംപുറപ്പുപ്രസ്ഥാനം താമസിയാതെ ഇന്ത്യമുഴുവൻ പരക്കുന്നതാണു്. അങ്ങനെ വന്നാൽ ഇന്ത്യയിലെ അയിത്തം അസ്തമിച്ചുഎന്നും ജാതിവ്യത്യാസം ഇല്ലാതാകാനുള്ള വഴി തുറന്നു എന്നുമായിരിക്കും അർത്ഥം. ഇങ്ങനത്തെ ഒരു സ്ഥിതി വരുന്നതിനെക്കാൾ വലിയഭാഗ്യം ഇന്ത്യക്കു തല്ക്കാലം വേറെ ഉണ്ടാകാനില്ല. ഈ പരമഭാഗ്യത്തിനു വഴിതെളിച്ച തിരുവിതാംകൂർ മഹാരാജാവിനെ ഇന്ത്യാചരിത്രം ഒരിക്കലും വിസ്മരിക്കയില്ല. തിരുമനസ്സിലേക്കു ഇതു വിദൂരഫലമുള്ള ഒരു വലിയ പരിശ്രമം സാധിച്ചതു യാദൃശ്ചികമായിട്ടില്ല. അസാധാരണമായ വിശാലഹൃദയത്വവും ദീനാനുകമ്പയും ധൈര്യവുംകൊണ്ടാണു ഈ പരിശ്രമം തുടങ്ങാൻ അവിടേക്കു സാധിച്ചതു്. ജനങ്ങളെക്കൊന്നു ചക്രവർത്തിപദം നേടുന്ന വീരന്മാരായ നെപ്പോളിയന്മാരുടെ കഠിനധൈര്യംപോലെ സംശയാസ്പദമായ ഒരു ഗുണമല്ല അനേകകോടി ജനങ്ങളെ അയിത്തശാപത്തിൽനിന്നു മോചിപ്പിക്കുന്ന മഹാകർമ്മംകൊണ്ടു വീരനായ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ മുദ്രലഭിക്കുന്നതും. അധഃകൃതരായിരുന്ന അനവധിലക്ഷം ജനങ്ങളുടെ കണ്ണിലുണ്ണിയായി തീർന്നിരിക്കുന്ന തിരുവിതാംകൂർ മഹാരാജാവു ജയിപ്പൂതാക.

തിരുവിതാംകൂറിലെ സ്ഥിതിഗതി

മേൽകാണുന്ന തലക്കെട്ടിൽ മിതവാദി പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിൽ ഇങ്ങനെ കാണുന്നു:—

..... കേശവസ്വീകരണങ്ങളും രാജദ്രോഹകരവും സമാധാനഭംഗത്തിനു ഇടയാക്കുന്നവയുമാണെന്നു വരുത്തിക്കൂട്ടുവാനാണു ഈ പത്രങ്ങളുടെയും ഈ പത്രങ്ങളിലെ ചില ലേഖകന്മാരുടെയും ശ്രമം. രാജദ്രോഹകരമായി കേശവസ്വീകരണങ്ങളിൽ ഒരു പ്രകടനവും പ്രസ്ഥാനവും ഇതേവരെ ഉണ്ടായിട്ടില്ല. പല സ്ഥലത്തും വളരെ ഗംഭീരമായ സ്വീകരണങ്ങൾ നടന്നിട്ടും ഒരു സമാധാനഭംഗവും ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകേണ്ട ആവശ്യവുമില്ല. കേശവസ്വീകരണങ്ങളെ തടയാൻ ബുദ്ധിമായി എന്തോ ശ്രമം നടക്കുന്നുണ്ടെന്നു ഊഹിക്കേണ്ടതിനിലയാണു് തിരുവിതാംകൂറിൽ കാണുന്നതു്. കാർത്തികപ്പള്ളിയിൽ ഈയിടെ ഈഴവരുടെ ഒരു യോഗംകൂടി കേശവസ്വീകരണത്തിനും എ.ഐ.സ്. എൻ. ഡി. പി യോഗത്തിനും എതിരായി നിശ്ചയങ്ങളും പാസ്സാക്കിയിരിക്കുന്നതായി കാണുന്നു. മി. കേശവൻ ക്രിസ്ത്യാനികളുടെ ആയുധമായിപ്പോയി എന്നാണു് ഈ യോഗക്കാരുടെ ഒരു വലിയ ആക്ഷേപം. മി. കേശവൻ ക്രിസ്ത്യാനികളോടും മുസ്ലിമിങ്ങളോടും യോജിച്ചു വാദിക്കുന്നതു സമുദായപ്രാതിനിദ്ധ്യം ശരിക്കു നടപ്പിൽവരുത്തുവാൻ മാത്രമാണു്. ക്രിസ്ത്യാനികൾക്കും മുസ്ലിമിങ്ങൾക്കും അതു ആവശ്യമായതുകൊണ്ടു തുല്യാവശ്യക്കാരായ കക്ഷികൾ തമ്മിലുള്ള സ്വാഭാവികമായ ഒരു യോജിപ്പാണു സംയുക്തസമുദായങ്ങളുടെ യോജിപ്പു്. മി. കേശവൻ ക്രിസ്ത്യാനികളുടെ ആയുധമാകയാണു് ചെയ്യുന്നതെന്നു ഇതുകൊണ്ടു വരുന്നില്ല. നേരെമറിച്ചു കാർത്തികപ്പള്ളിയിലെ ഈഴവയോഗക്കാർ കേശവസ്വീകരണത്തിനും എസ് എൻ. ഡി. പി. യോഗത്തിനും എതിരായി നിശ്ചയങ്ങളും പാസ്സാക്കുന്നതു വേറെ ആരുടെയൊ ആയുധങ്ങളായിട്ടാണെന്നുള്ളതു അവരുടെ നിശ്ചയങ്ങളുടെ ഗതിതന്നെ തെളിയിക്കുന്നു. ഇത്ര ബോധമില്ലാത്ത സമുദായത്വാല്പര്യത്തിനു എതിരായി പ്രവർത്തിക്കാൻ സമുദായത്തിൽതന്നെ ചിലരെ മറവുള്ളവർക്കു ആയുധങ്ങളാക്കാൻ കിട്ടുന്നതു ഒരു നിർഭാഗ്യമെന്നെ പറയാനുള്ളു.

മി. കേശവൻെറ സ്വീകരണങ്ങളും രാജദ്രോഹകരങ്ങളല്ലെന്നുള്ളതു സ്പഷ്ടമായിരുന്നിട്ടും അങ്ങനെ ഒരു അവാസ്തവം പരത്തുന്നവർ വാസ്തവത്തിൽ രാജദ്രോഹികളായിട്ടാണു ഫലിക്കുന്നതു്. ഇവരുടെ പ്രചരണങ്ങളും പുറത്തുള്ളവരുടെ ഇടയിൽ തെറ്റിദ്ധാരണയുടെ ഇടവരുത്തുന്നുണ്ടു്. തിരുവിതാംകൂറിൽ രാജദ്രോഹികളായി ഒരു കക്ഷിക്കാർ ഉണ്ടെന്നുള്ളതാണു ആ തെറ്റിദ്ധാരണ. ആ തെറ്റിദ്ധാരണ പരത്തുവാൻ ഇടയാക്കുന്നവരെയാണു് തിരുവിതാംകൂർഗവൺമെണ്ടു ഭയപ്പെടേണ്ടതു്. അവരുടെ പ്രചരണത്തെയാണു ഗവൺമെണ്ടു തടയേണ്ടതു്.

—o—

ക്ഷേത്രപ്രവേശവും ഹിന്ദുമതസംഘടനയും

പുരോഗതിക്കും കാലോചിതമായ പരിവർത്തനങ്ങൾക്കും സൗകര്യം ലഭിക്കാതെ വളർച്ചയറ്റ മരം പോലെ ഇലകൾ കൊഴിഞ്ഞും, ശാഖകളുണങ്ങിയും ഫലശൂന്യമായും നിന്നിരുന്ന ഹിന്ദുമതമാമരം ശുഷ്കപ്രായമായിത്തീർന്ന സന്ദർഭത്തിൽ നിയതിദത്തമായ ഒരനുഗ്രഹം പോലെയാണ് ആ വൃക്ഷം തളിർക്കുവാനും പൂക്കുവാനും മധുരഫലങ്ങൾ പൊഴിക്കുവാനും ഉപകാരപ്പെടുന്ന ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ തിരുവെഴുത്തു വിളംബരം ആവിർഭവിച്ചത്.

സി. കേശവൻ ബി. എ. ബി. എൽ.

ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ക്ഷേത്രപ്രവേശനവിളംബരത്തിന്റെ രാഷ്ട്രീയവും സാമുദായികവുമായ ഭാവിഫലങ്ങളെപ്പറ്റി എനിക്കുള്ള അഭിപ്രായം അറിയണമെന്ന "മാതൃഭൂമി" ആവശ്യപ്പെട്ടിരുന്നു. എത്രയും ദൂരവ്യാപിയായ ഫലങ്ങളുളവാക്കുടിയ ഒരു രാജശാസനമാണ് ഈ വിളംബരമെന്നു ആരും സമ്മതിക്കുമെങ്കിലും ആ ഫലങ്ങൾ എന്തെല്ലാമായിരിക്കുമെന്നു എണ്ണിയെണ്ണിപ്പറയുവാൻ ഞാൻശക്തനല്ല



വർണ്ണാശ്രമധർമ്മങ്ങൾ എന്നു ഒരു ധർമ്മപ്രമാണം പ്രചരിപ്പിച്ചവർ നല്ല ഉദ്ദേശത്തോടുകൂടിയായിരിക്കാം അതു ചെയ്തതെങ്കിലും, കാലാന്തരത്തിൽ എന്തെല്ലാം അധർമ്മങ്ങൾക്കു അതു ഇടവരുത്തിയെന്നും അതിൽനിന്നുൽഭൂതമായ ജാതികളും ജാതികൃത്യങ്ങളായ അനാചാരങ്ങളും നിമിത്തം ഇൻഡ്യയ്ക്കും ഹിന്ദുക്കൾക്കും ഹിന്ദുമതത്തിനും ആ ധർമ്മപ്രമാണത്തിനുതന്നെയും സംഭവിച്ച അധഃപതനവും പരാധീനതയും എത്രമാത്രമെന്നും വിസ്തരിച്ചുപറഞ്ഞിട്ട് ആവശ്യമില്ലാത്തവണ്ണം അവ എല്ലാവർക്കും ബോധപ്പെട്ടിട്ടുള്ളതാണല്ലൊ. ഹിന്ദുക്കൾ ഈ ദോഷപരിഹാരത്തിനായി പലകാലത്തും പല പ്രകാരത്തിലും ശ്രമിച്ചിട്ടുള്ളതിന് ചരിത്രത്തിൽ ദൃഷ്ടാന്തങ്ങൾ ഉണ്ടെങ്കിലും ആവക ശ്രമങ്ങൾ ഒക്കൊന്നിനും ഫലപ്രാപ്തിവരാതെപോയതു രാജശക്തിയുടെ പിൻബലം അവയ്ക്കില്ലാതെപോയതുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ജാതികൃത്യങ്ങളായ അനാചാരങ്ങൾ കേവലം സ്മൃതികളും ആഗമങ്ങളും എഴുതി പുരോഹിതന്മാരായ ബ്രാഹ്മണർ നടപ്പാക്കിയതാണെന്നു പറയാവുന്നെങ്കിലും വാസ്തവത്തിൽ സ്മൃതികളിലും മറ്റും കാണുന്ന നിയമങ്ങൾ നടപ്പിൽവന്നതു രാജശക്തിയുടെ പിൻബലംകൊണ്ടാണെന്നു നിസ്സംശയം പറയാവുന്നതാണ്. അടുത്തകാലംവരെ തിരുവിതാംകൂറിലെ സിവിൽ ക്രിമിനൽ കോടതികളിൽ ന്യായാധിപന്മാർക്കു പുറമെ ഒരു ശാസ്ത്രിയെക്കൂടി നിയമിക്കുക പതിവുണ്ടായിരുന്നല്ലൊ. ധർമ്മാധർമ്മങ്ങളും ജാതിസംബന്ധമായ നിയമങ്ങളും സ്മൃത്യാദികളും നോക്കി ശാസ്ത്രികൾ ഉപദേശിക്കുന്നതനുസരിച്ചായിരിക്കണം ന്യായാധിപന്മാർ വിധികല്പിക്കേണ്ടതെന്നു അവരെ നിയമിക്കുന്ന ഉത്തരവുകളിൽതന്നെ പ്രസ്താവിക്കുക പതിവായിരുന്നു. തിരുവിതാംകൂറിലെ ശിക്ഷാനിയമത്തിൽ, മരണശിക്ഷ ബ്രാഹ്മണനു വിധിച്ചുകൂടാ എന്നു ഒരു പട്ടമുള്ളതിനെ ഒരു ബ്രാഹ്മണ ന്യായാധിപൻതന്നെ സുവ്യക്തമായി അപലപിച്ചിട്ടും ഇന്നും ആ പട്ടം പീനൽ കോടിൽ ശേഷിക്കുന്നുണ്ടല്ലൊ. അനേകനൂറ്റാണ്ടുകാലം ജാതിയുടേയും ജാത്യാചാരങ്ങളുടേയും നിയമങ്ങൾ ഈ വിധം രാജാധികാരത്താൽ പരിരക്ഷിക്കപ്പെട്ടു വന്നാൽ, അതു അലംഘ്യമായ ദൈവകല്പനയെന്ന ജനങ്ങൾ കരുതിത്തുടങ്ങുന്നതു അത്ഭുതമല്ല. മതകാര്യങ്ങളിലും സമുദായകാര്യങ്ങളിലും ബ്രിട്ടീഷു ഗവർമ്മെൻറു പ്രവേശിക്കുന്നതല്ല എന്നുള്ള വിക്ടോറിയാ മഹാരാജ്ഞിയുടെ തിരുവെഴുത്തു വിളംബരംമൂലം ഈ അനാചാരങ്ങളുടെ പരിഹാരത്തിനു ജനസമുദായ നേതാക്കന്മാർ ചെയ്തവന്ന എല്ലാ ശ്രമങ്ങളേയും എതിർക്കുവാൻ യാഥാസ്ഥിതികർക്കു സൗകര്യം ഉണ്ടായിത്തീർന്നു. ഇങ്ങനെ പുരോഗതിക്കും കാലോചിതമായ പരിവർത്തനങ്ങൾക്കും സൗകര്യം ലഭിക്കാതെ വളർച്ചയറ്റ മരംപോലെ ഇലകൾ കൊഴിഞ്ഞും, ശാഖകളുണങ്ങിയും, ഫലം ശൂന്യമായും നിന്നിരുന്ന ഹിന്ദുമതമാമരം ശുഷ്കപ്രായമായിത്തീർന്ന സന്ദർഭത്തിൽ നിയതിദത്തമായ ഒരനുഗ്രഹം എന്നപോലെയാണ് ആ വൃക്ഷം തളിർക്കാനും, പൂക്കുവാനും, മധുരഫലങ്ങൾ പൊഴിക്കുവാനും നിർവ്വിവാദമായി ഉപകാരപ്പെടുന്ന ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ഈ തിരുവെഴുത്തു വിളംബരം ആവിർഭവിച്ചത്. തിരുമനസ്സിലെ അധികാരസീമയ്ക്കകത്തു് മാത്രമേ ഈ വിളംബരത്തിനു ഇപ്പോൾ വ്യാപ്തിയുള്ളു എങ്കിലും, അതിരേണ ഭാരതഖണ്ഡത്തിൽ എവിടേയും ഇതിനു പ്രചാരം വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഏതു പ്രക്ഷോഭണത്തേയും അല്പാല്പമായി അംഗീകരിക്കയല്ലാതെ പൂർണ്ണമായി അംഗീകരിക്കുകയാതൊരു ഗവർമ്മെൻറിനും പതിവില്ല. എന്നാൽ ക്ഷേത്രപ്രവേശന പ്രക്ഷോഭകന്മാർ പ്രതീക്ഷിച്ചതിലും തത്സംബന്ധമായ അന്വേഷണത്തിനു നിയുക്തരായ കമ്മിറ്റിക്കാർ ശിപാർശി ചെയ്തതിലും കവിഞ്ഞു്, നിരുപാധികമെന്ന നിർവ്വിവാദമായി പറയാവുന്ന വിധത്തിലുള്ള പ്രവേശനമാണ് സമസ്ത ഹിന്ദുക്കൾക്കും മാത്രമല്ല, ഹിന്ദുമതം അംഗീകരിക്കുവാൻ സമ്മതമുള്ള ഏവർക്കും, അനുവദിച്ചിരിക്കുന്നതെന്നോർക്കുമ്പോൾ ഈ വിളംബരത്തിനു തുല്യമായി പറയുവാൻ ഈ വിളംബരമല്ലാതെ മറ്റൊന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പല ജാതികളായി ഭിന്നിച്ചു പരസ്പരസ്പർദ്ധയോടുകൂടി കഴിഞ്ഞുവന്നിരുന്ന ഹിന്ദുക്കളെ കൂട്ടിയിണക്കുവാൻ മാത്രമല്ല, ഹിന്ദുക്കളുമായുള്ള സംസർഗ്ഗം മൂലമോ പരിവർത്തനം കൊണ്ടും പരിവർത്തനം വരാതെ അഹിന്ദുമതക്കാരുടെ ഇടയിലും നിലനിന്നു വരുന്ന സമുദായ ഭിന്നതകളെയും നാമാവശേഷമാക്കുവാൻ പ്രയോജകീഭവിക്കുന്ന ഈ വിളംബരംമൂലം ഉണ്ടാകുന്ന സാമുദായിക പരിവർത്തനങ്ങൾ എല്ലാവരും ആഗ്രഹിക്കുന്ന ഒരു ഇന്ത്യൻ നേഷന്റെ സൃഷ്ടിക്കു പശ്ചാത്തലമായിത്തീരുമെന്നു പറഞ്ഞാൽ ഇതിന്റെ സാമുദായികമായ പ്രയോജനങ്ങളെക്കുറിച്ചു പറയാനുള്ളതു മുഴുവൻ അതിൽ അടങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു.

വിളംബരംമൂലമുണ്ടാകുന്ന രാഷ്ട്രീയമായ പ്രയോജനത്തെക്കുറിച്ചു് അധികം വിസ്തരിക്കണമെന്നില്ല. ഇന്ത്യയുടെ രാഷ്ട്രീയപുരോഗതിക്കു വലുതായ പ്രതിബന്ധമായി നിന്നതു് ഇന്ത്യയിലെ സമുദായഭിന്നതകൾ ആയിരുന്നുവല്ലൊ. ഇൻഡ്യ വിദേശിയങ്ങളായ പല ശക്തികൾക്കും അടിമപ്പെടുവാൻ ഇടയായതും ഇന്നും ആ അടിമത്തത്തിൽനിന്നു മോചനം ലഭിച്ചിട്ടില്ലാത്തതും ഇൻഡ്യൻജനതയുടെ ഒരു നേഷന്റെ സ്വഭാവത്തോടും കർമ്മപരിപാടികളോടുംകൂടി പ്രവർത്തിക്കുവാൻ കഴിവില്ലാതായിത്തീർന്നതുകൊണ്ടാണല്ലൊ. വിളംബരത്തിന്റെ സാമുദായികപ്രയോജനം ഒരു നേഷന്റെ സൃഷ്ടിക്കു ഉപയുക്തമായിത്തീരുകതന്നെയെങ്കിൽ രാഷ്ട്രീയമായ അതിന്റെ കാര്യഫലം അനായാസസിദ്ധമാകുന്നു. എന്നാൽ ഒരു സന്ദേഹം പിന്നെയും ശേഷിക്കുന്നുണ്ട്. ജാതിഭേദംനിമിത്തം ഉണ്ടായിട്ടുള്ള അവശതകൾക്കു് ഈ വിളംബരം പരിഹാരമുണ്ടാക്കുകയല്ലാതെ, മതഭേദംനിമിത്തമുള്ള അവശതകൾക്കു് എങ്ങനെ പരിഹാരം ഉണ്ടാക്കാമെന്നു് ഒരു സന്ദേഹം ഇപ്പോഴത്തെ സ്ഥിതിക്കു ആക്കം ഉണ്ടാകാവുന്നതുതന്നെ. ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ ഉത്തരേന്ത്യയിൽ പ്രബലമായും ദക്ഷിണേന്ത്യയിൽ സാമാന്യമായും ഒരു മത്സരബുദ്ധി നിലനിന്നുവരുന്നുണ്ടല്ലൊ. ഈ രണ്ടു മഹാസമുദായങ്ങളെയും തമ്മിൽ രഞ്ജിപ്പിക്കുവാൻ മഹാത്മജി ഉൾപ്പെടെയുള്ള മഹാരഥന്മാർ എത്രതന്നെ പണിപ്പെട്ടിട്ടും സാധിക്കുന്നില്ല. ഈ മത്സരം ഭരണാധികാരികളായ ബ്രിട്ടീഷുകാർ മനഃപൂർവ്വം ഉണ്ടാക്കിത്തീർത്തതാണെന്നു ചിലർ പറയുന്നതിനെ ഞാൻ വിശ്വസിക്കുന്നില്ല. ഹിന്ദുക്കളും മുസ്ലീമുകളേക്കാൾ തുലോം സംഖ്യകുടിയവരാണെങ്കിലും വല്ലയിടത്തും ഈ രണ്ടു സമുദായങ്ങളും തമ്മിൽ ഒരു വഴക്കുണ്ടായാൽ മുസ്ലീങ്ങളുടെ മുമ്പാകെ ഹിന്ദുക്കൾ വിഗതവീര്യന്മാരായിട്ടാണ് സാധാരണ കാണപ്പെടുന്നതു്. ഈയിടെ കറാച്ചിയിൽവച്ചുനടന്ന ഹിന്ദുമഹാസഭയിൽ ഭായിപരമാനന്ദൻ പ്രസ്താവിച്ചതുപോലെ ഹിന്ദുക്കൾ ഒരു സുസംഘടിതജനതയായി ശക്തിപ്പെട്ടുകഴിഞ്ഞാൽ, ഇത്തരം അനിഷ്ടസംഭവങ്ങൾക്കു ഇടവരുന്നതല്ലെന്നതന്നെയാണ് എന്റെയും വിശ്വാസം. തുല്യശക്തിയുള്ള സമുദായങ്ങൾതമ്മിൽ മത്സരം ഉണ്ടാവുക സാധാരണസംഭവമല്ല. ഹിന്ദുക്കൾ സംഘടിച്ചു ശക്തിപ്പെട്ടാലെല്ലാ ഹിന്ദുമുസ്ലീംസമുദായങ്ങളും തമ്മിൽ ഇന്നു നിലനിന്നുവരുന്ന വഴക്കുകൾക്കു പരസ്പരം വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടുള്ള ന്യായമായ ഒരു രാജി സാധ്യമായി വരികയുള്ളുവെന്നും പരമാനന്ദൻ പറഞ്ഞതു് ശരിയായ നിദാനമറിഞ്ഞു പറഞ്ഞതുതന്നെയാണ്. എന്നാൽ ഇന്നുള്ള ഉച്ചനീചബുദ്ധി കൈവെടിഞ്ഞിട്ടില്ലാത്തവർ ഹിന്ദുസംഘടനയ്ക്കു ശ്രമിച്ചാൽ ആ സംഘടന സംജാതമാകുന്നതല്ല. ഹിന്ദുസംഘടന സാധ്യമായിരിക്കുന്നതു സംഘടനയ്ക്കുറങ്ങുന്ന പ്രവർത്തകന്മാരുടെ മനഃശുദ്ധിയെ ആശ്രയിച്ചേ ആയിരിക്കയുള്ളു. ക്ഷേത്രപ്രവേശനവിളംബരത്തിൽ മഹാരാജാവുതിരുമനസ്സുകൊണ്ടു് പ്രത്യക്ഷമാക്കിയിരിക്കുന്ന കളങ്കലേശമില്ലാത്ത മനഃശുദ്ധിയോടുകൂടി പ്രവർത്തിക്കുവാൻതക്ക പ്രവർത്തകന്മാർ ഉണ്ടായാൽ ഹിന്ദുസംഘടന അനായാസേന സാധ്യമായിത്തീരുമെന്നും അതോടുകൂടി ഇൻഡ്യയുടെ രാഷ്ട്രീയമായ സമ്പൂർണ്ണവും സാധിതമായിത്തീരുമെന്നാണ് എന്റെ വിശ്വാസം.

(മാതൃഭൂമി ക്ഷേത്രപ്രവേശവിശേഷാൽപ്രതി)

തിരുനാൾ ആഘോഷങ്ങൾ

മഹാരാജാവു തിരുമനസ്സിലെ 25-ാമതു ആട്ടത്തിരുനാൾ എസ്. എൻ. ഡി. പി. യോഗത്തിന്റെ നിർദ്ദേശമനുസരിച്ച് എല്ലാ യൂണിയനിലുംപെട്ട ശാഖായോഗങ്ങളും ഈമാസം 17-ാംനു- പൂവ്വാധികം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു. ശാഖായോഗങ്ങളുടെ ആഭിമുഖ്യത്തിൽ നാട്ടിന്റെ നാനാഭാഗങ്ങളിലും ആന, മുത്തുക്കുട, ബാൻഡ്, നാഗസ്വരം, ചെണ്ട, കതിനാവെടി, വഞ്ചിപ്പാട്ട്, വാളൻറിയർ സംഘത്തിന്റെ അകമ്പടി ഇവയോടുകൂടിയ വമ്പിച്ച ഘോഷയാത്രകളും പൊതുയോഗങ്ങളും നടന്നതായി റിപ്പോർട്ടുകൊണ്ടു കാണുന്നു. മഹാരാജാവു തിരുമനസ്സിലേക്കു ആയുരാരോഗ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന നിശ്ചയങ്ങളും മഹാരാജാവു തിരുമനസ്സിലേയ്ക്കു അനുമോദനസന്ദേശങ്ങളും ശാഖായോഗങ്ങൾ അയച്ചതായും കാണുന്നുണ്ട്. ശാഖായോഗാനുബന്ധികളിൽപെട്ട ക്ഷേത്രങ്ങളിൽ വിശേഷാൽ പൂജയും ആരാധനയും മറ്റും നടന്നതിനുപുറമേ ദീപക്കാഴ്ചകളും മറ്റുമുണ്ടായിരുന്നു. വള്ളംകളി, കായികാഭ്യാസപ്രദർശനങ്ങളും മുതലായവയും ചില ശാഖായോഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. സാധുക്കൾക്കു അന്നദാനം നൽകിയ ശാഖകളും അപൂവ്വമായിരുന്നില്ല.

തിരുനാൾസംബന്ധിച്ച ഇതര ചടങ്ങുകൾക്കുപുറമേ ഉള്ളന്നൂർ S. N. V. P. G. സ്കൂളിന്റെ മുമ്പിലും, പരവൂർ ശ്രീനാരായണവിലാസം ഇംഗ്ലീഷ് സ്കൂളിന്റെ മുൻവശം കിഴക്കുഭാഗത്തും, മയ്യനാട്ട കൊച്ചുനടയിലും, കൊല്ലം പന്ത്രണ്ടുമുറി ജ്ഞാനോദയം വായനശാലാകോമ്പൗണ്ടിലും ഓരോ "ചിത്രബോധി" (അരയാൽ) നട്ടതായും വിശ്വവിഖ്യാതമായ ക്ഷേത്രപ്രവേശനവിളംബരം ശിലയിൽ കൊത്തിവയ്ക്കുന്നതിനുഭാരവാഹികൾ തീരുമാനിച്ചിരിക്കുന്നതായും അറിയുന്നു. പൂർണ്ണമായ റിപ്പോർട്ടുകൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല. റിപ്പോർട്ടുകളയച്ച ചില ശാഖകളുടെ പേരു മാത്രം അടിയിൽ ചേർക്കുന്നു.

ശാഖ നംബർ

70 ഇടവംകാട്ട്
188 മടത്തിക്കാരാണ്മ
301 മുളങ്കുളം തെക്ക്
304 കള്ളിക്കാട്ട്
കുട്ടനാട് കോട്ടഭാഗം
പൂഞ്ഞാർ
നല്ലാണിക്കൽ
335 കണ്ടല്ലൂർ വടക്ക്
372 കന്നങ്കനി
289 പുതിയവിള വടക്ക്
283 കീരിക്കാട്ട്.
288 "
433 പുത്തൻസങ്കേതം
നെടുമ്പുറം
കടയിനിക്കാട്ട്
638 വെങ്ങല്ലൂർ
430 ഇടവട്ടം
431 അഷ്ടമുടി
432 ആശ്രാമം
436 പനയം
439 കിഴക്കേക്കല്ലട
440 വിജയവിലാസം, പ്രാക്കുളം
444 മയ്യനാട്ട്
445 പ്രാക്കുളം
446 പള്ളിത്തോട്ടം
447 തെക്കേച്ചേരി, പെരിനാട്ട്
450 ശ്രീവിലാസം, പട്ടത്താനം
454 പെരുമൺ
467 ശ്രീകേശവവിലാസം, കിഴക്കേക്കല്ലട
477 ഇരവിപുരം
491 കണ്ടച്ചിറ
493 കുമാരവിലാസം, ഉളിയക്കോവിൽ
502 ഡാ: പല്ല്യമെമ്മോറിയൽ, പേരയം
512 പേരൂർ കിഴക്കേക്കര
513 പേരൂർ പടിഞ്ഞാറേക്കര
514 കുരീപ്പുഴ, പെരിനാട്ട്
523 പട്ടംതുരുത്ത്
524 പേഴുംതുരുത്ത്
528 കുണ്ടറ
538 മുണ്ടയ്ക്കൽ
542 കായിലോൺ ടൌൺ
547 കായിലോൺ ടൌൺ തേവള്ളി
564 നീരാവിൽ, പെരിനാട്ട്
578 ചാത്തന്നൂർ
589 വാളത്തുങ്കൽ, മയ്യനാട്ട്
590 സെൻട്രൽ ചാത്തന്നൂർ
591 ക്ഷേത്രപ്രവേശനസ്മാരകം, കുരീപ്പുഴ
598 മുരുന്തൽ
599 മതിലിൽ
603 പടിഞ്ഞാറെക്കൊല്ലം
604 ശക്തികുളങ്ങര
611 ശക്തികുളങ്ങര വടക്ക്
619 മുള്ളുവിള
623 തിരുമുല്ലവാരം
624 അയത്തിൽ
ഉദയമാത്താണ്ഡപുരം
മീനത്തുചേരി
വെൺപാലക്കര പന്ത്രണ്ടുമുറി
മൈലക്കാട്ട തഴത്തല
പെരുങ്ങാലം
മണ്ട്രോതുരുത്ത്
കിടപ്രം
416 കല്ലേലിഭാഗം
492 മൈനാഗപ്പള്ളി
441 കോഴിക്കോട്ട്
162 "
444 കരുനാഗപ്പള്ളി
185 "
402 "
401 "
161 "
182 ക്ലാപ്പന
പുനലൂർ

തിരുവിതാംകൂറിലും
കോൺഗ്രസ്സ് പ്രവർത്തനം

—൦—

പ്രവർത്തന പരിപാടി

തിരുവിതാംകൂറിലെ താൽക്കാലിക കോൺഗ്രസ്സ് കമ്മറിയുടെ ഒരു യോഗം ഒക്ടോബർ 30-ാംനു തിരുവനന്തപുരത്തുവച്ചു കൂടുകയും താഴെവരുന്ന പരിപാടി അനുസരിച്ചു പ്രവർത്തനം നടത്തുന്നതിനു നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

ഈ കമ്മറി ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ സൃഷ്ടിപരവും രാഷ്ട്രീയവുമായ പരിപാടി തിരുവിതാംകൂറിൽ നടപ്പിലാക്കുന്നതാണ്.

സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന പരിപാടികൾ ഉൾപ്പെടുന്നതായിരിക്കും.

(1) സമുദായമൈത്രി (2) ഖാദി സ്വദേശിപ്രചരണം (3) അധ:കൃതോദ്ധാരണം (4) മദ്യവർജ്ജനം (5) ഹിന്ദിപ്രചരണം.

തിരുവിതാംകൂറിലെ പരിത:സ്ഥിതികൾക്കനുസരിച്ചു ഖാദിപ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായ്വരും. നൂൽനൂൽപു, നെയ്ത്തു, കയർനിർമ്മാണം, മുതലായ കുടിൽവ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുകയും അങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കുകയുമാണ് ഉദ്ദേശ്യം.

മദ്യവർജ്ജനം പരിപൂർണ്ണമായി നടപ്പിലാക്കേണ്ടതു് ആവശ്യമായ്വരും.

രാഷ്ട്രീയകാര്യങ്ങളിൽ സ്വരാജ്യമായിരിക്കും കമ്മറിയുടെ ആദർശം. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ പൂർണ്ണസ്വരാജ്യവാദത്തിനു കഴിയുന്നത്ര ശക്തി കൂട്ടുവാൻ കമ്മറി ശ്രമിക്കുന്നതാണ്.

ഫെഡറേഷൻ

ഇൻഡ്യാ ആക്ടിൽ അടങ്ങിയിരിക്കുന്ന ഫെഡറേഷൻ ഇൻഡ്യയ്ക്കു സ്വീകാര്യമല്ലെന്നും



[ഇപ്പോൾ കൊച്ചിയിൽ വക്കീലായിരിക്കുന്ന തിരുവിതാംകൂർ റിട്ടയർഡ് ഹൈക്കോടതി ജഡ്ജി സി. രാമൻ തമ്പിആവർകൾ.]

സ്വയംഭരണാവകാശമുള്ള ഘടകങ്ങളടങ്ങിയ ഒരു ഉത്തമ ഫെഡറേഷൻ സ്ഥാപിക്കേണ്ടതാണെന്നുമുള്ള കോൺഗ്രസ്സിന്റെ അഭിപ്രായം കമ്മറി സ്വീകരിക്കുന്നതായിരിക്കും. കോൺഗ്രസ്സിന്റെ ആദർശമനുസരിച്ചുള്ള ഫെഡറേഷനിലെ ഒരു അംഗമായിത്തീരാൻ തിരുവിതാംകൂറിൽ വേണ്ടതൊക്കെ കമ്മറി പ്രവർത്തിക്കുന്നതാണ്. അതിനുള്ള ഉപാധികൾ താഴെ പറയുന്നവയായിരിക്കും.

1. ഉത്തരവാദിത്വഭരണം. 2. മൗലികാവകാശങ്ങൾ. 3. പത്രസ്വാതന്ത്ര്യം. 4. പ്രായപൂർത്തിവന്നവർക്കെല്ലാം വോട്ടവകാശം. 5. പൗരസ്വാതന്ത്ര്യസംഘം. 6. തൊഴിലില്ലായ്മയ്ക്കു പരിഹാരം. 7. നികുതിചുമത്തുന്ന പദ്ധതി പരിഷ്കാരം. 8 ഭരണച്ചെലവു്, ശമ്പളം മുതലായവ വെട്ടിക്കുറയ്ക്കൽ. 9. ഗ്രാമീണവ്യവസായങ്ങളുടെ അഭിവൃദ്ധി. 10. കർഷകത്തൊഴിലാളികളുടെയും വ്യവസായ തൊഴിലാളികളുടെയും അവശതകൾ പരിഹരിക്കുക. 11. ഉദ്യോഗത്തിൽ എല്ലാവർക്കും സമത്വാവകാശം.

സമുദായമൈത്രി.

കായ്പരിപാടിയുടെ മുന്നണിയിൽ സ്ഥിതിചെയ്യുന്ന സാമുദായികമൈത്രി അതി പ്രധാനവും, ഇന്നത്തെ നിലയിൽ തിരുവിതാംകൂറിൽ അതു സാധിക്കുക വളരെ വിഷമകരവുമാണ്. അതു് പ്രത്യേകിച്ചും ഉദ്യോഗങ്ങൾക്കുള്ള അവകാശസമത്വത്തോടു ബന്ധപ്പെട്ടു കിടക്കുന്നു. ഗവൺമെൻറുദ്യോഗങ്ങൾക്കുവേണ്ടിയാണ് ഇന്നു വിവിധസമുദായങ്ങളും വഴക്കുകൂട്ടിക്കൊണ്ടിരിക്കുന്നതു്. ജനസംഖ്യാനുപാതികമായി ഉദ്യോഗം വീതിക്കുക എന്നതു് അപ്രായോഗികമാണ്. എല്ലാ സമുദായത്തിലെയും ചിന്തകന്മാർ ഇതു സമ്മതിക്കേണ്ടതായിവരും. ഈ അവശതകൾ പരിഹരിക്കുവാൻ ഗവൺമെൻറു ശ്രമിച്ചുവരുന്നു. ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നയം ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കുന്നില്ല എന്നും ആക്ഷേപമുണ്ട്. ഈ ആക്ഷേപം അടിസ്ഥാനരഹിതമാണെന്നു പറയാവുന്നതല്ല. ഉദ്യോഗസ്ഥന്മാരുടെ ദോഷംകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു് ഇതു കണ്ടുപിടിച്ചു വേണ്ട പരിഹാരം നേടുന്നതിന് ഒരു വിജിലൻസുകമ്മറി രൂപവൽക്കരിക്കേണ്ടതു് അത്യാവശ്യമാണ്.

സാമുദായികസ്ഥാപനങ്ങളും രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതെന്നു ഞങ്ങളും അഭ്യർത്ഥിച്ചുകൊള്ളുന്നു. അവ സാമുദായികവും മതപരവുമായ കാര്യങ്ങളിൽ മാത്രമെ ഇടപെടുവാൻ പാടുള്ളൂ. ഗ്രാമങ്ങളെ സാമുദായിക മനോഭാവത്തോടുകൂടി സംഘടിപ്പിക്കുന്നതിനെ കോൺഗ്രസ്സു തടയുന്നതാണ്. സാമുദായിക സ്ഥാപനങ്ങൾക്കും നേതാക്കന്മാർക്കും ഗവൺമെൻറു യാതൊരു പ്രോത്സാഹനവും നൽകരുതെന്നും ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു."

—൦—

കേരളവും മാവേലിയും

കേരളത്തിലെ ആദിമനിവാസികൾ തീയ്യരായിരുന്നുവോ?

(എ. കേശവപിള്ള)

നാം ഓണദിവസം മഹാബലിയുടെ വരവിനെ പ്രതീക്ഷിച്ച്, ഭവനവും പരിസരങ്ങളും അലങ്കരിച്ചിരിക്കുന്ന പതിവിന്, പുരാതനമായ കാരണങ്ങൾ വല്ലതുമുണ്ടോ എന്ന് ചിന്തിക്കുന്നതു് രസകരമായിരിക്കുമല്ലൊ. മാവേലി എന്ന ചക്രവർത്തിയും, മഹാബലിയും ഒന്നായിരിക്കണമെന്നുള്ളതിൽ ദ്വിപക്ഷമുണ്ടാവാനിടയില്ല. കേരളത്തിനും, ഈ മാവേലിക്കും തമ്മിൽ ഇത്രകണ്ട് ബന്ധമുണ്ടാവാനും, കേരളീയർ മഹാബലിയുടെ വരവിനെ ഇങ്ങനെ പ്രത്യാശാപൂർവ്വം വീക്ഷിക്കുവാനും സംഗതിയുണ്ട്. ഐതിഹ്യപരമായ പരിധി കടന്നിട്ട്, നിർവ്വാഹമുള്ളിടത്തോളം ഗഹനങ്ങളായ ഗവേഷണപന്ഥാക്കളിലൂടെ സഞ്ചരിച്ചിട്ടാണ് ചുവടെ ചേർക്കുന്ന സംഗതികൾ പ്രസ്താവിക്കുന്നതു്.

കേരളത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച് ഇന്നുകേൾക്കുന്ന പുരാവൃത്തങ്ങളെല്ലാം അസംബന്ധങ്ങളാണ്. ഇന്ത്യയുടെ പടിഞ്ഞാറെ തീരം പശ്ചിമപർവ്വതമായിരുന്ന ഒരു കാലം ഉണ്ടായിരുന്നു. പരശുരാമൻ എന്ന യോദ്ധാവു തന്റെ പാപനിവൃത്തിക്കായി കേരളത്തെ സമുദ്രരാജാവായ വരുണനോട് വീണ്ടെടുത്തു എന്നും, പിന്നീടതിനെ ബ്രാഹ്മണക്ക് ദാനംചെയ്തു എന്നുമുള്ള പഴയ പുരാണം അസംബന്ധമാണ്. ഇവിടെ പരശുരാമനെപ്പറ്റി ചിന്തിക്കാം. പരശുരാമൻ എന്നൊരാൾ ഉണ്ടായിരുന്നെങ്കിൽ അയാൾ ഒരു പാപിയാണ്. മാനുഷന്മാവ് എന്ന നിലയിലാണ് പരശുരാമനെ നാം അറിയുന്നതു്! അയാൾതന്നെ, തന്റെ പിതാവിനെക്കൊന്ന കാരണത്താൽ, ഘോരകനായ ക്ഷത്രിയരാജാവിനെയും, ആ വംശത്തേയും, ഇന്ത്യയിലുള്ള ക്ഷത്രിയവംശത്തെയും ഇരുപത്തൊന്നു പരിവൃത്തി നിഹനിച്ചു ഈ പാപം തീരുന്നതിനാണ് കേരളോല്പാദനം നടത്തി ബ്രാഹ്മണക്ക് ദാനംചെയ്തു പുണ്യം നേടിയതും!

പരശുരാമൻ എന്നൊരു വീരൻ ഉണ്ടായിരുന്നു. ഭാരതത്തിൽ ബാഹ്യബലമാക്രമിച്ചുവന്ന അപാരമായ ശക്തിയെ ധ്വംസിക്കുവാൻ ബ്രാഹ്മണപക്ഷംനിന്നു പോർചെയ്ത ഒരു യോദ്ധാവു' എന്നല്ലാതെ ഈ പരശുരാമന് മറ്റു സ്ഥാനമൊന്നുമില്ല. ക്ഷത്രിയശക്തിയെ ഈ പരശുരാമൻ ഭാരതത്തിൽ നിന്നൊട്ടുക്കിക്കളഞ്ഞതിനാൽ, ക്ഷത്രിയവംശംതന്നെ നശിച്ചുപോകുമെന്നായപ്പോൾ, ക്ഷത്രിയസ്ത്രീകൾ ബ്രാഹ്മണരെ പരിഗ്രഹിച്ച് വംശോദ്ധാരണംചെയ്തു. പിന്നീടുള്ള ക്ഷത്രിയന്മാർ ബ്രാഹ്മണസന്താനങ്ങളാകയാൽ അവർ ബാഹ്യബലത്തിൽ താണപടിയിലുള്ളവരായിത്തീരുകയും, അങ്ങനെ പരമ്പരയാ അധഃപതിക്കുകയും ചെയ്തു. അതിന്റെ ഫലമായിട്ടാണ് ഭാരതം വിദേശിയർക്കടിമപ്പെട്ടതെന്ന് മിസ്റ്റർ സത്യനാരായണദാസ്, തന്റെ "Kshathriasin Ancient India" എന്ന പ്രബന്ധത്തിൽ പറയുന്നു. ഇങ്ങനെ ബ്രാഹ്മണക്കുവേണ്ടി ക്ഷത്രിയശക്തിയെ നശിപ്പിച്ച ഒരു വീരപുരുഷനായ പരശുരാമന്, ഇല്ലാത്ത മഹത്വം നൽകി ബ്രാഹ്മണർ 'കേരളോല്പത്തി'യും മറ്റും സൃഷ്ടിച്ചു എന്നല്ലാതെ, പരശുരാമന് കേരളം ഉണ്ടാക്കേണ്ട ആവശ്യമോ കഴിവോ ഇല്ലതന്നെ!

കേരളം ഭൂകമ്പംമൂലം കടൽ മാറിയുണ്ടായ ഒരു ഭൂവിഭാഗമാണ്. ഇന്ന് കാണുന്ന കേരളവും, സിലോണും തൊട്ടുകിടന്നിരുന്ന എന്നും, അപ്രത്യക്ഷപ്പെട്ട ഭാഗം ബി. സി. 2220-നോടടുത്തകാലത്തുണ്ടായ ഒരു ഭൂചലനംമൂലം നഷ്ടപ്പെട്ടതാണെന്നും യമിൻല എന്ന പാദ്രി അഭിപ്രായപ്പെടുന്നു. അതു പുരാതനകാലത്തും കേരളം ഉണ്ട്, അപ്പോൾ കേരളം ഉണ്ടായതിന് സംഗതിയാക്കിയ പ്രകൃതിക്ഷോഭം അതിനും വളരെ മുമ്പേ സംഭവിച്ചിരിക്കാം. ക്രിസ്തുവിന്റെ ജനനത്തിനു മുമ്പുതന്നെ റോമാനഗരിയിലും ബാബിലോണിയായിലും കേരളത്തിലെ ഉല്പന്നങ്ങളെപ്പറ്റിയും കച്ചവടസാമാനങ്ങളെപ്പറ്റിയും അറിവുണ്ടായിരുന്നു. ആ പൗരാണിക കാലത്തുതന്നെ കേരളം നാഗരികതയിൽ ഇരുന്നില്ലെങ്കിൽ ഈ അറിവുണ്ടാകുന്നതെങ്ങനെ?

പരശുരാമൻ, ഭാരതത്തിൽനിന്ന് ക്ഷത്രിയശക്തിയെ ഉന്മൂലനംചെയ്ത ആ കാലത്തു് കേരളം അനാര്യന്മാരുടെ (ദ്രാവിഡന്മാരുടെ) ഒരു രാജ്യമായിരുന്നിരിക്കണം. ഈ അനാര്യഭൂവിൽ, ബ്രാഹ്മണാധിപത്യം സ്ഥാപിക്കുന്നതിനുള്ള വഴികൾ ആരാഞ്ഞു് അനാര്യന്മാരെ വെല്ലുന്ന കൗശലത്തിൽ പരശുരാമൻ പ്രവർത്തിച്ചതുകൊണ്ടായിരിക്കാം, കേരളത്തിനും പരശുരാമനും തമ്മിൽ വലിയ ബന്ധം കല്പിക്കപ്പെട്ടതു പോലുള്ളതു്. അതെപ്രകാരമായിരുന്നാലും കേരളത്തിൽ അനാര്യഭരണം ഒരുകാലത്തു് നടപ്പിൽ ഇരുന്നു എന്നുള്ളതു് നിസ്തർക്കമായ വാസ്തവം തന്നെ. കേരളത്തിന് ഐക്യസംസ്കാരം ഉണ്ടായിരുന്ന ആ പഴയകാലത്തെ ഭരണാധികാരികൾ അനാര്യന്മാരായിരുന്നു. ബ്രാഹ്മണാധിപത്യം കേരളത്തിൽ ശുദ്ധമൂലമായതിന്റെ ശേഷം, കേരളം പല വിഭാജനങ്ങൾക്കും വിധേയമാകുകയും, ഭരണസംബന്ധമായി പല മാറ്റങ്ങൾക്കും വശപ്പെടുകയും ഉണ്ടായി.

കേരളത്തിന്റെ ഐക്യസംസ്കാരകാലത്തു് ഭരണം നടത്തിയിരുന്നവർ തീയ്യരായിരുന്നു എന്നാണ് ഇവിടെ അഭിപ്രായപ്പെടുവാൻ പോകുന്നതു്. തീയ്യർക്ക് ഭരണാധികാരം ഒരുകാലത്തും ഇല്ലായിരുന്നു എന്ന് ആരെങ്കിലും വാദിക്കുവാൻ വിചാരിക്കുന്നെങ്കിൽ അവർ അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ല. എന്നാൽ വടക്കേമലയാളത്തിൽ ഇന്നും, തീയ്യർക്കുണ്ടായിരുന്ന പഴയ ആയോധനശക്തിയുടെ നഷ്ടശിഷ്ടങ്ങൾ കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. റാവുബഹദൂർ ഈ. കെ. കൃഷ്ണനും, കൊറിയത്തുകൃഷ്ണനും തീയ്യരുടെ സൈനികസേവനത്തെപ്പറ്റി പറഞ്ഞിട്ടുള്ളതു് കേവലം ഭടവൃത്തിയെ ഉദ്ദേശിച്ചാണെങ്കിൽ, മലബാർ മാന്വലിന്റെ കർത്താവായ മിസ്റ്റർ ലോഗൻ, തീയ്യരെ ചക്രവർത്തി കേരളം ഭരിച്ചിരുന്നതായി പറയുന്നതു് ആരെക്കുറിച്ചെന്നുള്ള അന്വേഷണം ആവശ്യമായിത്തീരുന്നു. പഴയ തീയ്യരാജകുടുംബാംഗങ്ങളും കേരളത്തിൽ കാണാത്തതിനു കാരണം, ബ്രാഹ്മണക്ക് കേരളത്തിൽ ആധിപത്യം ഉണ്ടായി തീയ്യർ തീണ്ടൽജാതിക്കാരായിപ്പോയതാണ്. ഹിരണ്യകശിപു, പ്രഹ്ലാദൻ, ബലി, തുടങ്ങിയവരെ സംബന്ധിച്ചു് പുരാണത്തിൽപറയുന്ന വിവരങ്ങളെ ത്യജിച്ചിട്ട് പരിചിന്തനംചെയ്താൽ ഇവരെല്ലാം ഓരോകാലത്തെ അനാര്യചക്രവർത്തികളാണെന്നുവരാം. ഇവരെ ബ്രാഹ്മണപക്ഷപാതികൾ അധഃപതിപ്പിച്ചു പാതാളത്തിലാക്കിയെന്നുള്ള സംഗതി, ഇവരെ നശിപ്പിച്ചു എന്നുള്ളതിനു തെളിവുതരുന്നു.

ഈ അനാര്യഭരണാധികാരികൾ തീയ്യരായിരുന്നു എന്നു വന്നുകൂടിയതെങ്ങനെ? ഈ പ്രോഭൃത്തിനു മറുപടി യമിലൻ എന്ന പാദ്രിതന്നെ തരുന്നു. അദ്ദേഹത്തിന്റെ പ്രബന്ധത്തിൽ, കേരളത്തിലെ ആദിമവർഗ്ഗം തീയ്യരാണെന്നു പറയുന്നു. ബ്രാഹ്മണർ പിന്നീടും, ശൂദ്രർ വളരെ പിന്നീടും കേരളത്തിൽ കുടിയേറിപ്പാർത്തവരാണെന്നും, ഇന്ന് കേരളത്തിൽ പരിഗ്രഹവർഗ്ഗജരായവർ കുറവാണെന്നും, വിദേശികളുടെയും ഇവിടെയുള്ള വിഭിന്നവർഗ്ഗങ്ങളുടെയും സങ്കരസന്താനങ്ങളാണ് ഇന്നു കാണുന്നതെന്നും അദ്ദേഹം പറയുന്നു. സിലോണും ഇൻഡ്യയുംതമ്മിൽ വേർതിരിഞ്ഞ ഭൂകമ്പം ഉണ്ടാകുന്നതിനു മുമ്പുതന്നെ സിംഹളർ—അല്ലെങ്കിൽ തീയ്യർ—എന്ന വർഗ്ഗം കേരളത്തിൽ കുടിയേറിയിരുന്നു. പശ്ചിമപർവ്വതത്തിന്റെ പിന്നിലുള്ള ഭൂവിഭാഗം ആദ്യകാലത്തു് പരിഷ്കൃതവർഗ്ഗങ്ങൾ വർജ്ജിച്ചിരുന്നതിനാലും, വിശിഷ്യ തെങ്ങുകൃഷിക്കു പറ്റിയതിനാലും ഈ ഉപനിവേശിതർ ഇവിടെ വാസമുറപ്പിച്ചു. അവർ കൊണ്ടുവന്ന തെങ്ങും ഇവിടെ പിടിച്ചു. പരശുരാമൻ ആര്യവർഗ്ഗക്കാരുടെ പ്രതിനിധിയായി കേരളത്തിൽ വരുന്നതുവരെ ഈ അനാര്യസംസ്കാരവും ഭരണവും കേരളത്തിൽ ഉണ്ടായിരുന്നു.

ഈ ഭരണം എപ്രകാരമുള്ളതായിരുന്നു? അതാണ് വളരെ വിസ്മയാർഹമായിരിക്കുന്നതു്. ഈ വർഗ്ഗക്കാരുടെ ഒടുവിലത്തെ ചക്രവർത്തിയായിരുന്ന മഹാബലിയുടെ ഭരണകാലത്തെപ്പറ്റി ഇങ്ങനെ ഒരു പാട്ടുണ്ടല്ലോ;—

"മാവേലിനാടു വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ"

"ബോൾഷെവിക്കു സാമ്രാജ്യ"ത്തിൽപോലുമില്ലാത്ത ഈ സമ്പൂർണ്ണസമത്വം, മേൽപ്പറഞ്ഞ അനാര്യഭരണകാലത്തു കേരളത്തിൽ ഉണ്ടായിരുന്നു. ഓണത്തിന് മതത്തിന്റെ പേരിൽ ബന്ധമുണ്ടാക്കിയിരിക്കുന്നതു് തികച്ചും അസംബന്ധമാണ്. ഓണത്തിനും മതത്തിനും പരശുരാമനും തമ്മിൽ ബന്ധമൊന്നുമില്ല. ഓണം ഒരു കൊയ്ത്തുത്സവം (harvest festival) ആണെന്നു വിചാരിക്കുന്നതിലും അടിസ്ഥാനമില്ല. ഈ ഓണമഹോത്സവം നിന്നുപോയ അനാര്യഭരണത്തിന്റെ ഓർമ്മയ്ക്കായുള്ളതാണ്. ഓണംപോലെ നിത്യവും കഴിക്കുന്നതിനുള്ള സാധ്യത്തികസ്ഥിതിയും സൗകര്യവും മഹാബലിയുടെ കാലത്തും ഉണ്ടായിരുന്നു. പുരാണകർത്താക്കൾ മഹാബലിയെ ധർമ്മിഷ്ഠനായിട്ടെന്നു ചിത്രീകരിച്ചുമിരിക്കുന്നു. തന്റെ നാശത്തെ മനസ്സിലാക്കിയിട്ടുപോലും ബലി വാക്കുമാറാതെ പ്രവർത്തിക്കുന്നു.

പരശുരാമന്റെ ഉദ്ദേശ്യം ക്ഷത്രിയപ്രാഭവം ഇന്ത്യയിൽനിന്നുമായിച്ചുകളയണമെന്നുള്ളതാകയാൽ, അക്ഷത്രിയരായ കേരളഭരണാധികാരികളെ സംബന്ധിച്ചു ഒന്നും ചെയ്യുവാൻ പരശുരാമൻ മുതിർന്നില്ല. പരശുരാമനുശേഷം വാമനൻ എന്നു ഒരു പക്ഷപാതി വന്ന് ബ്രാഹ്മണക്കുവേണ്ടി മഹാബലിയെ പാതാളത്തിൽ ജയിച്ച് ഭൂമിയുടെ സർവ്വാധിപത്യവും ബ്രാഹ്മണക്കുകൊടുത്തു. അങ്ങനെ വാഴ്ചയെഴിഞ്ഞുപോകുന്നബലിയെ ഓർമ്മിക്കുവാൻ ഓണോത്സവം ഏർപ്പെടുത്തി എന്നുള്ളതാണ് യുക്തിക്കുചേരുന്ന വാസ്തവം. ഏകദേശം വ്യത്യാസങ്ങളും വന്നിട്ടും, വിദേശസംസ്കാരം സർവ്വവ്യാപിയായിട്ടും ഈ ആഘോഷം ഇന്നും നടക്കുന്നുണ്ട്. കേരളത്തിനുവെളിയിൽ ഓണം ആഘോഷിക്കുന്നതു പതിവില്ല. അതുകൊണ്ട് ഓണം കേരളീയരെ മാത്രം ബന്ധിക്കുന്ന ഒരുത്സവം എന്നുവേണം വിചാരിക്കുവാൻ.

(ഭാഷാപോഷിണി)

ജനനരാശി

അദ്ധ്യായം 12

ധനുരാശി—ഡിസമ്പർമാസം

[മൂക്കോത്തു കുമാരൻ]

ധനുരാശി നവമ്പർമാസം 21-ാംതു ആരംഭിക്കുമെങ്കിലും ഏഴുദിവസം മുൻരാശിയുടെ ശിഖ ബാധിക്കുകയാൽ നവമ്പർ 28-ാംതുയൊ അടുത്ത തീയ്യതിയൊ മാത്രമേ പൂർണ്ണബലത്തിൽ വരുകയുള്ളു. പിന്നീടു ഡിസമ്പർ 28-ാംതു വരെ പൂർണ്ണബലത്തിലിരിക്കുന്നതും അതിനുശേഷം 7 ദിവസം മകരംരാശിയുടെ ശിഖ ബാധിച്ചു ബലംകുറയുകയു ചെയ്യും.

ധനുരാശി, ധനുസ്സിന്റെ ചിഹ്നത്താലൊ, പകുതി കുതിരയും പകുതി ഒരു വില്ലിൽ അമ്പു തൊടുത്തയക്കുന്ന മനുഷ്യനും ആയ രൂപത്തിലൊ സൂചിപ്പിക്കപ്പെടുന്നു.

ഈ രാശിയിൽ ജനിച്ചവർ കായ്പ്രസക്തിയുള്ളവരും ഭയമില്ലാത്തവരും ആരംഭിക്കുന്ന കായ്ങ്ങളിൽ മനസ്സുകൊടുത്തു പ്രവത്തിക്കുന്നവരും ആയിരിക്കും. പറയുന്നതൊക്കെ അറുത്തുമുറിച്ചു തുറന്നുപറയുന്നവരാകയാൽ, മറുള്ളവർ തെറ്റിദ്ധരിക്കുവാനും കഠിന ശത്രുക്കളുണ്ടാവാനും സംഗതിവരും. ഏതെങ്കിലും ഒരു സന്ദർഭത്തിൽ ചെയ്യുന്ന പ്രവൃത്തിയിൽ ഏകാഗ്രചിത്തരായിരിക്കും; തങ്ങളെ അതിൽ അധ്വാനിച്ചുതുടങ്ങുന്നതുവരെ, അതിലേക്കു തങ്ങളെ തീർച്ചയാക്കുന്നതു മാറ്റമല്ലാതെ മറൊരു മാറ്റം ഇവർ കാണുകയില്ലെന്നു തോന്നും. ഇവരുടെ മനസ്സു അതിശീഘ്രം പ്രവത്തിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു മറുള്ളവർ സംസാരിക്കുമ്പോൾ, ഇടക്കുകടന്നു പറഞ്ഞു, അതിന്റെശേഷം പൂത്തിയാക്കും. വലിയ അദ്ധ്വാനശീലന്മാരായിരിക്കും; ക്ഷീണിച്ചു തളർന്നുവീഴുന്നതുവരെ പണിചെയ്യും. പൊതുവിൽ പറയുന്നതായാൽ, വിശേഷിച്ചും മറുള്ളവർ തങ്ങളെ വിശ്വസിക്കുന്നുണ്ടെന്നു കാണുന്നതായാൽ ഇവർ സത്യസന്ധതയുള്ളവരായിക്കും. സത്യമെന്നു പറഞ്ഞാൽ, ഇവരുടെ സത്യം നിഷ്ഠുരമായ സത്യമായിരിക്കും; വഞ്ചന സഹിക്കയില്ല; ആരെങ്കിലും മറുവല്ലവരെയും ചതിക്കുന്നതു ഇവർ അറിഞ്ഞെങ്കിൽ ഉടനെ അതു പുറത്താക്കും; അങ്ങനെ ചെയ്യുന്നതുകൊണ്ടു തങ്ങളുടെ താല്പ്യത്തിനു വല്ല ദോഷമുണ്ടായാലും കൊള്ളാം, അതു ചെയ്യാൻ മടിക്കുകയില്ല.

ഈ രാശിയിൽ ജനിച്ചവർ രണ്ടുതരക്കാരുണ്ടു. ഒരുതരത്തിലുള്ളവർ ശ്രേഷ്ഠമായ ആദർശങ്ങളും ഉള്ളവരായിരിക്കും. വല്ല ഉപകാരവും ചെയ്വാൻ വല്ലവരും ആവശ്യപ്പെട്ടാൽ ഉടനെ ചെയ്തുകൊടുക്കും. പക്ഷെ പരോപകാരം ചെയ്യുന്നതു വല്ല ധർമ്മസ്ഥാപനങ്ങളും വഴിയായിട്ടല്ലാതെ, വല്ല വ്യക്തിക്കും നേരിട്ടായിരിക്കുകയില്ല. സഹായം അപേക്ഷിച്ചുവരുന്നവർ വഞ്ചകന്മാരായിരിക്കാമെന്നു ഇവർ സംശയിക്കും; വല്ല കള്ളക്കഥയും പറയുകയാണെന്നു ശങ്കിച്ചു അങ്ങനെയുള്ളവക്കു നേരിട്ടവല്ല സഹായവുംചെയ്യാതെ, തങ്ങളും സംഭാവനചെയ്തു വല്ല ധർമ്മസ്ഥാപനങ്ങളിലേക്കും അവരെ, ഒരു ശിഷ്ടോദ്യോഗി അയക്കുകയെ ചെയ്യുള്ളു തങ്ങളുടെ കീഴിലുള്ളവരോടും തങ്ങൾക്കുവേണ്ടി പ്രവൃത്തിചെയ്യുന്നവരോടും കാണിക്കുന്ന ദാക്ഷിണ്യം ആലോചിച്ചാൽ ഇവരെ ലോകോപകാരികളെന്നു പറയാം. വ്യാപാരാദികളിൽ ശ്രദ്ധയുള്ളവരായിരിക്കുമെങ്കിലും വല്ലതിലും സ്ഥിരമായി പ്രവത്തിച്ചെന്നു വരുന്നതല്ല. ഒരു കായ്യത്തിൽ വിജയം നേടിയിരിക്കുന്നതുണ്ടുള്ളതു ആ കായ്യംതന്നെ ജീവപര്യന്തം ചെന്നുപോകേണ്ടതിനു ഇവക്കു കാരണമായിരിക്കുകയില്ല. ഈ ഒരു സംഗതിനിമിത്തം, ഈ രാശിയിൽ ജനിച്ച ആളെ ഒരിക്കൽ വൈദികനായും മറൊരിക്കൽ കടപത്രവ്യാപാരിയായും അല്ലെങ്കിൽ ഒരിക്കൽ ഉപാധ്യായനായും പിന്നീടു കച്ചവടക്കാരനായും കാണാം. ഈ രാശിയിൽ ജനിച്ച സ്ത്രീകളും വല്ല ജോലിയിലും ഏർപ്പെട്ടു വിജയം നേടുന്നതിലിടക്കു, പെട്ടെന്നു മറുവല്ല ജോലിയിലും പൂർണ്ണഹൃദയത്തോടുകൂടി ചെന്നുചാടും.

എന്നാൽ ചിത്തൈകാഗ്രതയും മനഃശക്തിയും ഉള്ളവരാകയാൽ, ഏതു ജോലിയിൽ ഏർപ്പെട്ടാലും ഇവർ വിജയംപ്രാപിക്കും; അതുകൊണ്ടു ഇഷ്ടമുള്ള ജോലിയിൽ ഏർപ്പെട്ടുകൊടുവാൻ ഇവക്കു പൂർണ്ണ സ്വാതന്ത്ര്യം നൽകേണ്ടതു ആവശ്യമാകുന്നു.

ഈ രാശിയിൽ ജനിച്ച രണ്ടാംതരത്തിൽപെട്ടവരെ എളുപ്പം കണ്ടറിയാം: ഒന്നാമതു, മറു വല്ലവരും വല്ല ഗുണവുംചെയ്ത കാണുമ്പോൾ അതിനെ കഠിനമായി വിമർശിക്കുക, രണ്ടാമതു പണത്തെ സംബന്ധിച്ച കായ്യത്തിൽ നിസ്സാരമായ അധമത്വം കാണിക്കുക; ഈ സ്വഭാവങ്ങളാൽ ഇവരെ എളുപ്പം കണ്ടറിയാം. പേരു പത്രത്തിൽ പരസ്യംചെയ്യാം, അഞ്ചുപ്പിക വല്ല ധർമ്മവിഷയത്തിലും ചെലവഴിക്കുമൊ എന്നും, ഒരു ഭിക്ഷുവിനു കാലണകൊടുക്കുമൊ എന്നും ഇത്തരക്കാരോടു ആവശ്യപ്പെട്ടാൽ, ആ ഭിക്ഷു തങ്ങളുടെ കണ്ണിൽ മുമ്പാകെ പട്ടിണിയിട്ടാലും അവനു കാലണ കൊടുക്കയില്ല, ആദ്യം പറഞ്ഞ കായ്യത്തിനു അഞ്ചുറുപ്പികകൊടുക്കും.

സ്വാർത്ഥപരമായ സ്ഥാനാഭിലാഷയാൽ ഇത്തരക്കാർ ഗ്രസിക്കപ്പെട്ടിരിക്കും; സക്കാരുദ്യോഗത്തിലേക്കു തിക്കിത്തിരക്കിക്കയറും; സ്ഥാനമാനങ്ങളും ലഭിക്കാൻ പാദപൂജചെയ്യും; വലിയ സുന്ദരവിഡ്ഢിയായി ഞെളിയും. ഏറ്റവും നികൃഷ്ടനിലയിലുള്ള കപടഭക്തന്മാരും മതഭ്രാന്തരുമായിരിക്കും. മനുഷ്യസ്വഭാവം നിരീക്ഷണംചെയ്തു പഠിക്കുന്ന ഏതൊരാൾക്കും, ഈ രണ്ടാം തരക്കാരെ ആദ്യം പറഞ്ഞവരിൽ നിന്നു തിരിച്ചറിവാൻ സാധിക്കും. എന്നാൽ പ്രകൃതിയാകുന്ന മഹാഗ്രന്ഥത്തെ ജനങ്ങൾ അത്യന്തം ദുർല്ലഭമായിട്ടെ പഠിക്കുന്നുള്ളു; അതിന്റെ ഫലമായി, ഈ രണ്ടാംതരക്കാർക്കു ആദ്യം പറഞ്ഞവരെക്കാൾ ധനസംബന്ധമായ വിജയം സിദ്ധിക്കുന്നുവെന്നു കാണാം.

ആവട്ടെ; ഈ രാശിയിൽ ജനിച്ചവക്കു പൊതുവിലുള്ള ഗുണദോഷങ്ങൾ തുടർന്നുപറയാം. ഇവരിൽ മിക്കപേർക്കും സംഗീതത്തിൽ നല്ല വാസനയുണ്ടായിരിക്കും; പാടുവാൻ അറിഞ്ഞില്ലെങ്കിലും പാട്ടുകേട്ടുരസിക്കുവാൻ കഴിയും. ഈ വാസനഇവരിൽ വല്ലവരിലും അഭിവൃദ്ധിപ്പെട്ടില്ലെന്നു വരുന്നതായാലും, സംഗീത സാമഗ്രികൾ ഉണ്ടാക്കുന്നതിലൊ, സംഗീതജ്ഞന്മാരെ ദ്രവ്യസഹായം ചെയ്തു പ്രോത്സാഹിപ്പിക്കുന്നതിലൊ ഇവർ ഏർപ്പെടും. ദേവാലയങ്ങളിൽ സംഗീത സാമഗ്രികൾക്കായും, പാട്ടുകച്ചേരികളിൽ ടിക്കറ്റു വാങ്ങുന്നതിനായും ഇവർ, കൂട്ടികൂടെ മധുരപലഹാരം വാങ്ങുന്നതിൽ കാണിക്കുന്ന ശുഷ്കാന്തിയോടുകൂടി, പണം ചെലവഴിക്കും

ഏതു കായ്യത്തിലും അതിർ കവിഞ്ഞ നിലയിൽ പ്രവത്തിക്കാനാഗ്രഹിക്കും. ഊറ്റം വാസന. പെട്ടെന്നു ഒരു കായ്യം തീർച്ചയാക്കുകയൊ തെറ്റിപ്പോയെന്നു തോന്നിയാൽ ഉടനെ അതിൽ നിന്നു പിൻമാറുകയൊ ചെയ്യും. പക്ഷെ തെറ്റു സമ്മതിക്കാൻ അഭിമാനം സമ്മതിക്കുകയും ഇല്ല.

ഈ രാശിയിൽ ജനിച്ച മിക്കപേരും വളരെ ആലോചിക്കാതെ വിവാഹബന്ധത്തിലേർപ്പെട്ടും; പിന്നീടു പശ്ചാത്തപിക്കും. പക്ഷെ അഭിമാനം നിമിത്തം ഇച്ഛാഭംഗം വെളിപ്പെടുത്തുകയില്ല; ആചാരത്തെ ബഹുമാനിച്ചു, വിവാഹബന്ധം വേർപെടുത്താൻ ശ്രമിക്കുകയുമില്ല. ഇങ്ങനെ നിർഭാഗ്യവന്മാരായി ജീവിച്ചാലും, വിവാഹബന്ധത്താൽ സുഖവും അനുഭവിക്കുന്നവരാണെന്നു അറിയപ്പെടും.

ഈ രാശിയിൽ ജനിച്ച സ്ത്രീകൾ പുരുഷന്മാരെക്കാൾ ശ്രേഷ്ഠതയുള്ളവരായിരിക്കും. ഭർത്താക്കന്മാർ അഭിവൃദ്ധിപ്രാപിച്ചുകാണ്മാൻ അവർ ആഗ്രഹിക്കുകയും അതിനുവേണ്ടി ഏതു ത്യാഗവും ചെയ്യാൻ ഒരുക്കമുള്ളവരായിരിക്കുകയും ചെയ്യും. പതിവ്രതമാരും ചാരിത്രശുദ്ധിയുള്ളവരും ആയിരിക്കും. ഗൃഹത്തെയും ഗൃഹകായ്യങ്ങളെയും അത്യന്തം സ്നേഹിക്കും. ഭർത്താക്കന്മാർ അനിഷ്ടമുള്ളവരാണെന്നു വന്നാലും വെറുമുഖം കാണിക്കാതെ ഉള്ളതുകൊണ്ടു തൃപ്തിപ്പെടും. ദേവാലയങ്ങളിൽ പതിവായിപോകുന്ന ഭക്തമാരായിരിക്കും; അതു പക്ഷെ മറുള്ളവക്കു മാതൃകാപാഠമായിത്തീർന്നുകൊള്ളട്ടെ എന്നു വിചാരത്തോടുകൂടിയാവാനും മതി. നിയമങ്ങളെ ബഹുമാനിക്കും. ഉത്തമ മാതാക്കളായിരിക്കും. മക്കളെ അനുസരണയും സമയക്രുത്യതയും സത്യസന്ധതയും ശീലിപ്പിച്ചുകൊണ്ടുവളർത്തും.

ഈ രാശിയിൽ ജനിച്ചവർ വല്ല കായ്യത്തിലും ഏർപ്പെട്ടു അതിൽ ധാരാളം വിജയം സിദ്ധിച്ചുകഴിഞ്ഞാലും, പിന്നീടു സ്വസ്ഥരായിരിക്കുന്നതു. സ്വസ്ഥജീവിതം നിരാശയ്ക്കും അകാലമായ ക്ഷീണബാധക്കും കാരണമാകും.

സ്നേഹിതന്മാർ

ഈ രാശിയിൽ ജനിച്ചവർ സ്നേഹബന്ധത്തിലും സംബന്ധത്തിലും ഏർപ്പെടേണ്ടതു മാർച്ചു 21 മുതൽഏപ്രിൽ 19-26, ജൂലായി 21 മുതൽ ആഗസ്തു 20-27 എന്നിവയിൽ ഏതെങ്കിലും തീയ്യതിയൊ, സ്വന്തംരാശിയിലൊ ജനിച്ചവരുമായിട്ടായിരിക്കണം. മെയ് 21-മുതൽ ജൂൺ 20-27വരെ ഏതെങ്കിലും തീയ്യതി ജനിച്ചവരും ഇവക്കു ഏറ്റവും പറ്റിയ സഹചാരികളായിരിക്കും.

ആരോഗ്യം

ഇവക്കു രക്തവാതമായിരിക്കും സാധാരണ ഉണ്ടാകുന്ന രോഗം; കണ്ണിനും ശ്വാസകോശത്തിനും ശക്തിക്ഷയവുണ്ടാകാം. പ്രമേഹികുരുക്കളും രക്തദുഷ്യംനിമിത്തം ചർമ്മരോഗങ്ങളും ഉണ്ടാവാൻ സംഗതിയുണ്ടു. വയസ്സുകാലത്തു വിശേഷിച്ചും ഞരമ്പുസംബന്ധമായ രോഗങ്ങളും നടുവിനു വേദനയും പക്ഷവാതവും ഉണ്ടാകാം.

വർണ്ണങ്ങൾ

ഊതനിറം, ഇളംനീല, ചുവപ്പുനിറം കലർന്ന ഊത, എന്നിവയാണു ഇവക്കുപറ്റിയ വർണ്ണങ്ങൾ.

രത്നങ്ങൾ

വൈഡൂര്യം, ഇന്ദ്രനീലം, എന്നിവയാണു ഇവർ ധരിക്കേണ്ടുന്ന കല്ലുകൾ.

വിൻസൻ ചർച്ചിൽ, മാക്ക്ടൈൻ, അലക്സാണ്ടർരാജാവു, കാർലൈൽ, സർ വാൾട്ടർസ്കോട്ട്, വാറൻഹേസ്റ്റിങ്ങ്സ്, ആൻഡ്രൂകാർനഗി, എന്നിവരും ഇപ്പോഴത്തെ ഫ്രാൻസുരാജ്ഞി ആറാംജോർജ്ജു മഹാരാജാവും ജനിച്ചതു ഈ രാശിയിലായിരുന്നു.

—o—



സാഹിത്യവിഹാരം

ജീൻവാൽജീൻ

(ഗ്രന്ഥകർത്താവ് വിദ്വാൻ കെ. പ്രകാശം. ഏ. ആർ. വി. പ്രസ്സ് കുന്നാകുളം. വില രൂപ 1)

വിശ്വസാഹിത്യകാരന്മാരിൽ ഒരാളായിഗണിക്കപ്പെട്ടുന്ന വിക്ടർ യൂഗോയുടെ പ്രസിദ്ധകൃതിയായ 'ലേ മിറാബ്ലേ' എന്ന നോവലിന്റെ ഒരു ചെറിയ സംഗ്രഹമാണ് ഈ ഗ്രന്ഥം. ലേമിറാബ്ലേയുടെ ഒരു പദാനുപദപരിഭാഷ ശ്രീമാൻ നാലപ്പാട്ട നാരായണമേനവന്റെ പരിശ്രമഫലമായിട്ട് കൈരളിക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ സംഗ്രഹത്തിന് മൂലഗ്രന്ഥമായിതീർന്നിട്ടുള്ളതു ആ പരിഭാഷയോ, മറവല്ല ഇംഗ്ലീഷ് സംഗ്രഹങ്ങളോ ഏതാണെന്നറിയുവാൻ നിവർത്തിയില്ല. അതിനെപറ്റി വ്യക്തമായി ഒന്നും തന്നെ മിസ്റ്റർ പ്രകാശം അദ്ദേഹത്തിന്റെ പ്രസ്താവനയിലും പറഞ്ഞുകാണുന്നില്ല.

ലോകപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള മഹൽഗ്രന്ഥങ്ങളുടെ സംഗ്രഹങ്ങളെ നാം മലയാളഭാഷയിലേക്ക് സദാ സ്വാഗതംചെയ്യേണ്ടതാണെന്നതിന് യാതൊരു സംശയവുമില്ല. കഥകൾ വായിച്ചു രസിക്കുവാൻ ആഗ്രഹിക്കുന്ന ചെറുപ്രായക്കാരെ, മൂലഗ്രന്ഥങ്ങളിലേക്ക് ആകൃഷിക്കുന്നതിന് വളരെ ഉപകരിക്കുന്നവയാണ് ഈ സംഗ്രഹങ്ങൾ. പക്ഷേ ഇവയുടെ പ്രയോജനം യുവാക്കളായ വായനക്കാർക്ക് പൂർണ്ണമായി സിദ്ധിക്കണമെങ്കിൽ, സംഗ്രഹങ്ങളിലെ ഭാഷാരീതി, ശൈലി, പദപ്രയോഗങ്ങൾ മുതലായവ ഒരിക്കലും മൂലഗ്രന്ഥകാരന്റെരിതിൽനിന്നും വളരെ വിഭിന്നമായിരിക്കരുത്. അതുപോലെ തന്നെ പ്രധാന കഥാഗതിയെ യാതൊരുപ്രകാരത്തിലും തടയുന്നതിന് ശ്രമിക്കാതെയിരിക്കേണ്ടതാണ്. ശ്രീമാൻ പ്രകാശം ഈ രണ്ടുകാര്യങ്ങളിലും ദൃഷ്ടിവച്ചിട്ടുണ്ടെന്നു കാണുന്നതു സന്തോഷപ്രദംതന്നെ. ഈ ഗ്രന്ഥത്തിൽ കാണുന്ന കഥാപാത്രങ്ങളുമായി കൂടുതൽ അടുത്തു പരിചയപ്പെടുന്നതിനുള്ള ഒരാഗ്രഹം അതു വായനക്കാരിൽ ജനിപ്പിക്കുന്നുണ്ട്. ഒരു മഹൽകൃതിയുടെ സംഗ്രഹത്തിനുണ്ടായിരിക്കേണ്ട മുഖ്യഗുണങ്ങളിൽ ഒന്നു ഇതുതന്നെയാണ്.

"തടവുമുറിയിൽവച്ചാണ് അവർതമ്മിൽ സംബന്ധമുണ്ടായതു്." (പുറം 33) ഈ 'സംബന്ധം' വിവാഹമായിരുന്നെങ്കിൽ നന്നായിരുന്നേനെ. "അയാൾക്ക് ഒരു പൊല്ലീസിന്റെ ഉദ്യോഗം കിട്ടി." (പുറം 33) 'ഈ പൊല്ലീസിന്റെ ഉദ്യോഗം' ഒരു പോലീസുകാരന്റെ ഉദ്യോഗം ആയിരുന്നെങ്കിൽ തിരുവിതാംകൂർകാക്ക് കുറെ കൂടി രസിക്കുമായിരുന്നു. 'തെനാർദിയർസ്ത്രീ' (പുറം 68) തെനാർദിയർന്റെ ഭാര്യയെ സൂചിപ്പിക്കുന്നതുകൊണ്ട് അതു അപ്രകാരം വ്യക്തമായിപറഞ്ഞാൽ മതിയായിരുന്നു. അതുപോലെതന്നെ "എന്തിനാണ്?" എന്ന അർത്ഥത്തിൽ "എന്തിനേ" (പുറം 193) എന്നുള്ള പ്രയോഗവും ഭംഗിയുള്ളതല്ല. "ജനങ്ങളുടെ മുമ്പിൽവെച്ചു് സ്നേഹിക്കുവാൻ അവനു നാണിച്ചു" (പുറം 193) ആരും ആരുടെ മുമ്പിൽവച്ചും സ്നേഹിക്കുവാൻ നാണിക്കുക പതിവില്ല. ചിലപ്പോൾ സ്നേഹം (പ്രേമം?) പ്രദർശിപ്പിക്കുവാൻ സ്ത്രീകളും നാണിച്ചേക്കും. ഇവിടെ 'കൊസത്ത്' നാണിച്ചതും സ്നേഹം (പ്രേമം?) പ്രദർശിപ്പിക്കുവാൻ ആയിരിക്കണമെന്നു തരമുള്ളൂ. 'കോടീശ്വരന്റെ' സ്ത്രീലിംഗം 'കോടീശ്വരത്തി' (പുറം 196) യേക്കാളും നല്ലതു് 'കോടീശ്വരി' എന്നാക്കുകയല്ലേ? ഇതുപോലെയുള്ള ചില ചില്ലറ വൈകല്യങ്ങളും ഈ ഗ്രന്ഥത്തിൽ ഇടയ്ക്കിടയ്ക്ക് കാണുന്നതു് ശ്രീമാൻ പ്രകാശത്തിന്റെ ഗദ്യരീതിയുടെ മനോഹാരിത്വത്തെ കുറയ്ക്കുന്നില്ലയോ എന്ന് സംശയിക്കുന്നു. അതിദീർഘവും സൂപ്പ്രസിദ്ധവുമായ ഒരു ഗ്രന്ഥത്തിലേക്ക് മലയാളവായനക്കാരെ ആകർഷിക്കുന്നതിന് വളരെ ഉപകരിക്കുന്ന ഈ ചെറുപുസ്തകത്തെ സഹൃദയന്മാർ സ്വാഗതം ചെയ്യുമെന്നതന്നോയാണ് ഞങ്ങളുടെ അഭിപ്രായം. വിക്ടർ യൂഗോയുടെ വർണ്ണനാപാടവം, വികാരാവിഷ്കരണ വൈദഗ്ദ്ധ്യം, സരസവും, കവിതാപരവുമായ ഗദ്യരീതി മുതലായവയുമായി പരിചയപ്പെടണമെന്നാഗ്രഹമുള്ളവരെ തൃപ്തിപ്പെടുത്തുവാൻ മിസ്റ്റർ പ്രകാശത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ അത്തരം വായനക്കാരെ പാവങ്ങളിലേക്ക് തിരിച്ചുവിടുന്നതിന് പറ്റിയ ഒരു മാധ്യമശ്രിയുടെ നിലയിൽ ഈ ഗ്രന്ഥത്തിനുള്ള വില സീമാതീതമായിരിക്കുമെന്നാണ് ഞങ്ങൾക്ക് തോന്നുന്നതു്.

(കെ. പി. എസ്. എം.)

ECHO OF INDIA DIRECTORY
1937

(R. A. S. Agency) Trivandrum
[Price Rs. 3]

ബ്രിട്ടീഷ് ഇൻഡ്യയേയും നാട്ടരാജ്യങ്ങളേയും കുറിച്ച് സാമാന്യജ്ഞാനം ലഭിക്കാൻ ഉതകുന്ന ഒരു പ്രസിദ്ധീകരണമാണ് 'എക്കോ ആഫ് ഇൻഡ്യൻ ഡയറക്ടറി' എന്ന പ്രസിദ്ധീകരണം. തിരുവിതാംകൂറിന്റെ കീർത്തി ധാവള്യം ഇതരരാജ്യങ്ങളിലും വ്യാപരിക്കുവാനായി, ഈപ്രസിദ്ധീകരണത്തിൽ അതിപ്രധാനമായ ഒരു സ്ഥാനം തിരുവിതാംകൂറിന് നൽകിയിരിക്കുന്നു. മഹാരാജാവുതിരുമനസ്സിനെപ്പറ്റിഒരു ലേഖനം, ക്ഷേത്രപ്രവേശനവിളംബരം, അതിനെക്കുറിച്ചുള്ള പത്രങ്ങളുടേയും മഹാന്മാരുടേയും അഭിപ്രായങ്ങൾ, തിരുവിതാംകൂറിന്റെ ഭരണഘടന, ചരിത്രം, പ്രധാന പട്ടണങ്ങൾ, വ്യാവസായിക സ്ഥാപനങ്ങൾ എന്നിങ്ങനെ ഒരു വിദേശി അറിവാൻ ആഗ്രഹിക്കുന്ന പല വിവരങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. കൂടാതെ മറ്റു നാട്ടരാജ്യങ്ങളേയും ബ്രിട്ടീഷ് ഇൻഡ്യയേയും സംബന്ധിച്ച പ്രധാന്യമേറിയ പല സംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നു.

നാലുവർഷംകൊണ്ട് തിരുവിതാംകൂറിനെക്കുറിച്ച് പൂർണ്ണമായ ഒരു ജ്ഞാനം നൽകാൻ സാധിക്കും എന്നാണ് പ്രസാധകന്മാരുടെ ആശ. ഈ പ്രസ്ഥാനത്തിന് സർവ്വവിജയങ്ങളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

[എ. ബി.]

---

* രാക്കുയിൽ

[ശ്രീനാട്ട് എൻ. ബാലകൃഷ്ണൻ]

മധുരമാധവമാസദിനാന്തിയിൽ
കതിരവൻതാണു ശോഭിച്ചുനിൽക്കവേ
അതുലനീലിമയേലും വനങ്ങളും
തണലിൽ മാൻനിര തുള്ളിക്കളിക്കയായ്
കിളികൾപാടി—മരങ്ങൾ തെളിഞ്ഞു—പൂ
മൊട്ടികളാടിലതാളി ലഡിച്ചുടൻ.
നിരുപമസുഖസാഗരമഗ്നരായ്—
അരിയ "രാക്കുയി"ലൊന്നൊഴിഞ്ഞേവരും
അവളതിദീന, പാവം—അക്കൊച്ചു-
സ്സൊരു ചെറുപ്പില്ലചാരിട്ടയാർഹമായ്
ഹൃദയവേദനതിങ്ങിക്കവിഞ്ഞൊരു
രുദിതഗീതമുതിർത്തിരുന്നീടിനാൾ.
അനുനിമിഷമജ്ജീവൽപ്രരോദനം
തനതുഖേദസ്മൃതിഹേതുവാകയാൽ
ചുടുമിഴി നീരൊഴിഞ്ഞതുകേൾക്കുവാ-
നിടമെനിക്കു ലഭിച്ചീലൊരല്പവും
അഴൽകലർന്നാൻ ചിന്തിച്ചു പക്ഷിനീ
പഴതെയെന്തിനു കേഴുന്നുദീനയായ്.
ഒരുവനില്ലൻകമ്പയാലാർദ്രനീ-
മലയിലെന്നതു നീയറിഞ്ഞീലയോ.
ഹൃദയമില്ലാത്ത വൃക്ഷങ്ങൾ നിൻറെയീ-
രുദിതമല്പവും കേൾക്കുകില്ലോക്കെടോ.
ദയവറിയാത്ത വന്യജന്തുക്കൾതനിൻ
വ്യഥയകറ്റുകില്ലെന്നതും നിർണ്ണയം.
അതുലമോദം പറന്നുപാടുന്നതിൻ
കദനമോരാതെ കൂട്ടുപറവകൾ
സഹ സഹോദരി, തുല്യദുർനാമുഴിയിൽ
സഹതപിക്കാനൊരുത്തനില്ലെന്നിലും.
ചപലഭാഗ്യം മുടുസ്മിതം തുകവേ-
യിരുവർനാമിങ്ങു വഞ്ചിതരായവർ
സ്തുതിപറഞ്ഞടുത്തീടുവോർ നിന്നുടെ
അഴലിലെത്തുന്ന മിത്രങ്ങളല്ലെടോ?
വചനമെങ്ങുമുദാരമാം വായുപോൽ
സ്ഥിരസുഹൃത്തിനെ കാണുവാൻ വൻപണി
സകലരും നിനക്കുറ്റമിത്രങ്ങളാം
ചെലവഴിക്കുവാനുണ്ടു ധനമെങ്കിൽ
വിഭവഭാണ്ഡമൊഴിഞ്ഞാലൊരുത്തനും
തുനിയുകില്ലയേ നിന്നെത്തുണയ്ക്കുവാൻ
പരിമിതമാണു ജീവിതാവശ്യമി-
പ്പരിധിവിട്ടുപണം വ്യയംചെയ്യുകിൽ
അവനെയാരുമേ മാനിച്ചു പിൻതുട-
ർന്തിവദാന്യനെന്നൊക്കെപ്പുകഴ്ത്തിടും.
"അവനൊരു രാജരാജനായെങ്കി"ലെ-
ന്നവരപരോക്ഷഗീതം ചൊരിഞ്ഞിടും.
അവനസമാർത്ഥ്യം തുടങ്ങുകിൽ
അവരതേറ്റവും നീതിയെന്നോതിടും
പുരികമൊന്നുചുളിച്ച ഭാഗ്യാംഗന
പിരിയുവോളവും നിൽക്കും പ്രശസ്തികൾ
അരിയസേവകവൃന്ദമനന്തരം
അവനെയൊന്നെത്തിനോക്കില്ലൊരിക്കലും
അമലഹൃത്താൻ നിൻറെസുസ്നേഹിതൻ
അണയുമാപത്തിൽ നിൻസഹായത്തിനായ്
ഹൃദയവേദന നീ കലർന്നീടുകിൽ
അകമെരിഞ്ഞവൻ കേണിടും നിർണ്ണയം.
ഇരവിൽ നീയുണർന്നയ്യോ കഴിയുകിൽ
അവനുറങ്ങുവാൻ സാദ്ധ്യമല്ലോമനേ!
സുമുഖിനിൻ മനക്ലേശങ്ങളൊക്കെയും
അവനിവണ്ണം പകുത്തു സഹിച്ചിടും.

—o—

* ഒരു വിവർത്തനം

[അഭിപ്രായത്തിനയക്കുന്ന പുസ്തകങ്ങൾ ഈരണ്ടു പ്രതികൾ വീതം അയച്ചിരിക്കേണ്ടതാണ്.]

(പത്രാധിപർ)



ചെറുകഥ

ഒരു കവിയായ എന്റെ സ്നേഹിതൻ ചോദിച്ചു.

"നിങ്ങൾക്കു തിരുവനന്തപുരത്തെക്കുറിച്ചു എന്തു തോന്നുന്നു?"

"ഓ! ഇതു മനോഹരമായ ഒരു നഗരമാണ്. തിരുവനന്തപുരത്തിന് പ്രത്യേകമായ ഒരു പുതുമയും നൈർമ്മല്യവുമുണ്ട്."

യഥാർത്ഥത്തിൽ തിരുവനന്തപുരം ഒരു വികസിച്ചുവരുന്ന റോസാപുഷ്പംപോലെ എന്നെ ആകർഷിച്ചു. ആ പച്ചിലക്കൂട്ടങ്ങൾക്കു താഴെ ചെറുതായി ഒരു പുഷ്പംപോലെ ചുമന്നുള്ള ഗൃഹങ്ങൾ—അവിടെ ക്ലേശമില്ല; നെടുവീർപ്പില്ല; കരച്ചിലില്ല. ഓബ്സർവേറ്ററിഹില്ലിന്റെ മുകളിൽനിന്നുകൊണ്ടു ചുറ്റുപാടും നോക്കിയപ്പോൾ എന്റെ ഹൃദയം ആനന്ദംകൊണ്ടു കൂത്തിച്ചു. വിശപ്പും ദാഹവും ഇല്ലാതെ ക്ലേശശൂന്യമായ ഒരു ലോകം! പുഷ്പസമൃദ്ധിയിൽ അനവധി ശീതളനികുഞ്ജങ്ങൾ, ഉത്തേജകമായ ഒരു മധുരമന്ദാരം മാറോടണച്ചുകൊള്ളുന്ന വള്ളിക്കുടിലുകൾ—ആ കുളുമ്മയേറിയ പച്ചിലക്കാട്ടിൽ കിടന്നുരുളുന്നതു് എത്ര സുഖമാണ്.

എന്റെ സ്നേഹിതന്റെ വായ്മൂലകളിൽ ഒരു പരിഹാസംകലർന്ന ചിരി പ്രത്യക്ഷമായി. ഞാൻ തുടർന്നുപറഞ്ഞു.

"ടൗൺ പ്ലാനിംഗ് പദ്ധതിക്രമം വന്നുകഴിയുമ്പോൾ ഇവിടം എത്ര മനോഹരമാകും. ഇവിടത്തെ മറ്റൊരു പ്രത്യേകത, തിങ്ങിക്ലൃപ്തി ശ്വാസംമുട്ടിക്കുന്ന മട്ടിൽ വീടുകളില്ല; ജനബാഹുല്യമില്ല. നൂറുനിലവരെയുള്ള മാളികകളില്ല; അതിലുമുയർന്ന് പുകവമിക്കുന്ന പുകക്കുഴലുകളില്ല. ശീതളമായ വൃക്ഷഛായകളിൽ കലാസൗന്ദര്യംതികഞ്ഞ് ആനന്ദംനിറഞ്ഞ ഗൃഹങ്ങൾ. മറ്റൊന്ന് എന്നെ ആകർഷിച്ചതു് ഈ നാട്ടിലെ സ്ത്രീകളാണ്. അവരുടെ സൗന്ദര്യംതികഞ്ഞ് പ്രസന്നമായ മുഖത്തിൽ പ്രതിബിംബിക്കുന്ന വിശുദ്ധി മറ്റൊരിടത്തു ഞാൻ കണ്ടിട്ടില്ല. തിരുവനന്തപുരത്തിന് ശാശ്വതാനന്ദത്തിന്റെ മധുരമായ സന്ദേശമാണുള്ളതു്."

തിരുവനന്തപുരം സന്ദർശനം കഴിഞ്ഞു മടങ്ങിവന്ന് നാട്ടിൽവച്ചു കണ്ടുമുട്ടിയ ഒരു സ്നേഹിതൻ തിരുവനന്തപുരം ഒരു പുഷ്പവാടിയാണെന്നു പറഞ്ഞതു് പരമാർത്ഥമായി എനിക്കു തോന്നി. ആരാമത്തിൽ ഹൃദയഭാരമുണ്ടോ? കാണാൻ പടില്ലാത്ത കാഴ്ചയുണ്ടോ? ദുർഗ്ഗന്ധമുണ്ടോ? വൃക്ഷച്ചുവടുകളിൽ പറക്കുന്ന കരിയിലകൾക്കുകൂടി സൗന്ദര്യമുണ്ട്. തിരുവനന്തപുരത്തെക്കുറിച്ചു ലോകമാകെ വ്യാപിപ്പിച്ച കീർത്തി കേവലം ഒരു പ്രസിദ്ധീകരണം മാത്രമല്ല.

എന്റെ സ്നേഹിതൻ ചോദിച്ചു.

"ഒരു നഗരത്തിലെ ദുർഗ്ഗന്ധമയമായ ഓടകൾപോലുള്ളതൊന്നും ചേരുന്ന ഒരു ചെറിയ തോടിന്റെ കരയിൽ വളരുന്ന കൊങ്ങിണിച്ചെടികൾക്കു നടുക്ക് ഒരു വൃത്തിഹീനമായ ചെറുകുടിൽ—നിങ്ങൾ അങ്ങനെയൊന്ന് ഒരിക്കലും ഇവിടെ കണ്ടിട്ടില്ല."

"ഇല്ല"

"ഓ! അതു് ഈ കുന്നിന്റെ താഴ്വശത്താണ്. എപ്പോഴും നനഞ്ഞുതന്നെ ഇരിക്കുന്ന ആ മണ്ണിൽ കൃമികൾ നുരച്ചുകൊണ്ടിരിക്കും. നഗരത്തിന്റെ വിസർജ്ജനവസ്തുക്കൾ നിക്ഷേപിക്കുന്നതവിടെയാണ്. പോകട്ടെ, ഇവിടെ കൂട്ടികൾ മരിക്കാറില്ല; അമ്മമാർ കരയാറില്ല; സ്ത്രീകൾ മാനം വില്ക്കാറില്ല. അല്ലേ? ഈ വിശാലമായ അന്തരീക്ഷം സൗരഭ്യം നിറഞ്ഞതാണ്. നിങ്ങൾ എവിടെയെല്ലാം പോയി."

"ഞാൻ ഇവിടെ പല പ്രധാന റോഡുകളിലും പോയി"

"ഇരുവശവുമുള്ള ആനന്ദമന്ദിരങ്ങൾ കണ്ടു; കൊട്ടാരങ്ങൾ, ഭാഗ്യവിലാസങ്ങൾ, ലക്ഷ്മീനിലയനങ്ങൾ മുതലായവ. അല്ലേ?"

എന്റെ സ്നേഹിതൻ നഗരങ്ങളിലെ സ്ലംസി (slums) നെക്കുറിച്ചാണു സംസാരിക്കുന്നതെന്നു എനിക്കു മനസ്സിലായി. തിരുവനന്തപുരത്തു ഞാൻ ഒരു ചെറ്റക്കുടിൽ കണ്ടിരുന്നില്ല.

"തിരുവനന്തപുരത്തു slums ഉണ്ടോ" ഞാൻ ചോദിച്ചു. "ഇല്ല എന്നു പലരും പറഞ്ഞു. ഈ ടൗൺ പ്ലാനിംഗ് പദ്ധതിയുടെ ഉദ്ദേശം തന്നെ നഗരത്തെ——"

"എന്റെ സ്നേഹിതാ! ഈ റോഡിൽക്കൂടി സായാഹ്നത്തിൽ നടക്കണം. തംബുരുവിന്റെ മധുരസ്വരം കേൾക്കാം. ദിവ്യമായ രാഗാലാപം കേൾക്കാം. ആരാമത്തിൽനിന്നും പരമളം പ്രസരിക്കുന്നതു അനുഭവിക്കാം. ഭാര്യ ഭർത്താവിനേയും ഭർത്താവു ഭാര്യയേയും സ്നേഹിക്കുന്നതു കാണാം. ഒരിടത്തും കൂട്ടികൾ കരയുന്നില്ല. ആരാമത്തിൽ പെടികളുടെ ശിരസ്സിനെ മന്ദം തലോടിക്കൊണ്ട് ആ കുലീനകുമാരി നടന്നൊഴിയുമ്പോൾ അവളുടെ സ്വപ്നങ്ങളുടെ, ഈശ്വരന് വേണ്ടി അടുത്തുതന്നെ വികസിക്കുവാനിരിക്കുന്ന മുകുളം ആ മൃദുലകരസ്പർശമേറ്റു തലയാട്ടി അവളെ കളിയാക്കുന്നതു കാണാം."

എന്റെ സ്നേഹിതന്റെ മുഖം ഒരു ലോകവിദ്വേഷിയുടേതുപോലെ കറുത്തിരുന്നു. അദ്ദേഹം തുടർന്നു.

"ഈ നഗരം ഒരു മൂന്നു നാലു കുന്നുകളുടെ ഉന്നതമായ ശിരസ്സുകളാണ്"

"കുന്നുകളുടെ ശിരസ്സുകൾ മാത്രം. അവയുടെ താഴ്വരകളോ?"

"ഓ! അവിടം നഗരമായി ആരും ഗണിക്കുന്നില്ല"

"പിന്നെ?"

"അവിടെ നഗരത്തിന്റെ വിസർജ്ജനവസ്തുക്കൾ നിക്ഷേപിക്കുന്നു. ഈ വിശാലമായ റോഡുകളിൽ നിന്നും ചില ഇരുളടഞ്ഞ മുടുക്കുകൾ ആ താഴ്വരകളിലേക്കു തിരിയുന്നുണ്ട്. പക്ഷേ അങ്ങോട്ടാരും നോക്കിക്കൂടാ"

"അവിടെ മനുഷ്യർ പാർക്കുന്നുണ്ടോ?"

"അല്ല. സമുദായത്തിന്റെ അനാവശ്യഘടകങ്ങൾ—ഒരു പക്ഷേ മനുഷ്യരായിരിക്കാം"

ഞങ്ങൾ അങ്ങനെയുള്ള ഒരു മുടുക്കു തിരിയുന്നിടത്തു് എത്തി.

"നമുക്കിങ്ങോട്ടുതിരിയാം" ഞാൻ ചോദിച്ചു.

"ഇല്ല. അതാരും കണ്ടുകൂടാത്തിടമാണ്. അവിടെയാരും പോകാറില്ല. ഞാൻ ആ പരമയാഥാർത്ഥ്യം നിങ്ങൾക്കു കാട്ടിത്തന്നാൽ ഒരു പൊതുജനശത്രുവായിത്തീരും. ഇതാ നോക്കണം. ഈ ഉന്നതമായ മതിൽ എന്തിനെന്നറിയാമോ? ഒരു പ്രശസ്തനായ അതിഥി ഇതിലെ പോകുന്നുണ്ട്. അദ്ദേഹം ആ താഴ്വര കണ്ടുകൂടാ"

അല്പംകൂടികഴിഞ്ഞു് അദ്ദേഹം പറഞ്ഞു.

"ഈ യഥാർത്ഥ്യങ്ങൾ ചൂണ്ടിക്കാണിക്കുന്ന എന്നെ ലോകം ഒരു സമ്മാർഗ്ഗവൈരിയായി കണക്കാക്കുന്നു."

ആ മുടുക്കിൽനിന്നും ഒരു സ്ത്രീരൂപം റോഡിലേക്കിറങ്ങിവന്നു. അവൾക്ക് ഒരു പത്തു പതിനേഴുവയസ്സുകാണും, അവൾ ഒരു കൈക്കുട്ടി ഉടുത്തിരുന്നു. എണ്ണയും അഴുക്കും പിടിച്ച ഒരു ബാഡിയിട്ടിരുന്നു. തലമുടി ഒരുവശം വകഞ്ഞു പിന്നിൽ കെട്ടിവച്ചിരുന്നു. നല്ല കറുത്തനിറമാണ്. അവൾ എന്റെ സ്നേഹിതനെനോക്കി ഒന്നു കഴഞ്ഞു ചിരിച്ചു.

പഴന്തുണിക്കഷണം

"എന്തിന്? ആ കൊടുവാൾ വാങ്ങിക്കൊണ്ടു പോകാത്തെന്തു്?" അവൾ ചോദിച്ചു.

അതു് നീ ഇങ്ങുകൊണ്ടുവന്നതന്നാൽമതി"

"അതു് എന്നെക്കൊണ്ടിപ്പം കുട്ടില്ല. വേണെങ്കിവന്നു വാങ്ങിക്കൊണ്ടു പോകിൻ"

അവൾ അങ്ങു നടന്നുപോയി. എന്റെ സ്നേഹിതൻ ഒരുക്ഷണം അവളെ നോക്കിനിന്നിട്ടു എന്നോടുപറഞ്ഞു.

"സ്നേഹിതാ! എന്നോടുള്ള കുട്ടുകെട്ടു നിങ്ങൾക്കു പാടില്ല. ഞാൻ—ഓ! ആ ചരിത്രം പറഞ്ഞുകേൾപ്പിക്കുമ്പോൾ ഒരുപക്ഷേ നിങ്ങൾ എന്നെവിട്ടു പിരിഞ്ഞെക്കും. അവർ മൂന്നുപേരും സഹോദരികളാണെന്നു പറയുന്നു. എന്തോ അതെനിക്കു നല്ല നിശ്ചയമില്ല. വളഞ്ഞുതിരിഞ്ഞു് ഒരു ഇരമ്പലോടുകൂടി ഒഴുകുന്ന ആ അഴുക്കുതോടിന്റെ കരയിലുള്ള ആ ചെറ്റക്കുടിലിൽ പലപല ജൂഗുപ്സാവഹങ്ങളായ രംഗങ്ങൾ നടക്കുന്നുണ്ട്. അവിടെയുള്ള മൂത്ത സ്ത്രീ എട്ടണാമുതൽ നിങ്ങളുമായി വിലപേശും. മറ്റുരണ്ടുപേരും അനുജത്തിമാരാണെന്നാണു പറയുന്നതു്. ഓ! ഒരുപക്ഷേ നിങ്ങൾ വിശ്വസിക്കുകയില്ലായിരിക്കും. അവിടെ പലപല സംഭവങ്ങൾ നടക്കുന്നുണ്ട്."

അല്പനേരംകഴിഞ്ഞു് എന്റെ സ്നേഹിതൻ ചോദിച്ചു.

"അവിടെയെല്ലാം അലയുന്നതെന്തിനെക്കുറിച്ചു നിങ്ങൾക്കു അവജ്ഞതോന്നുന്നുണ്ടാവാം. പക്ഷേ ഞാൻ ആ ജീവിതത്തിന്റെ നാനാവശങ്ങളും പഠിക്കുകയാണ്."

ഞങ്ങൾ അവന്യൂറോഡിൽക്കൂടി നടന്നുപോയി. ഇരുവശവുമുള്ള കാഴ്ചകൾ മനോജ്ഞങ്ങളായിരുന്നു. റോഡിന്റെ ഇരുവശങ്ങളിലും വച്ചുപിടിപ്പിച്ചിരിക്കുന്ന വൃക്ഷങ്ങളിൽ ഒന്നിന്റെ ചുവട്ടിൽ ഒരു തെണ്ടിച്ചെറുക്കൻ ഇരുന്നിരുന്നു. അവൻ ഞങ്ങളെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു. എന്റെസ്നേഹിതൻ പറഞ്ഞു.

കോഴഞ്ചേരിക്കുശേഷം അഥവാ എന്റെറജയിൽജീവിതം

രാജശ്രീ സി. കേശവൻ ബി. എ., ബി. എൽ-അവർകളുടെ ആത്മകഥാകഥനം; ലളിതവും ഉജ്ജ്വലവും വികാരതരളിതവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഒരു വിശിഷ്ടസാഹിത്യഗ്രന്ഥം.

വില രൂപാ ൫ .

1113 വൃശ്ചികം 15-ാംനു- പുസ്തകം പ്രതീക്ഷിക്കുക. അപേക്ഷകർ നേരത്തേ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാകുന്നു.

മാനേജിംഗ് എഡിറർ,
കൗമുദി, തിരുവനന്തപുരം

"ആ താഴ്വരയിൽനിന്നും നമുച്ചുവന്ന മറെറാരു കുമിയാണിതു്. ഈ മഹാനഗരത്തിൽ, ഇവിടത്തെ തിരിഞ്ഞു വളഞ്ഞു പോകുന്ന നിരവധി റോഡുകളിൽ ഒരു അമ്മ കുഞ്ഞിനെപിരിഞ്ഞു പോയാൽ, പിന്നീടവർ പരസ്പരം കണ്ടുമുട്ടുകയില്ല. അവന് അവന്റെ അമ്മയെക്കുറിച്ചു അസ്പഷ്ടമായ ചില സ്മരണകളുണ്ട്. അവർ നാലുസംവത്സരങ്ങൾക്കു മുമ്പു് പിരിഞ്ഞുപോയതാണ്."

"എങ്ങനെ?"

"എന്തോ"

എന്റെറ സ്നേഹിതൻ അവന്റെ അടുത്തു ചെന്നു് ചോദിച്ചു.

"നിന്റെറ അമ്മയെ നീ കണ്ടോ?" അവൻ ഒന്നും മിണ്ടിയില്ല. എന്റെറ സ്നേഹിതൻ വീണ്ടും ചോദ്യം ആവർത്തിച്ചു. അവൻ ഒന്നും മിണ്ടാതെ എഴുന്നേറുപോയി.

"അവൻ ലോകത്തിന്റെറ ഒരു മഹാശത്രുവല്ലേ?" എന്റെറ സ്നേഹിതൻ ചോദിച്ചു.

"അവന്റെറ അമ്മ അവനെ ഉപേക്ഷിച്ചതാണോ?"

"ആയിരിക്കാം. രണ്ടുകൊല്ലംമുമ്പു് ഒരു ഹോട്ടലിലെ എച്ചിൽകൂപ്പയിൽ കിടന്നു് അവൻ അവന്റെറ അസ്പഷ്ടസ്മരണകളും എന്നോടു പറഞ്ഞു. അവളും അവനെ ഉപേക്ഷിച്ചതായിരിക്കാം."

അവൻ ശരീരത്തിലിട്ടിരുന്ന ഒരു കീറപ്പഴന്തുണി ആ മരത്തിന്റെറ ചുവട്ടിൽതന്നെ കിടന്നിരുന്നു. ഉച്ചനേരത്തുണ്ടായ ഒരു ചുഴലിക്കാറവ് ആ തുണിക്കഷണത്തെ പറത്തിയെടുത്തുകൊണ്ടുപോയി.

ഈ യാഥാർത്ഥ്യങ്ങളും എന്റെറ മനസ്സിനെ തെല്ലൊന്നിളക്കി. ഇവ കേവലം അസംഭാവ്യങ്ങളായി ഞാൻ സംശയിച്ചു. അമ്മ മകനെ ഉപേക്ഷിക്കുക!

ഞാൻ ചോദിച്ചു.

"പിരിഞ്ഞുപോയ തള്ള മകനെ കണ്ടുപിടിക്കുവാൻ ശ്രമിക്കുകയില്ലേ?"

"അതോ! ഇവിടെ അമ്മയ്ക്കു മക്കളില്ല. മക്കൾക്കു അമ്മയില്ല. സഹോദരങ്ങളില്ല. ഞാൻ ഒന്നുകൂടി പറയാം. സഹോദരി സഹോദരന്റെറ ഭാര്യയായി എന്നും വരാം."

"ഓ! അതു കഷ്ടംതന്നെ!"

"എത്രകഷ്ടം! ആരും ആക്കുമുള്ളതല്ല. അവരുടെ ഇടയിൽ അങ്ങനെ ആകണമെന്നു ലോകം—എന്നുവച്ചാൽ മനുഷ്യർ, ശാസിക്കുന്നില്ല."

എനിക്കിതു വിശ്വസിക്കാൻ സാധിച്ചില്ല. എന്റെറ സ്നേഹിതൻ തുടർന്നു.

"ഞാൻ പറയുന്നതു നിങ്ങളും വിശ്വസിക്കുന്നില്ല. മനുഷ്യർ ആരുംതന്നെ അങ്ങോട്ടു പോകാറില്ല. അവിടത്തെ രഹസ്യങ്ങളും ലോകം അറിയുന്നുമില്ല."

"നമുക്കു് അങ്ങോട്ടൊന്നു പോകാം."

"പോകാം. അവിടെ ചെല്ലുമ്പോൾ നിങ്ങൾക്കു മനമുരുട്ടിഎന്നു വമനിക്കും."

ഞങ്ങൾ ഒരു മുട്ടക്കിൽക്കൂടി കീഴേക്കിറങ്ങി.

"ഈ പ്രദേശത്തിന്റെറ പേർ എന്തു്?" ഞാൻ ചോദിച്ചു.

"വടക്കുവശത്തു് ഓഫ് സർവേറററിയും കനകക്കുന്നു കൊട്ടാരവുമാണു്. കിഴക്കുവശത്തു വെള്ളം ശുദ്ധിചെയ്യുന്ന വാട്ടർ വർക്സും ആഫീസും"

അവിടം ഇരുളടഞ്ഞ ഒരു പ്രദേശമായിരുന്നു. കുറെ ചെറാക്കൂടിലുകൾ അവിടെ കാണുവാനുണ്ടു്. റോഡിലെ ചപ്പും ചവറും എല്ലാം കുനകൂടിക്കിടന്നിരുന്നു. ആ കുനക്കിടയിൽ നിന്നും ഒരു ചെറുക്കൻ ഒരു പഴം ചികഞ്ഞെടുത്തു കടിച്ചു തിന്നുകൊണ്ടിരുന്നു. അവിടെ അനാഥരായ സന്താനങ്ങൾ വളരെയെണ്ണം കളിക്കുന്നുണ്ടായിരുന്നു. എന്റെറ സ്നേഹിതനെകണ്ട ഉടൻ മൂന്നു നാലു കുട്ടികൾ ഓടി അദ്ദേഹത്തിന്റെറ അടുത്തുചെന്നു. ഒരു പെണ്ണ് അദ്ദേഹത്തോടു ചോദിച്ചു.

"എന്തരണ്ണാ? എനിക്കു മുണ്ടുകൊണ്ടുവന്നോ?"

"ഞാൻ നിന്റെറ അമ്മയുടെ കൈവശം മിനിഞ്ഞാന്നു കൊടുത്തു."

"അയ്യേ! അണ്ണാ! അവരെനിക്കു തരുല്ല. ഞാനിപ്പം അവിടെയല്ല."

"പിന്നെ?"

"ഞാൻ വേറെ. അവൾ എന്നെ ഒരു പാട്ടതല്ലി. അണ്ണൻ വരിണോ?"

"അവളും നിന്റെറ തള്ളയല്ലേ? അല്ല എന്നവളും ആംഗ്യം കാണിച്ചു. അങ്ങനെ അല്ലാത്ത മറെറാരു കുഞ്ഞിനെ കൂടി ഞങ്ങൾ കണ്ടു.

അവിടെയുള്ള നിരവധി ചെറാക്കൂടിലുകളിൽ നിന്നും സ്ത്രീകൾ പുറത്തിറങ്ങി ഞങ്ങളെ നോക്കിനിന്നു.

എന്റെറ സ്നേഹിതൻ പറഞ്ഞതുപോലെ ആ പ്രദേശത്തെ ദുർഗ്ഗന്ധംകൊണ്ടു് എന്റെറ തല കറങ്ങി. ഞങ്ങൾ തിരിച്ചുപോരുമ്പോൾ എന്റെറ സ്നേഹിതൻ ചോദിച്ചു.

"ആ പെണ്ണിന്റെറ ജോലി മനസ്സിലായോ?"

"മനസ്സിലായി. യൗവനം വരുമ്പോൾ അവളുടെ തൊഴിലും അതായിരിക്കും: ഇവിടെ—ഈ നരകത്തിൽ—"

"അതെ. അവർക്കും ജീവിക്കുവാൻ അവകാശമില്ലേ?"

ഞങ്ങൾ റോഡിൽ എത്തിയപ്പോൾ ഓരോ ഫർലാംഗ് ഇടവിട്ടു് പോലീസുകാർ നിരന്നു നിന്നിരുന്നു. ആ ചെറുക്കൻ തോളിലിട്ടിരുന്ന പഴന്തുണി റോഡിനരുകിൽ കിടക്കുന്നുണ്ടായിരുന്നു.

ഒരു വിസിലിന്റെറ ശബ്ദം കേട്ടു. ഒരു പോലീസുകാരൻ ഓടിച്ചെന്നു് ആ പഴന്തുണിക്കഷണം എടുത്തു ചുരുട്ടിക്കൂട്ടി ദൂരെയെറിഞ്ഞു. ദൂരെ നിന്നും മഹാരാജാവു തിരുമനസ്സിലെ കാർ വരുന്നുണ്ടായിരുന്നു.

———

തകഴി ശിവശങ്കരപ്പിള്ള

ലോകത്തിലെമുസ്ലിമീങ്ങൾ

കാനേഷുമാരി കണക്കു പ്രകാരം 1931-ലെ ലോക മുസ്ലിമീങ്ങളുടെ ആകെ ജനസംഖ്യ ഇതുവരെ പ്രസിദ്ധപ്പെടുത്തിക്കണ്ട പ്രകാരം 40 കോടിയല്ലെന്നും, നേരെ മറിച്ചു 70 കോടിയാണെന്നും ലണ്ടനിലെ "നിയർ ഈസ്റ്റ്" എന്ന പത്രം പ്രസ്താവിക്കുന്നു. അൽ—അമീൻ അതു ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു:—

ഉത്തരാഫ്രിക്ക	29,46,80,000
പശ്ചിമാഫ്രിക്ക	20,1,11,000
പൂർവ്വയൂറോപ്പ്	71,02,000
ദക്ഷിണാഫ്രിക്കയും —മദ്ധ്യാഫ്രിക്കയും കൂടി	92,80,000
പൂർവ്വാഫ്രിക്ക	92,57,000
സോവിയറ്റ്റഷ്യാ	123,25,000
മലയാ	20,340,92
ഇൻഡോ ചൈനായും —അടുത്ത ചില ദേശങ്ങളും	959,85,000
ഇന്ത്യാ	891,18.514
ചൈനാ	298,00,000
ഏഷ്യാമൈനാവും പരിസര രാജ്യങ്ങളും	317,20,000
മറവ രാജ്യങ്ങളും	946,58,027
ആകെ	69,60,70,633

———



കാഴ്ചക്കുറവു

ലോകത്തുള്ള ആകെ ജനസംഖ്യയുടെ അഞ്ചിൽ ഒന്നു അതായതു 250,000,000, ആളുകൾ കാഴ്ചക്കുറവുള്ളവരാണ്.

* * *

നിയമവിരുദ്ധം

ഫ്രാൻസിൽ ജീവരക്ഷാഭോഗ സംഘങ്ങൾ നിയമവിരുദ്ധമാക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു ഒരു തരം ചൂതുകളിയെന്നായിരുന്നു കരുതി പോന്നതു്.

* * *

വിമാനങ്ങളിൽ ടെലഫോൺ

അമേരിക്കയിൽ വിമാനങ്ങളിൽ ടെലഫോൺ ഘടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഇതുനിമിത്തം വിമാനങ്ങളിൽ സഞ്ചരിക്കുന്നവർക്കു അവരുടെ ആഫീസുമായി സംസാരിക്കുന്നതിനു സൗകര്യം ലഭിക്കുന്നതാണ്.

* * *

മത്സ്യവും മനുഷ്യനും

കെയിംബ്രിഡ്ജ് സർവകലാശാലയിലെ പ്രഫസറായ ജേംസ് പ്രേ പറയുന്നതു മനുഷ്യന്റെ ബുദ്ധിയോട് കിടപിടിക്കത്തക്ക ബുദ്ധി മത്സ്യത്തിനും ഉണ്ടെന്നാണ്. സൃഷ്ടികളിൽവെച്ചു ഏറ്റവും ബുദ്ധിയുള്ളതു് മനുഷ്യക്കാണെന്നുള്ള വിശ്വാസം തെറ്റാണെന്നും അദ്ദേഹം പറയുന്നു.

* * *

തീകെടുത്തുവാൻ

തീ അണയ്ക്കുവാൻ, ഉപയോഗിക്കാവുന്ന ഒരു പുതിയ ദ്രാവകം വെയിൽസിൽ ഒരാൾ കണ്ടുപിടിച്ചിരിക്കുന്നു. ഇതുമൂലം പെട്രോളോ മറ്റോ ഉപയോഗിച്ചു ഓടുന്ന ഏതുതരം വാഹനത്തിനും അഗ്നിഭയത്തിന്റെ അവകാശമില്ലാതായിതീർന്നിരിക്കുന്നു. ഏതു തീയും ഈ ദ്രാവകം ഒഴിച്ചു ക്ഷണനേരംകൊണ്ട് അണയ്ക്കാവുന്നതാണ്.

* * *

ഇരുമ്പിന്റെ അകംകാണാം

ലണ്ടൻപട്ടണത്തിലെ ഒരു ലാബറട്ടറിയിൽ 250000 വോൾട്ടശക്തിയുള്ള ഒരു എക്സ്റേ യന്ത്രമുണ്ട്. എത്രവണ്ണമുള്ള ഇരിമ്പുകട്ടികളുടേയും ഉള്ളു് ഇതിൽക്കൂടി കാണാൻകഴിയും. ഇരിമ്പുസാമാനങ്ങളുടെ നിർമ്മിതിയിൽ വല്ല കൃത്രിമവും ഉപയോഗിച്ചിട്ടുണ്ടോ എന്നു വ്യവസായലോകം ഈതരം എക്സ്റേയന്ത്രങ്ങൾ ഉപയോഗിച്ചു കണ്ടുപിടിച്ചുവരുന്നു.

* * *

നിരോധനം

ബർളിനിലെ റപ്രൻസെലാർ ബെർഗുപാക്കിൽ ആര്യവംശജർക്കു ഇരിക്കുവാനുള്ള ബഞ്ചുകളിൽ ജൂതന്മാർ ഇരിക്കുവാൻ പാടില്ലെന്നു നിരോധിക്കുന്ന നോട്ടീസുകൾ ഒട്ടിച്ചിട്ടുണ്ട്. പാർക്കിലുള്ള 100-ബഞ്ചുകളിൽ 92-ം ഇങ്ങിനെ നിരോധിക്കപ്പെട്ടതാണ്. സ്ഥലവാസികളായ പലരുടേയും പരാതി നിമിത്തമാണ് ഈ നിരോധനം നടപ്പിൽ വരുത്തിയിട്ടുള്ളതു്. മറ്റു മുൻസിപ്പാലിറ്റികളിലും ഈ വ്യവസായം നടപ്പിൽ വരുത്തുന്നതു അഭിലഷണീയമാണെന്നു ഒരു പത്രം അഭിപ്രായപ്പെട്ടിരിക്കുന്നു.

* * *

വക്കീലിനുവേണ്ടി പരസ്യം

ന്യൂയാക്കിലെ ഒരു കോടീശ്വരനും യുവാവും ആയ ടാമി മാൻവിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ന്യൂയാക്കിലെ രണ്ടു പത്രങ്ങളിലെ ഓരോ മൂഴുവൻ പുറമുള്ള ഈ പരസ്യങ്ങൾക്കുവേണ്ടി അയാൾക്കു 2000 പവൻ ചിലവുണ്ട്. തന്റെ നാലാംവിവാഹത്തിൽ നിന്നും വിജയപൂർവം മോചനം സമ്പാദിച്ചു കൊടുക്കുവാൻ ഒരു വക്കീലിനെ അപേക്ഷിച്ചു കൊണ്ടുള്ളതാണ് പരസ്യം. ബ്രാഡ്വേയിലെ സൗന്ദര്യറാണി ആയിരുന്ന ഒരു സ്ത്രീയാണ് ഭാര്യ. ഇതിനുമുമ്പു പലപ്പോഴും ഈ ദമ്പതികൾ പിരിയുകയും വിണ്ടും രാജിയാകുകയും ചെയ്തിട്ടുണ്ട്. ഇപ്രാവശ്യം അവസാനമായി പിരിയണമെന്നതന്നെ അദ്ദേഹം തീരുമാനിച്ചിരിക്കുന്നു.

* * *

പഞ്ഞിയിൽനിന്നും കമ്പിളി

പഞ്ഞിയിൽനിന്നും കമ്പിളി ഉണ്ടാക്കാമെന്നു ഡാക്ടർ വാൾട്ടർ. എം.സ്കൂട്ട് എന്ന അമേരിക്കയിലുള്ള ഒരുരസതന്ത്രജ്ഞൻ കണ്ടുപിടിച്ചിരിക്കുന്നു. ക്ഷീരവായുവിനോടുകൂടി താമ്രഉസ്മം ചേർത്തുണ്ടാക്കുന്ന ഒരു മിശ്രദ്രവ്യത്തിൽ പഞ്ഞിമുക്കിഎടുത്തു ചില ശാസ്ത്രീയ പ്രയോഗങ്ങൾ നടത്തുമ്പോൾ പഞ്ഞി നിറത്തിലും, രൂപത്തിലും പ്രയോജനത്തിലും കമ്പിളിപോലെ ആയിത്തീരുന്നു എന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു.

* * *

ഏറ്റവും ചെറിയ വർത്തമാനപ്പത്രം

ഏറ്റവും അത്ഭുതകരമായ ഒരു വർത്തമാനപ്പത്രം അമേരിക്കയിൽ ഐക്യസംസ്ഥാനത്തുള്ള റിച്ച്മണ്ട് എന്ന സ്ഥലത്തു ആരംഭിച്ചിരിക്കുന്നു. ലോകത്തിലേക്കും വെച്ചു ഏറ്റവും ചെറിയ വർത്തമാന പത്രവും ഇതുതന്നെയാണ്. പത്തും പതിനൊന്നും വയസ്സു പ്രായമുള്ള രണ്ടു കുട്ടികളാണ് അതിന്റെ പ്രസാധകന്മാർ. പത്രറിപ്പോർട്ടേഴ്സും എല്ലാം സ്ത്രീകളാണ്. സ്ത്രീകളെ മാത്രം റിപ്പോർട്ടേഴ്സായി നിയമിക്കുന്നതു എന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ, ആണുങ്ങളെ നിയമിക്കുവാൻ നിവൃത്തിയില്ലെന്നും പെണ്ണുങ്ങളാണെങ്കിൽ ആദ്യയിൽ അവർക്കു രണ്ടു സെൻറ് വീതം പ്രതിഫലം കൊടുത്താൽ മതിയെന്നും അതിനും പുറമെ അവർ കാണാൻ കൗതുകമുള്ളവരാണെന്നും പ്രസാധകന്മാർ സമാധാനം പറഞ്ഞു. ഒറ്റപ്രതിക്കു അഞ്ചുസെൻറ് വിലയാണ്. ആദ്യത്തെ പതിപ്പു ഏകദേശം ഒരു പവനുവേണ്ടി വിറ്റിട്ടുണ്ട്.

* * *

മകളെ വന്ധ്യയാക്കിയെന്നു്

സാൻഫ്രാൻസിസ്കോയിലെ ഒരു കോടീശ്വരന്റെ പുത്രിയായ ആനിക്രപ്പർ ഹീവിറ് അവളുടെ അമ്മയുടെ പേരിൽ ഒരു ലക്ഷം പവൻ നഷ്ടപരിഹാരം കിട്ടുന്നതിനു ഒരു വ്യവഹാരം കൊടുത്തിരിക്കുന്നു. ഈ യുവതി ഇരുപതുലക്ഷം പവന്റെ അവകാശിയാണ്. തന്റെ പിതാവിന്റെ ഒസ്യത്തു പ്രകാരം ഹീവിറ് വന്ധ്യയായി മരിക്കുന്നു എങ്കിൽ അദ്ദേഹത്തിന്റെ സ്വത്തിനു അവളുടെ മാതാവു അവകാശി ആയിത്തീരുന്നതാണ്. ഈ സ്വത്തു അപഹരിക്കണമെന്നുള്ള ദുഷ്ടവിചാരത്തോടുകൂടി തന്റെ മാതാവും രണ്ടു ഡാക്ടർമാരും കൂടി ഒരു ശസ്ത്രക്രിയനടത്തി അവളെ വന്ധ്യയാക്കിത്തീർത്തു എന്നും അതുകൊണ്ടു നഷ്ടപരിഹാരം കിട്ടണമെന്നുമാണ് ഹീവിറിന്റെ കേസ്. ഹീവിറു ഇപ്പോൾ ഒരു കാമുകനോടുകൂടി ഒളിച്ചോടിപ്പോവുകയും അദ്ദേഹത്തെ വിവാഹം കഴിക്കുകയും ചെയ്തിരിക്കുന്നു.

* * *

സ്വപ്നം നിമിത്തം മരണം

ഇംഗ്ലണ്ടിൽ അത്ഭുതകരമായ ഒരു മരണമൊഴി രേഖപ്പെടുത്തിയിരിക്കുന്നു. ജാൺമുള്ളിഗൻ എന്ന പേരായ അറുപത്തിനാലു വയസ്സുപ്രായമുള്ള ഒരു വൃദ്ധൻ തന്റെ മുറ്റത്തു കിടന്ന ചക്രശ്വാസം വലിക്കുന്നതു കാണുകയുണ്ടായി ആശുപത്രിയിലേക്കു അയാളെ നീക്കം ചെയ്യപ്പെട്ടപ്പോൾ നട്ടെല്ലു പൊട്ടിപ്പോയതായി കാണപ്പെട്ടു. ശസ്ത്രക്രിയക്കുശേഷം വൃദ്ധൻ പറഞ്ഞതു്, താൻ മുകളിലത്തെ നിലയിൽ കിടന്നുറങ്ങുകയായിരുന്നു എന്നും, ഉറക്കത്തിൽ ഒരു കോലാട്ടു ഇടിക്കുന്നതിനായി അയാളെ കിടക്കയ്ക്കു പുറം ഓടിച്ചു എന്നും, ഒടുവിൽ ജനാലയിൽ കൂടി ആട്ടു തന്നെ ഇടിച്ചു പുറത്തിട്ട എന്നും ആയിരുന്നു. വളരെ താമസിയാതെ വൃദ്ധൻ മൃതിയടഞ്ഞു.

* * *

യുവാവിന്റെ ധർമ്മസങ്കടം

ഹംഗേറിയിലെ ഒരു യുവാവു ഒരേസമയം രണ്ടു യുവതികളെ സ്നേഹിച്ചു. അതിസുന്ദരികളായിരുന്ന അവരിൽ ആരെയാണ് വിവാഹം കഴിക്കേണ്ടതെന്നറിയാതെ അയാൾ കുഴങ്ങി. ഒടുവിൽ ആത്മഹത്യ അയാൾക്കു ആശ്വാസം അരുളി.

* * *

അനുരാഗികൾ സൂക്ഷിക്കണം

സ്നേഹം ആലക്തിക ശക്തികൊണ്ടു അളന്നു തിട്ടപ്പെടുത്താമെന്നു കണ്ടുപിടിച്ചിരിക്കുന്നു. സ്റ്റാൻസ്ഫോ യൂണിവേർസിറ്റിയിലെ പ്രൊഫസറായിരുന്ന റാബട്ട് എച്ച് ദൗലാസാണ് ഈ യന്ത്രം കണ്ടുപിടിച്ചതു്. നമ്മുടെ ശരീരത്തിൽ ഘടിപ്പിച്ചു കൊണ്ട് ഈ യന്ത്രംവഴി നമ്മുടെ ഹൃദയവികാരങ്ങളെ അളക്കുവാനാകുന്നതാണു. ഈയന്ത്രത്തിൽ ഒരു സൂചിയുണ്ട്. ഓരോരുത്തരേയും പറ്റി നിങ്ങൾക്കുള്ള സ്നേഹത്തിന്റെ ആഴം ഈ സൂചി കുറിക്കുന്നു. ഒരിക്കൽ ഈ യന്ത്രം ഒരു യുവാവിന്റെ ശരീരത്തിൽ ഘടിപ്പിച്ചുകൊണ്ടു അയാൾ സ്നേഹിക്കുന്നു എന്നു പറഞ്ഞ അനേകം യുവതികളുടെ പേരുകൾ പറയപ്പെട്ടു. യഥാർത്ഥത്തിൽ അയാൾ സ്നേഹിക്കുന്ന സ്ത്രീയുടെ പേരു പറഞ്ഞപ്പോൾ സൂചി അളവു കാണിച്ചു കൊണ്ടിരുന്ന സ്ക്രീയിലിൽ നിന്നും തെറിച്ചു പോകയാണുണ്ടായതു. ഈ പുതിയ കണ്ടുപിടിത്തം കപട സ്നേഹംകൊണ്ടു വഞ്ചനക്കൊരുങ്ങുന്നവരുടെ ഉദ്യമങ്ങളെ വിഫലങ്ങളാക്കി തീർക്കുന്നതാണ്.

———

ചിരിയും ചിന്തയും

വീട്ടുടമസ്ഥൻ--(ദന്തവൈദ്യനോട്) നിങ്ങൾ വാടകയോ തരുന്നില്ല. അതിനു പകരം എന്തെങ്കിലും ചെയ്യുകൂടെന്നുണ്ടോ?

ദന്തവൈദ്യൻ—എന്നൊക്കൊണ്ടു നിങ്ങളുടെ പല്ലെല്ലാം പറിപ്പിക്കാനാണോ ഭാവം?

* * *

ഒരു വിദ്യാർത്ഥി—കോളേജിൽ വച്ചുള്ള പുകവലി നിറുത്താൻ പ്രിൻസിപ്പാൾ തീരുമാനിച്ചിരിക്കുകയാണ്.

മറെറാരുവിദ്യാർത്ഥി—അപ്പോൾ നമ്മുടെ പുകവലി നിറുത്താനായിരിക്കുമെന്നു തോന്നുന്നു അദ്ദേഹത്തിന്റെ ഇനിയത്തെ ഉദ്യമം.

* * *

ഭാര്യ—നിങ്ങളറിഞ്ഞോ ഇന്നു നമ്മുടെ നായികമണി ഭിത്തിയിൽ നിന്നു വീണു്. ഒരു രണ്ടു മിന്നിട്ടിന്റെ താമസം; അല്ലെങ്കിൽ അമ്മയുടെ തലപൊട്ടിപ്പോകുമായിരുന്നു.

ഭർത്താവ്—ഞാൻ എന്നോ പറയുന്നു അതിനു രണ്ടുമിന്നിട്ടുതാമസമുണ്ടെന്നു്.

* * *

ഒന്നാമൻ—മി: സി. കേശവന്റെ അനുമോദനങ്ങളെയും മറവും "പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല" എന്നു ഒരു ഡാക്ടർ മധുസൂദനൻ പ്രസംഗിച്ചിരിക്കുന്നല്ലോ. എന്താ സംഗതി?

രണ്ടാമൻ—എം. ബി. ബി എസ്. പാസായി നില്ക്കുവല്ലേ. പ്രതിഷേധിച്ചാൽ വല്ല നിവൃത്തിയുമുണ്ടാകുമോ എന്നു നോക്കുകയാണ്.

* * *

വക്കീൽ—(വിവാഹമോചനത്തിനു മാർഗ്ഗം അന്വേഷിച്ചുവന്ന ഒരു നടിയോടു്) ഫീസ് സാരമില്ല. നിങ്ങളായതുകൊണ്ടു് ഒരു 500രൂപ തന്നാൽമതി.

നടി—ന്യൂനരൂപ ചിലവാക്കാമെന്നുണ്ടെങ്കിൽ തോക്കിന്റെ നിറയൊഴിച്ചു ധൈര്യമായി നിന്നുകൂടെ?

* * *

ഒരു വൃദ്ധകപ്രമാണി ഒരിക്കൽ ഒരു നാടകക്കാരിയിൽ ഭ്രമിച്ചുവശായി. വിവാഹം കഴിക്കുന്നതിനു മുമ്പായി അവളുടെ പൂർവ്വവൃത്താന്തം അറിയാനായി അയാൾ ഒരു ചാരസംഘത്തെ നിയോഗിച്ചു. അവരുടെ നിപുണമായ ശ്രമഫലമായി അയാൾക്കു ലഭിച്ച വിവരം ഇതായിരുന്നു:—

"അവൾക്കു പ്രശസ്തമായ ഒരു പരാമ്പര്യമുണ്ടു്. ഉത്തമന്മാരായ സ്നേഹിതന്മാരും വളരെയുണ്ടു്. അവളെപ്പറ്റി എന്തെങ്കിലും ദോഷമായി പറയാനുണ്ടെങ്കിൽ അതു് അവൾ ഈയിടെ സംശയിക്കപ്പെടുന്നുണ്ടെന്നുള്ളതു മാത്രമാണു്."

* * *

കാമുകൻ—നിങ്ങൾ വലിയ കഠിനചിത്തയാണു്. ഇനി ഞാൻ വിവാഹംവേണ്ടെന്നു വയ്ക്കുകയേയുള്ളൂ.

ആ വാചകം ആ യുവതിക്കു കൂടുതൽ ഇഷ്ടമായി വാക്കി. അവൾ മന്ദഹസിച്ചുകൊണ്ടു്—

"ഞാൻ ഉപേക്ഷിച്ചതുകൊണ്ടു് മറെറാരുവരും നിങ്ങളെ ഉപേക്ഷിക്കണമെന്നില്ലല്ലൊ."

കാമുകൻ—അങ്ങനെയല്ല, നിങ്ങൾപോലും എന്നെ വേണ്ടെന്നുവച്ച സ്ഥിതിക്കു ലോകത്തിൽ മറെറാരാണു് എന്നെ വേൾക്കാൻ ഒരുമ്പെടുന്നതു്.

* * *

ഉടുപ്പുകൾ അഴിച്ചുവച്ചു കുളക്കടവിൽ കുളിക്കാൻ ഭാവിക്കുന്ന യുവതിയോടു്—

കാൻസ്റ്റബിൾ—ക്ഷമിക്കണം. ഇവിടെ കുളിക്കാൻ പാടില്ല; ചട്ടത്തിനു വിരോധമാണു്.

യുവതി—(കുപിതയായി) അതു നിങ്ങൾക്കു നേരത്തെ പറഞ്ഞുകൂടായിരുന്നോ?

കാൻസ്റ്റബിൾ—(ചിരിച്ചുകൊണ്ടു്) ഉടുപ്പും മറവും അഴിച്ചുവയ്ക്കുന്നതു് ചട്ടത്തിനു വിരുദ്ധമല്ല.

* * *

സൂക്ഷിപ്പുകാരൻ—ഈ ബഞ്ചാവിനകത്തു നിങ്ങൾ ഇപ്പോൾ കടക്കരുതു്. ഇതിനകത്തു പുകവലി പാടില്ല.

ആഗതർ—"ഞങ്ങളാരും പുകവലിക്കുന്നില്ലല്ലോ. സൂക്ഷിപ്പുകാരൻ—ഇല്ല, ഞാൻ വലിക്കുന്നതു കണ്ടില്ലേ?

* * *

"എന്റെ ഭർത്താവിനു് പട്ടിയെ ഇഷ്ടമില്ലെങ്കിൽ ഇതിനെ ഞാൻ വാങ്ങിച്ചുകൊള്ളാമായിരുന്നു"

വ്യാപാരി—നിങ്ങൾക്കു വേണമെങ്കിൽ ഭവതിയുടെ ഭർത്താവിനെക്കിട്ടും; എന്നാലും ഇതുപോലൊരു പട്ടിയെ കിട്ടുകയില്ല.

എസ്. എൻ. ഡി. പി. യോഗം ബോഡുമീററിംഗ്

111ാ തുലാം 22-ാംതീ ഞായറാഴ്ച പകൽ 10-മണിക്കു് യോഗംആഫീസിൽ വച്ചുകൂടിയ യോഗം ഡയറക്ടർമാരുടെ ബോർഡുമീററിംഗിന്റെ പ്രൊസീഡിംഗ്സ്.

രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും 28 മെംബർമാർ ഹാജരുണ്ടായിരുന്നു.

ആദ്യമായി മി: സി. വി. കുഞ്ഞുരാമൻ സത്യപ്രതിജ്ഞചെയ്തു. സർവ്വസമ്മതപ്രകാരം മി: സി. വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. അനന്തരം താഴെ പറയുന്ന മെംബർമാർ സത്യപ്രതിജ്ഞചെയ്തു.

1. മി: സി. കേശവൻ
2. മി: പി. ആർ. അച്യുതൻ
3. മി: എം. പദ്മ

അജൻറായിലെ ഒന്നാമത്തെ ഐററമായ "മി: സി. കേശവനെ ചാർജ്ജ് ഏൽപ്പിക്കുന്നകാര്യം" ആലോചനയ്ക്കെടുത്തു. അതിനെ സംബന്ധിച്ചു് മി: കെ. ആർ. നാരായണന്റെ ഒരു കത്തു് ആക്ററിംഗു ജനറൽസെക്രട്ടറി മി: വി. കെ. വേലായുധൻ ബോർഡിൽ വായിച്ചു മി: സി. കേശവൻ ചാർജ്ജേൽക്കണമെന്നു് ആ: ജനറൽസെക്രട്ടറി അഭിപ്രായപ്പെട്ടു. ഇതിനെ സംബന്ധിച്ചു് ഡിസ്കഷൻ ആവശ്യമില്ലെന്നു് മി: കെ. ജി. ഗോവിന്ദൻ അഭിപ്രായപ്പെട്ടു. തുടർന്നു മി: സി. കേശവൻ സംസാരിച്ചു. അദ്ദേഹത്തിനു ചാർജ്ജേൽക്കുവാൻ നിവൃത്തിയില്ലെന്നു് ചില കാരണങ്ങൾ സഹിതം പറഞ്ഞു. അതേതുടർന്നു ഡിസ്കഷൻ ആരംഭിച്ചു. പിന്നീടു് താഴെപറയുന്ന നിശ്ചയം സർവ്വസമ്മതപ്രകാരം പാസ്സാക്കി.

1. ജനറൽസെക്രട്ടറി ഉദ്യോഗം ചാർജ്ജേൽക്കുന്നതിനു് ചില അസൗകര്യങ്ങളുണ്ടെന്നു് മി: സി കേശവൻ ബോർഡിനെ തൃപ്തികരമാംവണ്ണം ബോദ്ധ്യപ്പെടുത്തുകയാൽ മി: വി. കെ. വേലായുധൻതന്നെ ജനറൽസെക്രട്ടറിയായി തുടർന്നുപോകണമെന്നു ഈ ബോർഡു തീരുമാനിക്കുന്നു. 1—25നു് വീണ്ടും കൂടുവാനായി പിരിഞ്ഞു. 2—25നു് വീണ്ടും മീററിംഗു് മി: സി. വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ കൂടി. താഴെ പറയുന്ന നിശ്ചയങ്ങൾ പാസാക്കി.

പബ്ലിക്കു് സർവ്വീസിൽ സമുദായ പ്രാതിനിധ്യവിഷയമായി ഈഴവർക്കുള്ള അവശതകൾക്കു് ഇതേവരെ പരിഹാരമുണ്ടായിട്ടില്ലാത്തതിനാൽ സംയുക്ത കാൺഗ്രസ്സുമായുള്ള സഹകരണത്തിൽ സമുദായം ഇതുവരെ നിന്നതുപോലെ ഉറച്ചുനില്ക്കണമെന്നു് ഈ ബോർഡ് സമുദായത്തെ ഉൽബോധിപ്പിക്കുന്നു.

അവതരിപ്പിച്ചു മി: കെ. എൻ. കുഞ്ഞുകൃഷ്ണൻ
പിന്താങ്ങി മി: കെ. എ. ശങ്കരൻ

3. എസ്. എൻ. ഡി. പി. യോഗത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചു്, സമുദായമദ്ധ്യത്തിൽ തെററിദ്ധാരണകളെ ജനിപ്പിക്കുന്നതിനു വേണ്ടി ചിലയാളുകൾ നടത്തിവരുന്ന കുത്സിതമായ പ്രചരണങ്ങളെ പ്രതിഷേധിച്ചു് ഒരു സ്ഥിരവർമ്മൻ ജനറൽസെക്രട്ടറി ഉടൻതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു് ഈ ബോർഡ് തീരുമാനിക്കുന്നു.

ഹാജരാക്കി മി. പി. എം. മാധവൻ
പിന്താങ്ങി മി. കെ. കേശവൻ
സർവ്വസമ്മതപ്രകാരം പാസാക്കി.

4. ഹിന്ദുസംഘടനയെ സംബന്ധിച്ചു്, ഏതെങ്കിലും വ്യവസ്ഥകളിന്മേലായാൽ ഈഴവസമുദായത്തിനു് ഇതരഹിന്ദുക്കളുമായി യോജിച്ചു് പ്രവർത്തിക്കാമെന്നു് സംഘടനയുടെ നേതാക്കന്മാരുമായി ആലോചിച്ചു് ഒരു റിപ്പോർട്ടു് ഈ ബോർഡിൽ സമർപ്പിക്കുന്നതിനു് താഴെപറയുന്നവരെ ഒരു കമ്മറിയായിനിയമിക്കുന്നു.

കമ്മറി

1. മെ: സി. വി. കുഞ്ഞുരാമൻ (കൺവീനർ)
2. ,, എം. എസ്. അനിരുദ്ധൻ
3. ,, കെ. എൻ. കുഞ്ഞുകൃഷ്ണൻ
4. ,, കെ. കേശവൻ
5. ,, വി. ആർ. നായർ

ഹാജരാക്കി മി: ഏ. കെ. ഗോവിന്ദൻ
പിന്താങ്ങി ഡാക്ടർ സി. ഐ. രുക്മിണിഅമ്മ
നിശ്ചയം വോട്ടിനിട്ടു് 16 പേർ അനുകൂലിച്ചു. 5. പേർ പ്രതികൂലിച്ചു. 2. പേർ നിഷ്പക്ഷനില അവലംബിച്ചു.

ഭൂരിപക്ഷസമ്മതപ്രകാരം പാസ്സാക്കി.

മറെറാസന്ദർഭകം സമയക്കുറവുകൊണ്ടു് അടുത്ത ബോർഡിലേയ്ക്കു് മാററിവച്ചു.

—o—

TRAVANCORE NATIONAL & QUILON BANK LTD

(Amalgamating the Travancore National Bank Ltd., and The Quilon Bank Ltd.)

(INCORPORATED IN TRAVANCORE—1912)

Over 70 branches and a large organisation at the service of the public.

Banking business of every description undertaken.

For rates, terms etc. application may be made to any office of the Bank.

C. P. Mathen,
K. M. Eapen,
MANAGING DIRECTORS

K. S. Ramanujam,
GENERAL MANAGER

Reg. No. T. 199 License N[illegible], dated 15th July 1937

WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

തിങ്കളാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

പുസ്തകം 1 | തിരുവനന്തപുരം, 1113 ഉല്ലാം 30 തീയതി | ലക്കം 7

1936-ലെ പുതിയ വ്യാപാരം

10 കോടിയിൽ കൂടുതൽ

പൊതുജനങ്ങളുടെ വിശ്വാസമാണ് ഈ പ്രാവൃത്തിന്റെ രഹസ്യം

ധനികനും ദരിദ്രനും, ഒരുപോലെ അവിതക്കിതമായ് ഉതകുന്ന ഒരു നിക്ഷേപമാണ് രക്ഷാഭോഗപദ്ധതി. തന്റെ മരണശേഷം തന്റെ ആശ്രയത്തിലുള്ളവർക്ക് താൻ ഉദ്ദേശിക്കുന്ന മുഴുവൻ ധനവും ഈ പദ്ധതി ആദ്യമായ് തന്നെ ഉറപ്പിക്കുന്നു. ഈ ഗുണം വേറെ നിക്ഷേപങ്ങളിൽനിന്നും ലഭ്യമല്ല.

വിവേചനാശീലമുള്ള പൊതുജനങ്ങളും "ഓറിയൻറൽ" ജീവിതരക്ഷാഭോഗപാളിസികളും വർഷാവർഷം എടുക്കുന്നതുതന്നെ കമ്പനിയുടെ വ്യാപാരവലിപ്പത്തേയും അതിന്റെ ശക്തിയേയും അതു തരുന്ന നിസ്തുല്യ ഉറപ്പിനേയും കാണിക്കുന്നു.

"ഓറിയൻറൽ" പാളിസിയിൽ ഇപ്പോൾ തന്നെ ധനത്തെ നിക്ഷേപിക്കുക.

ഓറിയൻറൽ

ഗവണ്മെൻറ് സെക്യൂരിറ്റി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ സ്ഥാപിച്ചതു് ഹെഡാഫീസ് : ബോംബേ

കൂടുതൽ വിവരത്തിന്

ബ്രാഞ്ച് സെക്രട്ടറി, ഓറിയൻറൽ ലൈഫ് ആഫീസ്,

67-68, മെയിൻറോഡ്, തിരുവനന്തപുരം

എന്ന വിലാസത്തിൽ അപേക്ഷിക്കുക.

സ്വരാജ്യ ഫാർമസി

(രജിസ്റ്റർ ചെയ്യപ്പെട്ടതു്)

ഹെഡ് ആഫീസ് : ആലുവാ (തിരുവിതാംകൂർ)

"ദക്ഷിണേന്ത്യയിലെമാതൃകാവൈദ്യസ്ഥാപനം"

ഇന്ത്യയിലും ഇതരരാജ്യങ്ങളിലും ഒരുപോലെ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചിട്ടുള്ള ഞങ്ങളുടെ ആയുർവേദ ഔഷധങ്ങൾ വരുത്തി ഉപയോഗിപ്പിൻ

രോഗവിവരം വിശദമായി അറിയിക്കുന്നതായാൽ ശാസ്ത്രീയമായി ചികിത്സ നിശ്ചയിച്ചു് ഔഷധങ്ങൾ വി. പി. മൂലം അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ് ക്യാറലോഗുകൾക്കെഴുതുക

ബ്രാഞ്ചുകൾ

പാലക്കാടു എറണാകുളം

ഇന്ദിരാ ബുക്കുഡിപ്പോ

പേട്ട—തിരുവനന്തപുരം

വില്പനയ്ക്കു തയ്യാറുള്ള പുസ്തകങ്ങൾ

ശ്രീ. സി. വി. കുഞ്ഞുരാമന്റെ കൃതികൾ

	രൂ. ണ. സ.
1. പഞ്ചവടി (നോവൽ)	1 - 0-0
2. ശ്രീകോവിൽ	0 - 4-0
3. രാഗപരിണാമം	0 - 6-0
4. ഉണ്ണിയാർച്ച	0 - 6-0
5. മാലൂത്തണ്ടാൻ	0 - 3-0
6. ഒരുനൂറാണ്ടിനുമുമ്പു്	0 - 2-0
7. ഞാൻ നമ്പൂതിരിയായാലോ?	0 - 2-0

ശ്രീ. കെ. ദാമോദരൻ ബി.എ. യുടെ കൃതികൾ

1. ഓമന	0-12-0
2. ഇന്ദിര	1 - 0-0
3. പ്രണയപാശം	1 - 0-0
4. ചന്ദ്രപീഡ	0 - 4-0
5. ഹൃദയകലിക	0-12-0
6. ഈഴവചരിത്രം	1 - 0-0
7. ഈഴവരുടെ ഇതിഹാസം	0-12-0
8. പുരാവൃത്തങ്ങൾ	0 - 6-0
9. സ്നേഹശൃംഖല	0 - 2-0

ശ്രീ. എ. ചക്രപാണി ബി.എ. യുടെ കൃതികൾ

1. ശ്രീബുദ്ധചരിതം	0-12-0
2. ലളിത	0 - 6-0

കെ. കെ. രാഘവപ്പണിക്കരുടെ കൃതികൾ

1. തപ്തബാഷ്പം	0 - 6-0
2. സതി	0 - 2-0

Printed & Published by V. Vasudevan at the Indira Printing Works, Pettah, Trivandrum